PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

FIRST SESSION - 1953.

Wednesday, the 4th March, 1953.

Vol. VIII. Official Report No. 7

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Wednesday, the 4th March, 1953, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

നൂൽവില.

*൧൩൭ [൧] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നെയ്ത്തുകാർക്ക് കിട്ടുന്ന നൂലിന്റെ വില എക്സ്മിൽ വിലയിൽനിന്നും എത്ര ശതമാനം കൂടുതലാണ്;

(ബി) ഈ വിലക്കൂടുതൽ ഇല്ലാതാക്കിക്കിട്ടാൻ കേന്ദ്രഗവണ്മെന്റുമായി വല്ല എഴുത്തുകുത്തുകളും നടത്തിയിട്ടുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) നെയ്ത്തുകാർക്ക് കിട്ടുന്ന നൂലിന്റെ വില എക്സ്മിൽ വിലയിൽനിന്നും ഒൻപതു ശതമാനം കൂടുതലാണ്.

(ബി) ഇല്ല.

ശ്രീ. ആർ. ഗംഗാധരൻ: ഈ ഒൻപതു ശതമാനം വിലക്കൂടുതൽ ഇപ്പോൾ ഉണ്ടെന്നു പറയുന്നതു മുൻപ് എത്ര ശതമാനമായിരുന്നു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പതിനഞ്ചുശതമാനമായിരുന്നു. അതു ഇപ്പോൾ ഒൻപതു ശതമാനമായിട്ടു കുറവുചെയ്യുകയാണുണ്ടായതു.

ശ്രീ. ആർ. ഗംഗാധരൻ: ഇപ്രകാരം കുറയ്ക്കാൻ കാരണമെന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നൂലിന്റെ വിലയ്ക്കു ഇപ്രകാരം കുറവു വന്നിട്ടുള്ളതുകൊണ്ടാണു്.

ശ്രീ. ആർ. ഗംഗാധരൻ: ഇങ്ങനെ കുറവുവരുത്തിയതു ഈ ഗവൺമെന്റിന്റെ ശുപാർശ അനുസരിച്ചാണോ, കേന്ദ്രഗവൺമെന്റിന്റെ ശുപാർശ അനുസരിച്ചാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ഗവൺമെന്റിന്റെ ശുപാർശ അനുസരിച്ചാണു്.

ശ്രീ. ആർ. ഗംഗാധരൻ: ഇതുമൂലം നെയ്ത്തുകാർക്കു ബുദ്ധിമുട്ടുണ്ടാകുന്നതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നെയ്ത്തുകാർക്കു നൂൽ വിതരണം ചെയ്യുന്നതു സഹകരണസംഘങ്ങൾ വഴിയാണു്. ഈ സഹകരണസംഘങ്ങൾക്കു കൊടുക്കുന്ന പ്രോഫിററ് ആണിതു്. ചില സന്ദർഭങ്ങളിൽ നൂൽ ധാരാളമായി ലഭിക്കുമ്പോൾ എക്സ്മിൽ പ്രൈസിനു തന്നെ നെയ്ത്തുകാർക്കു നൂൽ കിട്ടാൻ സാധിക്കും. സഹകരണസംഘങ്ങൾവഴി നൂൽ വിതരണം ചെയ്യുന്നതു സൗകര്യപ്രദമായിരിക്കുമെന്നു കരുതിയാണു അപ്രകാരം ചെയ്യുന്നതു്. ഈ ഒൻപതു ശതമാനമെന്നുള്ളതു ആറേകാൽ ശതമാനമായിട്ടു കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടു്. അതിലേയ്ക്കുള്ള ആർഡർ അടുത്തുതന്നെ വരും.

Shri A. A. D. Luiz: Are the prices on the same level as they are in other States?

Shri Panampilli Govinda Menon: I think so.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: നെയ്ത്തുകാർക്കു കൊടുക്കുന്ന വ്യവസ്ഥയനുസരിച്ചാണോ അരയന്മാർക്കും വലകെട്ടാൻ നൂൽ കൊടുക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അരയന്മാർക്കു നൂൽ കൊടുക്കുന്നതും മററും ഫിഷറി ഡിപ്പാർട്ടുമെന്റു മുഖേനയാണെന്നാണു എന്റെ ഓർമ്മ.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: വിലയ്ക്കു വ്യത്യാസമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സൂക്ഷ്മമായി അറിഞ്ഞുകൂടാ.

കടയ്ക്കൽ ലഹളക്കേസ്സിലെ പ്രതികളുടെ വസ്തുക്കൾ.

* ൧൩൭. [൩] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കടയ്ക്കൽ ലഹളക്കേസ്സിലെ എത്ര പ്രതികളുടെ വസ്തുക്കൾ ഗവൺമെന്റിൽനിന്നും കണ്ടുകെട്ടിയിട്ടുണ്ടു്;

(ബി) പ്രസ്തുത പ്രതികളുടെ പേരുകളും കണ്ടുകെട്ടപ്പെട്ട വസ്തുവകകളുടെ ഇനവിവരങ്ങളുമെന്തു്;

(സി) കണ്ടുകെട്ടിയ വസ്തുക്കളിൽ ഏതെങ്കിലും തിരിച്ചുകൊടുത്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആരുടെയെല്ലാം?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്): (എ) ഒന്നു്.

(ബി) മാധവൻ ശങ്കരൻ കൊച്ചുകോണത്തു വീട്ടു്, കടയ്ക്കൽ. സർവ്വേ നമ്പർ ൩൩ ൫/൫ ൦-ൽ ഒരേക്കർ പുരയിടവും അതിലുള്ള കെട്ടിടവും.

(സി) ഉണ്ടു്.

(ഡി) ബി-യിൽ പറഞ്ഞിരിക്കുന്ന മാധവൻ ശങ്കരന്റെ വകയായ മേൽവിവരിച്ചിരിക്കുന്ന വസ്തുവും കെട്ടിടവും.

ശ്രീ. ആർ. ഗംഗാധരൻ: എല്ലാ വസ്തുക്കളും തിരിച്ചുകൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഒരാളിന്റെ വസ്തുമാത്രമെ കണ്ടുകെട്ടിയിട്ടുള്ളു. അതു തിരിച്ചുകൊടുത്തിട്ടുണ്ടു്. അതു് ൧-൮-൫൨-ൽ ആണു്.

ശ്രീ. ഇ. പി. വർഗ്ഗീസ്: ഈ വസ്തുക്കൾ കണ്ടുകെട്ടിയതു എന്തു നടപടിപ്രകാരമാണു്; കോർട്ടിലെ ഉത്തരവനുസരിച്ചാണോ?

ശ്രീ. ടി. എം. വർഗ്ഗീസ്: കടയ്ക്കൽ ലഹളക്കേസ്സു് സംബന്ധിച്ചുണ്ടായ കോടതിയുടെ ആർഡർ അനുസരിച്ചാണു്.

ശ്രീ. ഇ. പി. വർഗ്ഗീസ്: കോടതിയുടെ ഉത്തരവനുസരിച്ചാണു കണ്ടുകെട്ടിയതെങ്കിൽ ഗവൺമെന്റിനു തിരിച്ചുകൊടുക്കാൻ അവകാശമുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അവകാശമുണ്ടു്. അതിന്റെ ന്യായാന്യായങ്ങളെപ്പറ്റി ചിന്തിച്ചതിനുശേഷമാണു് ആ പ്രകാരം ചെയ്തതു്.

ശ്രീ. ആർ. കേശവപിള്ള: ഈ വസ്തുക്കൾ കണ്ടുകെട്ടിയ തീയതി അറിയാമൊ?

ശ്രീ. ടി. എം. വർഗ്ഗീസ്: അതു വേണമെങ്കിൽ അന്വേഷിച്ചു പറയാം. തിരിച്ചു കൊടുത്തതിനെപ്പറ്റിയാണു് ചോദ്യം.

ശ്രീ. വി. ശ്രീധരൻ: ഈ കേസ്സിൽപ്പെട്ട പ്രതികളെ ആരെയെങ്കിലും തൂക്കിക്കൊന്നിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഈ ചോദ്യവുമായിട്ടു ബന്ധമൊന്നുമില്ലാത്ത സംഗതിയായതുകൊണ്ടു അതിനെപ്പറ്റി അന്വേഷിച്ചിട്ടില്ല. വേണമെങ്കിൽ അന്വേഷിച്ചുപറയാം.

കയർസഹകരണസംഘം സെക്രട്ടറിമാരുടെ ശമ്പളക്കുടിശ്ശിക.

* ൮൩൩. [൪] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ സഹകരണസംഘം സെക്രട്ടറിമാരുടെ ശമ്പളം കുടിശ്ശികയായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നു മുതൽ;

(സി) കുടിശ്ശിക വരാനുള്ള കാരണമെന്തു്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്.

(ബി) പല സംഘങ്ങളിലും പല തീയതി മുതൽക്കാണു കുടിശ്ശിക വന്നിട്ടുള്ളതു്.

(സി) ചില സംഘങ്ങളെ സംബന്ധിച്ചിടത്തോളം സെക്രട്ടറിമാരുടെ ശമ്പളം വാങ്ങിക്കാൻ നിശ്ചയിച്ചിരുന്ന ഉപാധി നിറവേററാത്തതിനാൽ തടഞ്ഞുവച്ചിട്ടുണ്ടു്. മററുള്ളവയുടെ, സെക്രട്ടറിമാരുടെ പ്രവൃത്തനം നിർദ്ദിഷ്ടതോതിൽ പുരോഗമിക്കാതിരുന്നതിനാലും കൊടുത്തിട്ടില്ല.

ശ്രീ. ആർ. ഗംഗാധരൻ: എത്ര സംഘങ്ങളാണു് കുടിശ്ശിഖ വരുത്തിയിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ചോദ്യത്തിന്റെ ഉത്തരം തയ്യാറാക്കിയ ദിവസംവരെ പതിന്നാലു് സംഘങ്ങൾക്കു കുടിശ്ശിക ഉള്ളതായി അറിയാം.

ശ്രീ. ആർ. ഗംഗാധരൻ: ഈ കുടിശ്ശിക വരുത്തിയ തീയതികൾ ഏതെല്ലാമാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഓരോ സംഘത്തിനും ഓരോ തീയതിയാണു്.

ശ്രീ. ടി. കെ. ദിവാകരൻ: സെക്രട്ടറിമാരുടെ പ്രവൃത്തനങ്ങൾ തൃപ്തികരമല്ലാതെയിരുന്നതുകൊണ്ടാണു് അവർക്കു ശമ്പളം കൊടുക്കാത്തതു എന്നു പറഞ്ഞു. അവരെക്കൊണ്ടു അവർക്കു തൃപ്തികരമായ രീതിയിൽ പ്രവൃത്തനം നടത്തിക്കാൻ ഏപ്പാടുകൾ ചെയ്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവരെ സൂപ്പർവൈസ് ചെയ്യാനും അവർക്കു വേണ്ട നിർദ്ദേശങ്ങൾ നൽകാനും ഉദ്യോഗസ്ഥന്മാർ ഉണ്ടു്. പക്ഷെ ചില സൊസൈററികൾ ആ പ്രകാരം പ്രവൃത്തനം നടത്തുന്നില്ല.

ശ്രീ ടി. കെ. ദിവാകരൻ: ഈ സൊസൈററികളുടെ പ്രവൃത്തനം എന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: അതിനെപ്പററി അനവധി പ്രാവശ്യം ഞാൻ ഇവിടെ പറഞ്ഞിട്ടുള്ളതാണു്. അതിനെ സംബന്ധിച്ചു് ഒരു വാദപ്രതിവാദം നടത്താൻ ഞാൻ തയ്യാറില്ല.

ശ്രീ. ടി. കെ. ദിവാകരൻ: കയർ സ്പെഷ്യൽ ആഫീസറുടെ നിർദ്ദേശപ്രകാരമാണോ ഇങ്ങനെ ശമ്പളം തടഞ്ഞിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: അതേ. സെക്രട്ടറിമാരുടെ ശമ്പളം കൊടുക്കുന്നതിന് ഓരോ സൊസൈറ്റികളിൽ നിന്നും റിട്ടേൺസ് അയയ്ക്കണമെന്നൊരു വ്യവസ്ഥയുണ്ട്. അതു ചില സൊസൈറ്റികളിൽ നിന്നും കിട്ടിയിട്ടില്ല. അതുകൊണ്ടും ശമ്പളം തടഞ്ഞിരിക്കുകയാണ്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ സെക്രട്ടറിമാരെ നിയമിക്കുന്നതാരാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: സൊസൈറ്റികളുമായി ആലോചിച്ച് ഡിപ്പാർട്ടുമെൻറിൽ നിന്നും നിയമിക്കുകയാണ് ചെയ്യുന്നതെന്നാണ് തോന്നുന്നത്.

ശ്രീ. ടി. കെ. ദിവാകരൻ: ഡിപ്പാർട്ടുമെൻറിൽ നിന്നുമാണ് നിയമനം നടത്തുന്നതെങ്കിൽ, ശമ്പളം കിട്ടാത്തതിനെപ്പറ്റി അവർക്ക് കേസ് കൊടുത്തുകൂടെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: അതിനെപ്പറ്റി തീർച്ചയായി പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. പി. പ്രഭാകരൻ: കണ്ടശാങ്കടവു സൊസൈറ്റിയിൽ കുടിശ്ശിക വന്നിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: ഈ ലിസ്റ്റിൽ ആ സൊസൈറ്റിയുടെ പേരു കാണുന്നില്ല.

Care of relatives of prisoners.

*167. [5] **Shri K. Bhanu**: Will the Minister for Law be pleased to state:

(*a*) whether there are any existing schemes of Government under which dependants especially young children or babies of those who are sentenced to imprisonment are taken care of and whether in the case of babies and young children they are allowed the company of their mothers; and

(*b*) when a guardian care-taker or mother of a young child is prosecuted, do Government take care of the child under any welfare scheme?

Minister for Home Affairs (**Shri T. M. Varghese**):

(*a*) There is provision in the Jail Rules for the admission of children under 2 years of age of a convicted woman.

(*b*) no.

Shri K. Bhanu: Has it come to the notice of Government that the relatives and dependants of prisoners are driven to misery and in certain cases beggary?

Shri T. M. Varghese: Relatives of the prisoners? It has not come to the notice of Government. But the only provision available for use is the one referred to by me, namely, that children of women who have been convicted, will be allowed to remain with those convicts provided the children are two years of age and less. After the children pass that age, information will be given, through the District Magistrate to the convict's relations and if for any reason those relations are not forthcoming or are unwilling to take care of the child, provision will be made under the rules by the District Magistrate to see that the child is taken care of, until it is time to allow the child to take care of itself. That is the rule under which Government are acting as and when occasions arise.

ശ്രീ കെ. കെ. അയ്യപ്പൻ: ശിക്ഷിക്കപ്പെട്ട ആളുകളുടെ വീടുകൾ പൊളിച്ചുകളഞ്ഞിട്ടുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

Mr. Speaker: I am very sorry to interrupt the hon. Member. The question is with reference to the children of persons convicted and undergoing imprisonment in jail. Your question is with reference to pulling down of the houses of convicted persons.

ശ്രീ. കെ. കെ. അയ്യപ്പൻ: ഇവരുടെ വീടും പൊളിച്ചുകളഞ്ഞു് കുട്ടികളെയും തെരുവിലാക്കിയിട്ടുള്ളതായി ഗവൺമെന്റിനറിയാമോ?

Mr. Speaker: I am not prepared to argue with the hon. Member. If the hon. Member does not know the relevancy of that question, I won't allow the question to be put.

ശ്രീ. ജെ. രാഘവൻപിള്ള: ഇപ്പോൾ ഏതെങ്കിലും കുട്ടികൾ ജയിലിൽ കിടക്കുന്നുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അതു ജയിലിലെ ഇപ്പോഴത്തെ സ്ഥിതിവിവരക്കണക്കു നോക്കിയാലേ അറിയാൻ തരമുള്ളു.

ശ്രീമതി കെ. ആർ. ഗൗരി: രണ്ടു വയസ്സിനുമേൽ പ്രായമായതുകൊണ്ടു പഞ്ചീ പൂവർ ഫണ്ടിൽ അഡ്മിററു ചെയ്യണമെന്നു ജയിലിൽനിന്നും ഏതെങ്കിലും അപേക്ഷ കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അതിനെപ്പറ്റി അറിഞ്ഞുകൂടാ, അന്വേഷിച്ചു പറയാം.

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെ അപേക്ഷയുണ്ടെന്നു ബോദ്ധ്യപ്പെട്ടാൽ അഡ്മിററു ചെയ്യുമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അങ്ങനെ ബോദ്ധ്യപ്പെടുകയാണെങ്കിൽ അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. ടി. കെ. കൃഷ്ണൻ: ഈ കുട്ടികൾക്കു പ്രത്യേക ഡയററ് അനുവദിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഉണ്ട്.

ശ്രീ. ടി. കെ. കൃഷ്ണൻ: ഡയററ് ഏതെല്ലാമാണ്?

ശ്രീ. ടി. എം. വർഗ്ഗീസ്: കുഞ്ഞുങ്ങൾക്കുള്ള ഡയററാണ്.

Roads in the Travancore-Cochin State.

168. [6] **Shri K. Bhanu :** Will the Minister for Public Works be pleased to state the total mileage of roads in Travancore-Cochin State along the highways and how many miles have been asphalted or macadamised and how many miles are covered by cement concrete ?

Minister for Works and Transport **(Shri Kalathil Velayudhan Nair):**

National Highways : 245 miles.

Provincial Highways : 841 miles.

(1) Asphalted and tarred—190.6 miles.

(2) (a) Colcreted—2 m. 4 flgs.

(b) Water bound macadam—816 miles.

(3) Concreted—76 m. 5 flgs.

Shri K. Bhanu: May I know how many miles were concreted and asphalted during the current financial year?

Shri Kalathil Velayudhan Nair: I am not in a position to say how many miles were concreted and asphalted this year.

Shri K. Bhanu: Are any roads proposed to be concreted during the next financial year?

Shri Kalathil Velayudhan Nair: That also I am not in a position to say now, Sir.

Shri K. Bhanu: What is the average cost for concreting?

Shri Kalathil Velayudhan Nair: For 14 ft. wide and 4 in. thick, it will be between Rs. 80,000 and Rs. 90,000.

Shri K. Bhanu: Is the expenditure for this met by the Central Government or by our Government?

Shri Kalathil Velayudhan Nair: That depends upon the road on which it is done.

Shri K. Bhanu: What is the average annual expenditure for repairing these roads?

Shri Kalathil Velayudhan Nair: That varies with the different kinds of roads.

Shri K. Bhanu: Who bears the cost of repairs of these roads?

Shri Kalathil Velayudhan Nair: That also depends upon whether the road belongs to this Government or the Central Government.

Shri K. Bhanu: Is the repair work done departmentally or by contractors?

Shri Kalathil Velayudhan Nair: In some cases it is done by contractors and in others it is done departmentally.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഗവൺമെൻറ് ഈ നാഷണൽ ഹൈവേയും എം. സി. റോഡും എന്നേക്കു് കോൺക്രീറ്റിംഗ് ഷെൽ ക്രീറ്റിംഗ് മുതലായ ജോലികൾ പൂർത്തിയാക്കും?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അടുത്ത രണ്ടുകൊല്ലംകൊണ്ടു കോൺക്രീറ്റിംഗ് സർഫസിംഗ് മുതലായ ജോലികൾ മുഴുവനാക്കാം എന്നു വിചാരിക്കുന്നു.

ശ്രീ. ഒ. സി. നൈനാൻ: രണ്ടുമൈൽ മാത്രം കോൺക്രീറ്റിംഗ് നടത്തിക്കഴിഞ്ഞതിനു ശേഷം ആ ജോലി നിർത്തിയതു് എന്തെങ്കിലും കുഴപ്പം ഉണ്ടായിട്ടാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ; കോൺക്രീറ്റിംഗ് ചെയ്തതിനു ശേഷം അതിനെക്കാൾ ലാഭകരമായ മററു മാർഗ്ഗങ്ങൾ മതിയെന്നു് വിചാരിച്ചതുകൊണ്ടായിരിക്കണം.

ശ്രീ. ഒ. സി. നൈനാൻ: ഏതു ഭാഗത്താണ് മററു മാർഗ്ഗങ്ങൾ അനുസരിച്ചു ജോലി തുടങ്ങിയതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിന്നഭാഗത്താണെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

Cases against Salt Factory workers.

*169. [7] **Shri T. S. Ramaswami:** Will the Minister for Home Affairs be pleased to state:

(*a*) the number of cases filed against the salt factory workers of South Travancore within the last six months by the police;

(*b*) the sections under which cases have been filed;

(*c*) was any action taken under security proceedings; and

(*d*) if so, against whom?

Minister for Home Affairs **(Shri T. M. Varghese):**

(*a*) 13

(*b*) There is a list got ready. It is placed on the Table for reference. It is a fairly long list. †

(*c*) Yes.

† Please see Appendix.

† (*d*) There are 14 persons against whom action has been taken. If necessary, I shall read out the names.

Mr. Speaker: Are the names important, Mr. Ramaswami?

Shri T. S. Ramaswami: No. Do they all belong to the all-Travancore Salt Factory worker's Union?

Shri T. M. Varghese: I am not in a position to supply that information without notice.

Shri T. S. Ramaswami: Was there a complaint to the police regarding the unrest instigated by the management among the workers?

Shri T. M. Varghese: No complaint has been brought to the knowledge of the Government, at any rate.

Shri T. S. Ramaswami: Are there cases registered against some of the rowdies who attacked the peaceful satyagrahis?

Shri T. M. Varghese: I would like to be informed who the 'rowdies' referred to in the question are. I cannot call anybody a rowdy unless he is proved to be so.

Shri T. S. Ramaswami: May I know whether security proceedings were taken against one party while it was not taken against the other party?

Shri T. M. Varghese: I claim notice for gathering information as to whether the persons proceeded against belong to a party and if so which. If a fresh question on the point be asked the requisite information will no doubt be collected and supplied.

Vide appendix

† (*d*) Against the following 14 persons:—

1. Paradesi perumal, Thamarakulam.
2. Stephen Rajiah, puthalam, Thengapattanam
3. Lekshmanan Velayudhan, North Thamarakulam
4. Krishnan Kutty Aiza Do.
5. Andy Subbiah Do.
6. Nainar Mahalingom Do.
7. Chellan Subbiah Do.
8. Chudalamony Anthinarayanan, Thamarakulam.
9. Esakkiyadima Lekshmanan.
10. Kailasam, Chotta Panichen- Therivilai
11. Panchipazham Kasi Nadar, Puthalam.
12. Kolappan, North Thamarakulam.
13. Ramaswamy Lekshmanan Perumal Do.
14. Pandarakutty Sundaravadivu, Chittukulam Village.

Shri T. S. Ramaswami: Are the Government aware that the local Manager along with some other persons attacked the workers' houses? That was personally inspected by Shri Razak, Member, Council of States, Mr. Sankar and three others.

Mr. Speaker: Was any representation given to the Government regarding that matter?

Shri T. S. Ramaswami: Yes, to the Police. Did Government take any action with regard to this matter against the Management?

Shri T. M. Varghese: No such complaint has come to the knowledge of the Government. The incidents which constituted the subject matter of the cases consisted of assault, robbery, wrongful confinement and other items. When information on the matter reaches Government due attention will be paid to it.

Shri T. S. Ramaswami: I want only to know whether a case has been registered against the Management.

Shri T. M. Varghese: I thought that the matter now raised was not in issue in the interpellation or answers given thereto. If the Management has misbehaved in any manner, Government will not hesitate to take appropriate action against the Management. But the question does not now arise.

Shri T. S. Ramaswami: With regard to the house- breaking, the local Police Inspector and the Circle Inspector were taken to the spot by the questioner himself and they did not take any action against the Management. Will the Government take notice of it and see that cases are registered?

Shri T. M. Varghese: I am thankful to the Member for the information supplied which will be considered in investigating into this matter.

Shri T. S. Ramaswami: If there is any excess on the part of the Police, will the Government take action against the Police Officers concerned?

Shri T. M. Varghese: It is a hypothetical question, the answer to which will depend upon the correctness of the data.

Shri P. S. Nataraja Pillai: May I know against whom action was taken? Is it against the Management or the Allom workers?

Shri T. M. Varghese: It is not against the Management nor against the Union. It is against individuals.

Cases against Ministers.

*170 [8] **Shri T. S. Ramaswami**: Will the Minister for Home Affairs be pleased to state:

(*a*) were there any pending criminal cases against any of the present Ministers during his office period;

(*b*) if so, how many; and the charges; and

(*c*) are they pending even now?

Minister for Home Affairs **(Shri T. M. Varghese)**:

(*a*) Yes.

(*b*) and (*c*) One; Offence punishable under Section 380 T. P. C. for committing theft of the sacramental vessels, the baptismal cup and records like the Day Book, Ledger etc., of the Marthandam Church. The hon. Minister went there to attend a marriage function along with some others who are members of the parish. He being one of those present was implicated probably as an abettor in the theft of the church vessels. The case is not pending now. The case was filed in the Stationary First Class Magistrate's Court, Kuzhithura. It was found to be unfounded and all the accuseds were discharged and were ordered to be paid compensation of Rs. 50 each.

Shri T. S. Ramaswami: May I know the name of the Minister?

Shri T. M. Varghese : Shri Chidambaranatha Nadar is the Minister concerned.

Shri T. S. Ramaswami : In which Magistrate's Court was this case pending ?

Shri T. M. Varghese: Case No. 251 of 1124 of the Kuzhithura Stationary First Class Magistrate's Court.

Shri T. S. Ramaswami: May I know the date of the disposal of the case?

Shri T. M. Varghese: It was disposed of on 6-2-1953.

Shri T. S. Ramaswami: Was it disposed of after the transfer of Mr. Chelliah Nadar?

Shri T. M. Varghese: The question of transfer of officers is dealt with in another connection and the information asked for in respect of that matter can be gathered and supplied only on receipt of notice.

Shri T. S. Ramaswami: Are the Government aware of a sorry spectacle of one Mr. Chelliah Nadar taking refuge in the house of the questioner in which the hon. colleague Kunjan Nadar was there from a threatened arrest by the District Magistrate some months back?

Shri T. M. Varghese: I feel inclined to listen with interest to the information conveyed by the Member. But how can the Govern-

ment get themselves concerned in or be asked to comment upon what is said to have been a "sorry spectacle" in the Member's house admittedly known only to himself and another person?

Mr. Speaker: Did either the hon. Member or the other Members give information about this matter to the Government?

Shri T. S. Ramaswami: The District Magistrate might have informed the Government. I want to know whether the hon. Minister was informed about this matter. Was there a crime registered in the Nagercoil Magistrate's court?

Shri T. M. Varghese: Not to my knowledge. There does not appear to have arisen any such case.

Shri T. S. Ramaswami: Was a case registered in the Edalakudi Police Station?

Mr. Speaker: Please put a plain question and resume your seat.

Shri T. S. Ramaswami: Was there any order to the Police authorities to refer the case against the Minister as non-cognizable?

Shri T. M. Varghese: Information asked for has been fully supplied by the answers given. But the Member is putting one independent interpellation after another such as case registered in the Nagercoil Magistrate's Court or Edalakudy Police Station etc. for each of which a fresh notice is necessary, though, if a specific information is asked for, I shall impart it if it is available with me now. I may also add that these self-same questions are soon coming up again.

Shri T. S. Ramaswami: Sir, I do not want an evasive answer. I want to know whether there was any order....

Mr. Speaker: The question is "were there any pending criminal cases against any of the present Ministers during his office period." That question must be attempted to be understood properly. Cases must have been taken, they must have been pending and they must be criminal cases. Naturally, they cannot be pending in the police stations but only in courts. Now having understood the question, I would invite the hon. Member to put supplementary questions.

Shri T. S. Ramaswami: I understood the question. I want to know whether Government interfered in the normal process of law. I want to know whether Government have interfered and sent an order to refer the case as noncognizable.

Mr. Speaker: The question is whether Government have interfered by asking the Police authorities to refer the case against the Minister. If that information is available it may be given.

Shri T. M. Varghese: No.

ശ്രീ. എ. കുഞ്ഞൻ നാടാർ: കുഴിത്തുറയിൽ മിനിസ്റ്ററുടെ പേരിൽ ഉണ്ടായിരുന്ന കേസ്സ് തമിഴ്നാട് കാൺഗ്രസ്സ് പ്രക്ഷോഭണം ഉണ്ടായിരുന്ന കാലത്ത് ഉണ്ടായതാണോ?

Shri T. M. Varghese: Which case, the one of which I gave information viz., the theft of certain articles from the Church?

Shri A. Kunjan Nadar: Yes.

Shri T. M. Varghese: That was in 1124. Whether the Tamil Nad Congress was then carrying on an agitation or not I do not know.

ശ്രീ. എ. കുഞ്ഞൻ നാടാർ: ശ്രീ. ചിദംബരനാഥനാടാരുടെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഫലമായി അദ്ദേഹത്തോട് എതിർപ്പു തോന്നിയ അന്നത്തെ ഗവണ്മെന്റിന്റെയും പോലീസിന്റെയും പ്രേരണ നിമിത്തം ഉണ്ടാക്കിയ ഒരു കള്ളക്കേസ്സാണു ഇതെന്നറിയാമോ?

Mr. Speaker: Anyhow, that case is over.

Shri. A. Kunjan Nadar: But I want to get, an information, Sir., ഈ കേസ്സ് മിനിസ്റ്ററുടെ പേരിൽ എടുത്തത് തമിഴ്നാട്ടുകാൺഗ്രസ്സ് പ്രക്ഷോഭണം നടന്നകാലത്തായിരുന്നു എന്നും അതിൽ ഗവണ്മെന്റിന്റെ റിപ്രിസീവ്പാളിസി നിമിത്തം മി. നാടാരോടും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളോടും നീരസംതോന്നി പോലീസ് എടുത്ത ഒരു കള്ളക്കേസ്സാണിതെന്നും അറിയാമോ?

Mr. Speaker: The question is disallowed.

Shri M. William: May I know whether at the time of the marriage celebration in the Church, Shri C. Kesavan, the then Chief Minister, and also his Private Secretary were present on the occasion at the Church?

Mr. Speaker: That question is also disallowed.

ശ്രീ. ആർ. പൊന്നപ്പനാടാർ: ആ കേസ്സിലെ പ്രതികൾ ആരെല്ലാമാണെന്നു പറയുവാൻ ദയവുണ്ടാകുമോ?

Mr. Speaker: Names are not material on these matters. The hon. Member who put the question was very particular only about a Minister.

Shri M. William: Was Shri A. Nesamony also an accused in that case?

Shri T. M. Varghese: He was an accused.

Shri N. Raghava Kurup: Was he charge-sheeted by the Police, or was it a private complaint?

Shri T. M. Varghese: It was a private complaint.

Shri N. Raghava Kurup: Was the charge-sheet altered subsequently?

Mr. Speaker: It is a private complaint and some compensation has been awarded.

Shri N. Raghava Kurup: If it is an acquittal, certainly the payment of compensation must be on the charges made.

MrS. peaker: That question need not be answered.

Shri M. M. Abdul Khader: What was the nature of the compensation awarded?

Shri T. M. Varghese: Money compensation, i. e., Rs. 50 each to the accused including the Minister. There were seven accused, I think.

ശ്രീ. കുമ്പിളേത്തിൽ കരുണാകരൻ : ഇപ്പോഴുള്ള മിനിസ്റ്റർമാരിൽ ആരെങ്കിലും ക്രിമിനൽപുള്ളികളും അല്ലാം സ്വാരായിട്ടുണ്ടോ ?

Mr. Speaker : The question is nasty and offensive and I would request the hon. Member not to become a hero by asking such questions.

ശ്രീ. പി. ഗോവിന്ദപ്പിള്ള : മിനിസ്റ്റർമാരെപ്പറ്റി എന്തെങ്കിലും ചോദിക്കുമ്പോൾ ബഹുമാനപ്പെട്ട സ്പീക്കർക്ക് ഇത്രയും ദേഷ്യം വരാനുള്ള കാരണമെന്താണ് ?

Mr. Speaker : The Speaker has nothing to do with the Ministry. I could only say that that depends upon the degree of culture of the hon. Member who just now put this question.

ശ്രീ. പി. ഗോവിന്ദപ്പിള്ള : കഴിഞ്ഞ ദിവസം മന്ത്രിമാരുടെ ചെയ്യുള്ളതായ്മകളെപ്പറ്റി ചോദ്യങ്ങൾ ചോദിച്ചപ്പോൾ അങ്ങ് ഇത്രയും ദേഷ്യപ്പെട്ടതായി കണ്ടില്ല.

Mr. Speaker: Is it not a very sweeping and general question involving all the Ministers? You can put a particular question on a particular matter.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഇവിടത്തെ മന്ത്രിമാരെപ്പറ്റി ഇത്തരത്തിൽ ചോദിക്കുന്ന ഒരു ചോദ്യം ഓർഡറിലല്ലല്ലൊ ; അല്ലെങ്കിൽ അതു് പിൻവലിക്കേണ്ടതല്ലേ ?

Mr. Speaker : I have disposed of the matter.

Shri G. Chandrasekhara Pillai : But, Sir, that question goes into the Assembly Proceedings.

Mr. Speaker : That is the reason why I disallowed the question.

Shri N. Raghava Kurup : Is the term 'nasty' Parliamentary?

Mr. Speaker : I was saying that the question was nasty and not the Member.

Shri N. Raghava Kurup : May I know whether the word "nasty" can be used in the House ?

Mr. Speaker. The word 'nasty' used by the Speaker in this context is perfectly parliamentary.

Shri M. M. Abdul Khader : If the question was found to be not allowable, the Speaker can disallow it. But can the Speaker use the word 'nasty' ?

Mr. Speaker: The hon. Member who put the question should realise his responsibility.

Shri N. Raghava Kurup : I do realise.

Mr. Speaker :. I thank you.

ശ്രീ. പി. ഗോവിന്ദപ്പിള്ള: സർ, ഈ സഭയിൽ സ്പീക്കർ ഉൾപ്പെട്ട ആളുകളിൽ ഒരു പദം ചിലർ ഉപയോഗിക്കുമ്പോൾ പാർലമെന്ററി ആണെന്നും മററു ചിലർ ഉപയോഗിക്കുമ്പോൾ അല്ലെന്നും ഒരു സന്ദർഭത്തിൽ ഉപയോഗിക്കുമ്പോൾ പാർലമെന്ററി ആണെന്നും മററു സന്ദർഭത്തിൽ ഉപയോഗിക്കുമ്പോൾ അല്ലെന്നും പറയുന്നതു ശരിയാണോ?

Mr. Speaker : I think I must enter into the very elementary principles of parliamentary procedure. You can say that a statement made by a Minister is a lie. But you cannot say that the Minister is a liar. If you cannot understand this, I can only sympathise with you.

Labour Dispute in Salt Factory.

*171 (10) **Shri T. S. Ramaswami:** Will the Minister for Finance be pleased to state:

(*a*) the date of commencement of labour dispute in the salt factories of South Travancore;

(*b*) the subject-matter of dispute; and

(*c*) the date of registration of the South Travancore National Salt Factory Workers' Union?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**):

(*a*) The dispute in the Company Allom commenced on 17-9-52 and that in the Shri Sankara Allom on 22-10-52.

(*b*) The subject-matter of dispute in the Company Allom mainly consists of the following:

Priority in recruitment to workers under the previous lessee,

2. Special allowance for those engaged in night shift.

3. Claim for the benefits under the agreement dated 20-6-51 arrived at between the All-Travancore Salt Factory Workers' Union and the managements.

The dispute in the S. S. Allom relates to the demands (i) for treating the half - rated and 3/4th rated employees as 3/4th rated and full rated employees respectively and paying wages accordingly and (ii) for employing the casual employees on a permanent footing.

(c) No Union has been registered in the Name, "The South Travancore National Salt Factory Workers' Union". But one Union in the name of "South Travancore National Salt Labour Association" was registered on 11-11-1952.

Shri T. S. Ramaswami: May I know what steps Government have taken regarding the dispute in the S. S. Allom?

Shri Panampilli Govinda Menon: From the information received by me it appears that a memorandum of demands and these demands have been stated in the answer given by me made before the management of the S. S. Allom was handed over on 23-10-1952 and immediately the strike was started.

Shri T. S. Ramaswami: What steps were taken by Government either to conciliate or effect adjudication?

Shri Panampilli Govinda Menon: It would have been possible to conciliate before the strike was launched. But the Union took it into its head to start direct action immediately after the memorandum of demands was handed over, and Government thought it fit not to interfere and prevent the strikers from achieving their end.

Shri T. S. Ramaswami: Was not the Government aware that this particular dispute was pending for the last 6 months in respect of the 3/4th rates and half rates?

Shri Panampilli Govinda Menon: I don't know. It might have been so.

Shri T. S. Ramaswami: Did the Labour Commissioner recommend to Government to leave the matter for adjudication?

Shri Panampilli Govinda Menon: What the Labour Commissioner recommended to Government in the matter is a matter between the Labour Commissioner and the Government.

Shri T. S. Ramaswami: Sir, it is not a proper answer to my question.

Shri Panampilli Govinda Menon: It is not usual to reveal what the departmental heads report to Government.

Shri T. S. Ramaswami: May I know whether the Government is aware of the decisions of the All-India Labour Ministers' Conference recently held with regard to the registration of rival unions?

Shri Panampilli Govinda Menon: Certainly; discussions took place at the Conference and legislation in the light of those discussions is to follow. But under the law now prevailing any Union applying for registration has to be registered and if the officer appointed by law to register such unions refuses to do so then there will be complaint.

Shri T. S. Ramaswami: Is the Labour Minister aware of the statement of the Central Minister, Shri V. V. Giri, while he was in Ernakulam, saying that rival Unions should not be tolerated?

Shri Panampilli Govinda Menon : I am aware of that. But if a group of workers apply for registration then Government cannot interfere in that matter. The Labour Commissioner is the statutory authority for registering Trade Unions. If that is not done that gives scope for appeal to the judicial authority.

Shri T. S. Ramaswami: Who is the President of the new Union that has been registered?

Shri Panampilli Govinda Menon: I do not know.

Shri T. S. Ramaswami: Is he a Congressman?

Shri Panampilli Govinda Menon: It is not a crime to be a Congressman.

Shri T. S. Ramaswami: Not at all. Is there any special purpose to give registration to a rival Union after the starting of the dispute in the salt factory?

Shri Panampilli Govinda Menon: Under the law at present, the existence of a dispute in a factory is not an impediment to the registration of a Labour Union. If an application for registration in the form prescribed under law is made, any union can be registered at any time. It was not done by Government; but a certain private gentleman and a group of gentlemen applied for registration and it is their right under the law to get the Union registered.

Shri T. S. Ramaswami: Are the Government aware of the fact that after the registration of this Union the management have reduced the wage, in fact, misappropriated the wages paid by the salt merchants to the tune of two to three lakhs of rupees?

Shri Panampilli Govinda Menon: Government are absolutely unaware of these things.

Shri T. S. Ramaswami: Will the Government understand the difficulty of the workers there?

Shri Panampilli Govinda Menon: If the Union wanted the Government to understand their difficulty that difficulty would have been taken to Government.

Shri T. S. Ramaswami: Are the Government aware that the President of the Union took care to inform the Government and the Minister of the difficulty of the workers which raised the dispute with the management?

Shri Panampilli Govinda Menon: Government were informed of it long after the mischief was done.

Shri T. S. Ramaswami: What was the mischief done?

Shri Panampilli Govinda Menon: Handing over the memorandum of demands on the 23rd and starting the strike on the 24th. That was the mischief.

Shri T. S. Ramaswami: May I inform the Government that this dispute was pending for about 6 months because of the unhelpful attitude of the Labour Department?

Shri Panampilli Govinda Menon: I don't know when the dispute started. But what happened was that immediately after the memorandum of demands was handed over, the strike was started and Government did not see it proper to stand in the way of the Union trying to achieve their objectives by direct action.

Shri T. S. Ramaswami: May I know whether the Minister for Law and Order, the Labour Minister and the other Ministers promised to attend the inauguration of the rival Union?

Shri Panampilli Govinda Menon: I do not know about the other Ministers. But speaking for myself I don't think I have done it.

Shri T. S. Ramaswami: Are the Government aware of the notice circulated bearing these names?

Shri Panampilli Govinda Menon: It may be so.

Shri P. S. Nataraja Pillai: May I know what action the Labour Commissioner took as regards these labour disputes?

Shri Panampilli Govinda Menon: I have already explained it.

Shri P. S. Nataraja Pillai: May I know what action the Labour Commissioner took before the launching of the strike?

Shri Panampilli Govinda Menon: The Labour Department was moved with respect to this dispute.

Shri P. S. Nataraja Pillai: Am I to understand, that it was not within the knowledge of the Labour Commissioner that the strike was going to be launched?

Shri Panampilli Govinda Menon: Unless a statement was given before the Labour Department, how can they know that the strike may start?

Shri P. S. Nataraja Pillai: What action did the Labour Commissioner take before the strike began?

Shri Panampilli Govinda Menon: If a separate question is put, I shall enquire and say whether the Labour Commissioner was given information about the dispute.

Shri P. S. Nataraja Pillai: My question is this: whether the Labour Commissioner did take any action or apprise the Government?

Shri Panampilli Govinda Menon : Records do not give that information.

Shri P. S. Nataraja Pillai : May I know whether the Labour Department intimated Government that there is labour dispute ?

Shri Panampilli Govinda Menon : I do not think that the Labour Commissioner is aware of that.

Shri P. S. Nataraja Pillai : May I know whether the Labour Commissioner brought the matter before the notice of Government ?

Shri Panampilli Govinda Menon : Before the beginning of the strike it was not brought to the notice of Government.

ശ്രീ. ടി. കെ. ദിവാകരൻ : സ്ട്രൈക്ക് തുടങ്ങിയതിനുശേഷം എന്തെങ്കിലും കൺസിലിയേഷൻ നടപടികൾ എടുത്തിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എടുത്തിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : കൺസിലിയേഷൻ നടപടികൾ അനുസരിച്ചു ഒരു റിപ്പോർട്ട് ഗവണ്മെന്റിലേയ്ക്കു സമർപ്പിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : എന്തു കാരണത്താലാണ് ആ റിപ്പോർട്ട് വെളിപ്പെടുത്താത്തത് എന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിലേയ്ക്ക് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥന്മാരും ഗവണ്മെന്റും തമ്മിൽ ആലോചിച്ചശേഷം ഗവണ്മെന്റിനാവശ്യമുണ്ടെന്നു തോന്നുന്നവെങ്കിൽ മാത്രമേ, റിപ്പോർട്ട് വെളിപ്പെടുത്തുകയുള്ളൂ.

ശ്രീ. ടി. കെ. ദിവാകരൻ : കൺസിലിയേഷൻ ഉദ്യോഗസ്ഥന്മാർ സമർപ്പിക്കുന്ന റിപ്പോർട്ട് നിയമപ്രകാരം വെളിപ്പെടുത്തേണ്ടതല്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: ആയിരിക്കാം.

ശ്രീ. ടി. കെ. ദിവാകരൻ : അങ്ങനെയാണെങ്കിൽ പിന്നെ എന്താണതു് വെളിപ്പെടുത്താത്തതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ റിപ്പോർട്ട വെളിപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല എന്നു ശ്രീ. രാമസ്വാമി ചോദിച്ച ഒരു ചോദ്യത്തിനു മറുപടി പറഞ്ഞിട്ടുള്ളതാണു്.

ശ്രീ. കെ. കരുണാകരൻ : നിയമപ്രകാരം രജിസ്റ്റർ ചെയ്യണമെന്നപേക്ഷിച്ചിട്ടുള്ള ഏതെങ്കിലും വർക്കേഴ്സ് യൂണിയന്റെ അപേക്ഷ ഈ ഗവണ്മെന്റ നിരസിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ : നിയമപ്രകാരം അപേക്ഷിച്ചതാണെന്നു കണ്ടിട്ടുള്ള എല്ലാ അപേക്ഷകളും സ്വീകരിച്ചു് രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടു്.

കേസ്സുവിചാരണയും വിധിപറയുകയും.

* 516. [56] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേസ്സുകൾ വിചാരണചെയ്യുന്നതിനും വിധിപറയുന്നതിനും ഇന്നു വലുതായ കാലതാമസം ഉള്ളതായി ഗവണ്മെന്റിനറിയാമോ ;

(ബി) ഈ കാലതാമസം പരിഹരിക്കുന്നതിനുള്ള മാർഗ്ഗം അന്വേഷിച്ചു റിപ്പോർട്ടു ചെയ്യാൻ ഒരു കമ്മിററിയെ നിയമിക്കുമോ ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ടി. എം. വർഗീസ്) :

(എ) കേസുകൾ വിചാരണചെയ്യുന്നതിനും വിധി പറയുന്നതിനും കുറച്ചു കാലതാമസം നേരിടുന്നു എന്നു ഗവണ്മെന്റിനറിയാം.

(ബി) ആ വകയ്ക്കു ഒരു കമ്മററിയെ നിയമിക്കണമെന്നുദ്ദേശിക്കുന്നില്ല.

ശ്രീ. ടി. എ. മജീദ് : ആററിങ്ങൽ കോടതിയിൽ അനവധി കേസുകൾ വിധി പറയാതെ താമസപ്പെടുത്തുന്നതുകൊണ്ടു് കക്ഷികൾക്കു വലിയ ബുദ്ധിമുട്ടുണ്ടാകുന്നു എന്നുള്ള വിവരം അറിയാമോ ?

ശ്രീ. ടി. എം. വർഗീസ് : ആററിങ്ങൽ കോടതിയിൽ വിധിപറയാത്ത കേസുകളെന്നു പറഞ്ഞാൽമാത്രം പോരാ. ഏതു കേസ്, എത്ര കാലതാമസമായി, എന്നൊക്കെ വിശദമായിട്ടു പറഞ്ഞാൽ അന്വേഷിച്ചു മറുപടി പറയാം.

ശ്രീ. ഈ. ഗോപാലകൃഷ്ണ മേനോൻ : ആലുവാ മജിസ്ട്രേട്ടുകോർട്ടിൽ ഒരു കൊല്ലത്തിനുമുമ്പു ഫൈൽ ചെയ്തിട്ടുള്ള ഒരു കേസു് വിധി പറയാതെ ഇതുവരെ കാലതാമസമുണ്ടാക്കിയതു് മജിസ്ട്രേട്ട കരുതിക്കൂട്ടിയാണെന്നുള്ള വിവരം അറിയാമോ ?

ശ്രീ. ടി. എം. വർഗീസു് : കേസിന്റെ വിവരം അറിയിച്ചാൽ അതു സംബന്ധിച്ചു മജിസ്ട്രേട്ടു, ചോദ്യത്തിൽ സൂചിപ്പിച്ചതുപോലെ ക്രമക്കേട കാണിച്ചിട്ടുണ്ടോ എന്നു അന്വേഷിക്കാം.

ശ്രീ. ഈ. ഗോപാലകൃഷ്ണ മേനോൻ : പറവൂർ സബ്ജയിലിനകത്തു അടച്ചിട്ടിരിക്കുന്ന പുള്ളികളിൽ മിക്കവരുടേയും കേസുകൾക്കു് വളരെ നാൾ പഴക്കമുണ്ടായിട്ടും ഇതുവരെ വിധി പ്രസ്താവിച്ചിട്ടില്ല എന്നുള്ള വസ്തുത മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ടി. എം. വർഗീസു് : അറിയാൻ പാടില്ല.

ശ്രീ. ഈ. ഗോപാലകൃഷ്ണ മേനോൻ : വിധി പെട്ടെന്നു പറയാതെ കേസുകൾ ഇങ്ങനെ നീട്ടിക്കൊണ്ടുപോകാൻ പാടില്ല എന്നു ബഹുമാനപ്പെട്ട മന്ത്രിതന്നെ പറവൂർ സബ്ബ്ജയിൽ സന്ദർശിച്ചപ്പോൾ അഭിപ്രായപ്പെട്ടതായി ഓർമ്മിക്കുന്നുണ്ടോ ?

ശ്രീ. ടി. എം. വർഗീസു് : എന്റെ ഓർമ്മയെപ്പററി പരിശോധിക്കുന്നതുകൊണ്ടു കാര്യമില്ലല്ലോ. കൂടാതെയും കേസുകൾ വിധിക്കുന്നതിൽ കാലതാമസം നേരിടുന്ന കാര്യത്തെപ്പററി സബ്ജയിലിൽ വച്ചു എന്തെങ്കിലും പറഞ്ഞിരുന്നെങ്കിൽ തന്നെയും അതു സന്ദർഭോചിതം ആയിരുന്നാലും ആ പ്രസ്താവനയ്ക്കു വല്ല പ്രാധാന്യം കൽപ്പിക്കേണ്ടതില്ല.

ശ്രീ. പി. ഗോവിന്ദപ്പിള്ള : ഇൻഡ്യൻ പ്രധാനമന്ത്രിയുടെ സന്ദർശനംപോലെയുള്ള കാര്യങ്ങൾ ഈ മാതിരിയുള്ള കേസുകൾ വിധി പറയാതെ നീട്ടിവയ്ക്കാൻ കാരണമായിട്ടുണ്ടോ ?

ശ്രീ. ടി. എം. വർഗീസു് : കാരണമായിട്ടില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പു് : കേസുകൾ അധികം കാലതാമസം വരുത്തുന്നതു തടയാൻ ഒരു കമ്മിററിയെ നിയമിക്കേണ്ടെയാവശ്യമില്ലെന്നാണോ വിചാരിക്കുന്നതു് ?

ശ്രീ. ടി. എം. വർഗീസു് : കാലതാമസം ഉണ്ടാകുന്നുവെങ്കിൽ അവയെ പരിഹരിക്കുന്നതിനു കഴിവുള്ള എല്ലാ ശ്രമങ്ങളും ചെയ്യുന്നതായിരിക്കും. കേസുകളുടെ വിസ്താരം ത്വരിതപ്പെടുത്തുന്നതിനു ആവശ്യമായ നടപടികൾ എടുത്തുവരുകയാണു്. അതിനുവേണ്ടി ഒരു കമ്മിററിയെ പ്രത്യേകം നിയമിക്കേണ്ടയാവശ്യമില്ലെന്നു തന്നെയാണു ഗവണ്മെൻറ് വിചാരിക്കുന്നതു്.

ശ്രീ. എൻ. രാഘവക്കുറുപ്പു് : കേസുകൾ പെട്ടെന്നു വിചാരണ ചെയ്യുന്നതിനുവേണ്ടി ഇപ്പോൾ കൈക്കൊണ്ടിരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നു പറയാമോ ?

Mr. Speaker : It is in the Criminal Procedure Code.

Shri N. Raghava Kurup : Delay in disposals are not because of the provisions in the Criminal Procedure Code. It is due to some other cause. It is not necessary to change the provisions in the Criminal Procedure Code to expedite the matter,

ശ്രീ. എൻ. രാഘവക്കുറുപ്പ്: കാലതാമസം ഇല്ലാതാക്കുന്നതിനു എന്തെങ്കിലും നടപടികൾ ഈ അടുത്തകാലത്തു എടുത്തിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗീസ്: അടുത്തകാലത്തു തന്നെ നടപടി എടുത്തിട്ടുണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അതു എന്താണെന്നു വിശദമായി പറയാമോ?

ശ്രീ. ടി. എം. വർഗീസ്: കാലതാമസം ഒഴിവാക്കുന്നതിനാവശ്യമായ നടപടികളെന്നു മാത്രമേ അവയെപ്പറ്റി പൊതുവെ പറയാവൂ.

ശ്രീ. എൻ. രാഘവക്കുറുപ്പ്: നിയമപ്രകാരം വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗീസ്: നിയമപ്രകാരമുള്ള നടപടികളൊക്കെയാണു സ്വീകരിച്ചിരിക്കുന്നതു്. നടപടികളെപ്പറ്റി വിവരമായി പറഞ്ഞു ധരിപ്പിക്കുന്നതിനുള്ള സന്ദർഭമൊ സമയമൊ ഇതാണെന്നു തോന്നുന്നില്ല. പ്രത്യേകമായൊരു ചോദ്യമായിട്ടു ചോദിച്ചാൽ വിവരങ്ങൾ ധരിപ്പിക്കാം.

ശ്രീ. എൻ. രാഘവക്കുറുപ്പ്: കേസുകൾ വിചാരണ ചെയ്തു തീക്കാതെ നീട്ടിനീട്ടിക്കൊണ്ടുപോകുന്നതിനുള്ള കാരണമെന്താണെന്നു ഗവണ്മെന്ററിഞ്ഞിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗീസ്: പല കാരണങ്ങളാലും നീട്ടിനീട്ടിക്കൊണ്ടുപോകും.

ശ്രീ. ടി. കെ. ദിവാകരൻ: ഒരു കേസിലെ വാദി തുടർച്ചയായിട്ടു ഹാജരാകാതെയിരുന്നാൽ കേസുടൻതന്നെ ഡിസ്പ്പോസ് ചെയ്യാൻ വേണ്ട നിർദ്ദേശം കൊടുക്കുമോ?

ശ്രീ. ടി. എം. വർഗീസ്: അങ്ങനെ നിർദ്ദേശം കൊടുക്കുന്നതു ശരിയല്ല. എല്ലാ കേസുകൾക്കും ആ നടപടി ഉപയോഗയോഗ്യവുമല്ല.

ശ്രീ. എ. സി. ചാക്കോ: പ്രതി ഒരു കേസിൽ തുടർച്ചയായി ഹാജരാകാതെയിരുന്നാൽ കാലതാമസമുണ്ടാകുകയില്ലേ?

ശ്രീ. ടി. എം. വർഗീസ്: കാലതാമസമുണ്ടാകും.

കടലാക്രമണം.

* ൫൬൩. [൫൩] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണൽക്കമ്പനികൾക്കുവേണ്ടി മണ്ണെടുക്കുന്നതുകൊണ്ടു് നീണ്ടകരമുതൽ ചെറിയഴീക്കൽവരെയുള്ള തീരപ്രദേശങ്ങളിൽ എല്ലാസമയത്തും കടലാക്രമണം ഉണ്ടാകും എന്നുള്ളതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്തെങ്കിലും നടപടികൾ തടയുന്നതിന് ഇതുവരെയായിട്ട നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്ത്;

(ഡി) ഇല്ലെങ്കിൽ ഉടനടി വേണ്ടതു് ചെയ്യുമോ?

പൊതുമരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) :

(എ) ഇല്ല.

(ബി) (സി), (ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പ്രാക്കുളം ഭാസി : കഴിഞ്ഞ അസംബ്ലിയും, ഈ ചോദ്യം ചോദിച്ചപ്പോൾ ഉദിക്കുന്നില്ല, ഇല്ല, ഉദിക്കുന്നില്ല, എന്നു പറയുകയാണുണ്ടായതു്. ഇപ്പോൾ ചോദിച്ചപ്പോഴും അതേ ഉത്തരം തന്നെയാണു് ആവത്തിച്ചതു്. ഇങ്ങനെയാണെങ്കിൽ എങ്ങനെയാണു കാര്യങ്ങൾ മനസ്സിലാകുന്നതു്?

Mr. Speaker: You please put the supplementary question if you have any.

ശ്രീ. പ്രാക്കുളം ഭാസി : കടൽത്തീരപ്രദേശങ്ങളിൽനിന്നും മണ്ണെടുക്കുന്നതു നിമിത്തം കടലാക്രമണം ഉണ്ടായിട്ടില്ല എന്നു മന്ത്രി പ്രസ്താവിച്ചു. എന്നാൽ കടലാക്രമണമുണ്ടായി കഷ്ടനഷ്ടങ്ങൾ ഉണ്ടാകുന്നു എന്നുള്ളതിനെപ്പററി വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഇല്ല എന്നു പ്രസ്താവിച്ചതു്, മണൽക്കമ്പനികൾക്കുവേണ്ടി മണ്ണെടുക്കുന്നതുകൊണ്ടു് കടലാക്രമണം ഉണ്ടായിട്ടില്ല എന്ന മെംബറുടെ ചോദ്യത്തിനുത്തരമായി പറഞ്ഞതാണു്. എന്നാൽ പല സ്ഥലങ്ങളിലും കടലാക്രമണങ്ങൾ ഉണ്ടായിട്ടുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ : നീണ്ടകര മുതൽ ചെറിയഴീക്കൽ വരെയുള്ള സ്ഥലങ്ങളിൽനിന്നു മണൽക്കമ്പനികൾ മണ്ണെടുക്കുന്നതുകൊണ്ടാണു കടലാക്രമണം ഉണ്ടാകുന്നതെന്നു ബഹുമാനപ്പെട്ട മന്ത്രിക്കറിവില്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : മണൽക്കമ്പനികൾക്കു വേണ്ടി മണ്ണെടുക്കാത്ത സ്ഥലത്തും കടലാക്രമണം ഉണ്ടായിട്ടുണ്ടു്. ഉദാഹരണമായി ഈയിടെ മുനമ്പത്തു കടലാക്രമണം ഉണ്ടായി. അതു മണ്ണെടുത്തതുകൊണ്ടല്ല.

ശ്രീ. ടി. കെ. ദിവാകരൻ : മണ്ണെടുക്കുന്നതുകൊണ്ടു് കടലാക്രമണം ഉണ്ടാകാൻ കൂടുതൽ സാദ്ധ്യതയുണ്ടെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : കൂടുതൽ സാദ്ധ്യതയുണ്ടാകുമെന്നു തോന്നുന്നില്ല.

നാഷ്ണലിസ്റ്റ് ഡെലിഗേഷൻ.

* ൫൩൯. [൫൮] ശ്രീ. പ്രാക്കുളം ഭാസി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാർവീജിയൻ ഗവണ്മെൻറിൻെറ ഡെലിഗേഷൻ തിരുവിതാംകൂർ-കൊച്ചിയിൽ വന്നിരുന്നോ;

(ബി) അവർ എന്തെല്ലാം പദ്ധതികൾ ഇവിടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു;

(സി) നീണ്ടകര ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ, അവിടെ എന്തെല്ലാമാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നതിൻെറ സാമാന്യവിവരണം പറയാമോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ) :

(എ) നാർവീജിയൻ ഗവണ്മെൻറിൻെറ ഡെലിഗേഷൻ തിരുവിതാംകൂർ-കൊച്ചിയിൽ വന്നിരുന്നു.

(ബി), (സി) നാർവീജിയൻ സഹായപദ്ധതിയനുസരിച്ച് നടപ്പിലാക്കേണ്ട ഒരു പദ്ധതിയുടെ പ്രവർത്തനത്തിനായി നീണ്ടകരപ്പാലത്തിൻെറ ഇരുവശങ്ങളിലുമുള്ള മീൻപിടുത്തഗ്രാമങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. ഈ പദ്ധതിയുടെ ഉദ്ദേശം സാമാന്യമായി:

(൧) മീൻപിടുത്തക്കാരുടെ പ്രവർത്തനത്തിൻെറ ആദായം വർദ്ധിപ്പിക്കുകയും;

(൨) പുതിയ മത്സ്യവിതരണം കാര്യക്ഷമമായി നടത്തുകയും, മത്സ്യോൽപ്പന്നങ്ങളായ സാധനങ്ങൾ പരിഷ്കരിക്കുകയും;

(൩) മീൻപിടുത്തക്കാരുടെ ആരോഗ്യത്തിലും ശുചീകരണവ്യവസ്ഥകളിലും അഭിവൃദ്ധി വരുത്തുകയും;

(൪) പൊതുവെ, പദ്ധതി പ്രദേശത്തുള്ള ആ സമുദായക്കാരുടെ ജീവിതതോത് ഉയർത്തുകയും ചെയ്യുകയെന്നതാണ്.

ഈ പദ്ധതിയുടെ വിവരങ്ങളും അതിൻെറ പ്രവർത്തനപരിധിയും വീണ്ടും ഇൻഡ്യാഗവണ്മെൻറുമായി ആലോചിച്ചതിനുശേഷമേ അവസാനമായി തീരുമാനിക്കുകയുള്ളു.

WRITTEN ANSWERS

തോട്ടം തൊഴിലാളികൾക്കു വൈദ്യസഹായം

* ൧൭൫. [൧൭] ശ്രീ. പ്രാക്കുളം ഭാസി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തേയില റബ്ബർ തോട്ടങ്ങളിൽ ജോലിചെയ്യുന്ന അനേകായിരം തൊഴിലാളികൾക്ക് ശരിയായ വൈദ്യസഹായം ലഭിക്കുന്നില്ലെന്നു ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ) :

ചില തോട്ടങ്ങളിൽ ലഭിക്കുന്ന വൈദ്യസഹായം മുഴുവനും തൃപ്തികരമല്ലെന്നു പരാതികളുണ്ട്. പല തോട്ടങ്ങളിലും ഉയർന്ന തോതിലുള്ള വൈദ്യസഹായം നൽകിവരുന്നുണ്ട്.

Latest Report of the Food situation.

*176. [16] **Shri K. Bhanu:** Will the Minister for Civil Supplies be pleased to state :

(*a*) What is the latest report on the food situation in our State ;

(*b*) what was the stock of foodgrains in the custody of the Government on 31st January 1953 and the average monthly off-take from the stock ; and

(*c*) what is the State's demand of the foodgrains allotted thereto by the Centre for the coming six months?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**):

(*a*) The stock position on the 23rd February was 11,000 tons rice and 1,900 tons wheat and 1,800 tons wheat products approximately. In order to improve the stock position of rice, every effort is being made to move the State's allotments from outside as expeditiously as possible.

For 1953 the Central Government have promised 3 lakhs tons rice and whatever quantity of wheat that may be required. Against this quota the State has till now been allotted 89,000 tons rice, 26,000 tons from overseas imports and 63,000 tons from Madhya Pradesh, Uttar Pradesh and Orissa and 7,000 tons wheat and wheat products. The entire quantity of 26,000 tons of rice from imports, 5,200 tons wheat and wheat products and about 5,000 tons rice from Madhya Pradesh have already been received in the State. Supplies from Madhya Pradesh are being moved by special trains under top priority. Side by side with all rail movement it is also proposed to transport a part of the Madhya Pradesh allotment to Bombay and from there by sea to Cochin. Despatches from Uttar Pradesh and Orissa will also commence immediately. When these stocks reach the State the stock position will improve.

Local procurement from the Kumbhom harvest has commenced. It is reported that damage has been caused to the crops in several taluks on account of severe drought and that there is bound to be a short-fall in procurement. Till the middle of February this year (1953) a quantity of about 3,700 tons rice has been procured from the State.

(b) The stock with Government on 31-1-1953 was 25,600 tons rice and 2,600 tons wheat. The average monthly offtake from Government stock is about 30,000 tons rice and 2,000 tons wheat.

(c) A quantity of about 1,80,000 tons rice and 15,000 tons wheat will be required for the first six months.

New Buses

*177. [19] **Shri R. Kesava Pillai :** Will the Minister for Works and Transport be pleased to state :

(*a*) how many new buses have been purchased for service in the State in 1952 ;

(*b*) what is the price of the buses ;

(*c*) what is the amount invested in the body building of these new buses ?

Minister for Works and Transport (**Shri Kalathil Velayudhan Nair**) **:**

(*a*) 88 by State Transport Department.

(*b*) Rs. 17,13,430.

(*c*) Rs. 4,500 approximately for each body.

സ്റ്റേററിലെ ധാന്യസംഭരണം.

*൧൭൮. [൨൦] ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവും സിവിൽസപ്ലൈസ്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ൧൧൨൭-ൽ ഗവൺമെൻറിൽനിന്നും ഈ സ്റ്റേററിലെ കൃഷിക്കാരുടെ പക്കൽനിന്നും ആകെ എത്ര പറ നെല്ലു് എടുത്തിട്ടുണ്ടു്. തിരുവിതാംകൂർ വിഭാഗത്തിനും, കൊച്ചി വിഭാഗത്തിനും പ്രത്യേകമായി വേർതിരിച്ചു് എത്രവീതം;

(ബി) ൧൧൨൮-ൽ തിരുവിതാംകൂർ വിഭാഗത്തിൽനിന്നും, കൊച്ചി വിഭാഗത്തിൽനിന്നും ലെവി പദ്ധതിയനുസരിച്ചു് എത്ര പറ നെല്ലു വീതം എടുക്കാനുണ്ടാകുമെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്;

(സി) രണ്ടു വിഭാഗങ്ങളിൽനിന്നും ൩൧-൧-൧൯൫൩ വരെ എത്ര പറ നെല്ലുവീതം എടുത്തുകഴിഞ്ഞു?

ധനകാര്യവും സിവിൽസപ്ലൈസ്സും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ൧൧൨൭-ൽ ആകെ ൧,൨൭,൨൭,൧൭൯ പറ നെല്ലെടുത്തിട്ടുണ്ടു്. അതിൽ ൭൦,൩൯,൭൭൧ പറ തിരുവിതാംകൂർ വിഭാഗത്തുനിന്നും, ൫൯,൮൮,൧൦൫ പറ കൊച്ചിവിഭാഗത്തുനിന്നുമായിരുന്നു.

(ബി) തിരുവിതാംകൂർ വിഭാഗത്തുനിന്നു ഉദ്ദേശം ൫൦,൦൦,൦൦൦ പറയും, കൊച്ചി വിഭാഗത്തുനിന്നു ൩൦,൦൦,൦൦൦ പറയും എടുക്കാനുണ്ടാകുമെന്നാണു് കണക്കാക്കിയിരിക്കുന്നതു്.

(സി) തിരുവിതാംകൂർ വിഭാഗത്തുനിന്നു ൧൧,൫൮,൩൦൮ പറയും കൊച്ചിവിഭാഗത്തുനിന്നു ൧൯,൫൮,൮൩൦ പറയും.

കൊല്ലം—എറണാകുളം റയിൽവെ.

*൧൭൯. [൨൧] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ പണി ആരംഭിക്കുന്ന കൊല്ലം—എറണാകുളം റയിൽവെ യാത്രക്കാരുടെയും, കച്ചവടച്ചരക്കുകളുടെയും, ഗതാഗതസൗകര്യത്തിനു ബ്രാഡ്ഗേജായി പണിയുന്നതാണു നല്ലതെന്നു ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു വേണ്ട നടപടികൾ കൈക്കൊള്ളാൻ കേന്ദ്രഗവണ്മെൻറിനെ പ്രേരിപ്പിക്കുമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഗവണ്മെൻറിന് അങ്ങനെ അഭിപ്രായമുണ്ടായിരുന്നു.

(ബി) ഇതിനെപ്പററി കേന്ദ്രഗവണ്മെൻറിലേയ്ക്കു് എഴുതി അയച്ചിരുന്നു.

പ്രസ്സ് തൊഴിലാളികൾ.

*൧൮൦. [൨൨] ശ്രീ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ലേബർവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പ്രസ്സ് തൊഴിലാളികളുടെ കുറഞ്ഞകൂലി നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഇല്ല. പ്രസ്സ് തൊഴിലാളികൾ മിനിമം വേജസ് ആക്ററിലെ ഷെഡ്യൂളിൽ ഉൾപ്പെടുന്നില്ല.

Palmyra Fibre.

*181. [23] **Shri A. Kunjan Nadar**: Will the Minister for Industries be pleased to state:

(*a*) how much palmyra fibre was exported from the State in the years 1951-52 and 1952-53 respectively;

(*b*) The approximate value of the fibre so exported; and

(*c*) whether the Government intend to organise and encourage this industry on a cottage industry basis?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**):

(*a*) & (*b*) These details are not available with Government.

(*c*) This matter is being considered by the Cottage Industries Board.

നാളികേരത്തിന്റെ വില.

*ഫവ്വ. [൨൭] ശ്രീ. കമ്പിശ്ശേരിൽ കരുണാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നാളികേരത്തിന്റെ വിലയിടിവ് പരിഹരിക്കുവാൻ ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി?

ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ), (ബി) നാളികേരത്തിന്റെ വില പ്രധാനമായും പുറമെനിന്നു ഇറക്കുമതിചെയ്യുന്ന കൊപ്രയുടേയും വെളിച്ചെണ്ണയുടേയും വില, പരിമിതി, ഇറക്കുമതിച്ചുങ്കം, ഇവയെ ആശ്രയിച്ചാണിരിക്കുന്നത്. ഇറക്കുമതി നിയന്ത്രിക്കുന്നതിനും ഇറക്കുമതിച്ചുങ്കം വർദ്ധിപ്പിക്കുന്നതിനും കേന്ദ്രഗവണ്മെന്റിനോട് അപേക്ഷിച്ചിട്ടുണ്ട്. കൂടാതെ ഈ സംസ്ഥാനത്തെ കാർഷികോൽപ്പന്നങ്ങളുടെ സർവ്വേ നടത്തുന്നതിനും മററമായി ഒരു മാർക്കററിംഗ് ആഫീസറെ കൃഷിഡിപ്പാർട്ടുമെന്റിൽ നിയമിച്ചിട്ടുണ്ട്. ആ ഉദ്യോഗസ്ഥൻ വേണ്ട നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണു്.

പീച്ചി അണ.

*ഫവ്വന. [൨൩] ശ്രീ. സി. അച്യുതമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീച്ചി അണക്കെട്ട് ഒറിജിനൽ എസ്റ്റിമേററു പ്രകാരം എന്നാണ് പൂർത്തിയാകേണ്ടിയിരുന്നത്;

(ബി) എന്നു മുതൽ അതിൽനിന്നും വെള്ളം കൊടുത്തുതുടങ്ങാമെന്നാണ് പ്രതീക്ഷിച്ചിരുന്നത്;

(സി) ഈയാണ്ടിൽ വെള്ളം കൊടുക്കുവാൻ കഴിയുമോ;

(ഡി) അണക്കെട്ടിൽ ഇപ്പോൾ എത്ര അടി വെള്ളം ഉണ്ട്.

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) :

(എ) ൧൯൫൨ ഏപ്രിൽ മാസത്തിൽ പൂർത്തിയാകേണ്ടിയിരുന്നു.

(ബി) പണി പൂർത്തിയായാൽ ഉടൻതന്നെ വെള്ളംകൊടുക്കാൻ കഴിയും എന്നാണ് പ്രതീക്ഷിച്ചിരുന്നത്.

(സി) കഴിയും.

(ഡി) ൮൦ അടി

Electric posts.

*184. [29] **Shri K. Madhavan Unnithan :** Will the Minister for Works and Transport be pleased to state :

(*a*) whether it is a fact that the cost of electric posts put up at the instance of individuals is being realised in monthly instalments without any limit for the number of instalments ; and

(*b*) if the answer is in the affirmative, will the Government take steps to limit the number of instalments so that the total would be approximately the actual cost of the post ?

Minister for Works & Transport (**Shri Kalathil Velayudhan Nair**) :

(*a*) In the case of service lines laid on rental basis a rent of annas 8 per month is levied from the consumer for each 50 ft. of line in excess of the first 50 ft. which is given free.

(*b*) The intention is not to realise the cost of the line in instalments but to charge a rental for the line laid at Government cost. Further the consumer has the option to take service line on sales system also from 1st April 1951 in which case the cost of the line is realised in advance.

U. S. Information Service.

*185. [30] **Shri P. V. Avira Tharakan :** Will the Minister for Home Affairs be pleased to state :

(*a*) whether the Government have handed over a building for a Library for the U. S. Information Service ;

(*b*) if so, what is the rent ;

(*c*) whether the Government have consulted the Union Government in handing over the building ; and

(*d*) whether the Union Government asked to give necessary facilities for the U. S. Information Service ?

Chief Minister (**Shri A. J. John**) :

(*a*) No.

(*b*) Does not arise.

(*c*) Does not arise.

(*d*) No.

Information Service.

*186. [31] **Shri P. V. Avira Tharakan :** Will the Minister for Home Affairs be pleased to state :

(*a*) whether the Government have received any recommendation or direction from the Union Government to give necessary facilities to any other information service other than the U. S. Information Service;

(*b*) if so, please state the names of the countries and the facilities given to them.

Minister for Home Affairs (**Shri T. M. Varghese**) :

(*a*) No.

(*b*) Does not arise.

തടവുകാർക്ക് ആയുർവ്വേദ ചികിത്സ.

*൫൭൧. [൩൩] ശ്രീ. ഇ. ഗോപാലകൃഷ്ണ മേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെൻട്രൽ ജയിലിലെ തടവുകാർക്ക് ആയുർവ്വേദ ചികിത്സ ആവശ്യമാണെങ്കിൽ അതു നടത്താൻ അനുവദിക്കാറുണ്ടോ;

(ബി) അങ്ങിനെ അനുവദിക്കാറുണ്ടെങ്കിൽ പ്രത്യേകം വേണ്ടി വരുന്ന മരുന്നുകളുടെ ചെലവ് ഏതു ഡിപ്പാർട്ടുമെന്റാണ് സഹിക്കുക?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്) :

(എ) ഉണ്ട്.

(ബി) ഗവർമ്മെന്റ് ആയുർവ്വേദ ആശുപത്രിയിൽനിന്നും കൊടുക്കുന്ന മരുന്നിന്റെ ചെലവ് ആയുർവ്വേദ ഡിപ്പാർട്ടുമെന്റിൽനിന്നും, മറ്റുള്ള സ്ഥലങ്ങളിൽനിന്നും വാങ്ങുന്ന മരുന്നിന്റെ വില ജയിൽ ഡിപ്പാർട്ടുമെന്റുമാണ് വഹിക്കുന്നത്.

റയർ എർത്ത് ഫാക്ടറി.

*൫൭൨. [൩൪] ശ്രീ. കെ. കെ. കുമാരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യൻ റയർ എർത്ത് ഫാക്ടറിയിൽ ഈ ഗവർമ്മെന്റിന് എത്ര ശതമാനം ഷെയറുകൾ ഉണ്ട്;

(ബി) കമ്പനിയുടെ നിയന്ത്രണം ആർക്കാണ്;

(സി) അവിടെ വാങ്ങുന്ന മോണോസൈറ്റ് എവിടെനിന്നുമാണ്;

(ഡി) എന്തു വിലയ്ക്കു വാങ്ങുന്നു :

(ഇ) മോണോസൈറ്റിനു വേൾഡ് മാർക്കറ്റിൽ ഇപ്പോൾ എന്തു വിലയുണ്ട്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ):

(എ) ൪൯. ശതമാനം;

(ബി) കമ്പനിയുടെ നിയന്ത്രണം ഡയറക്ടറന്മാരിൽ സ്ഥിതി ചെയ്യുന്നു.

(സി) പ്രസ്തുത ഫാക്ടറിയുടെ ഉപയോഗത്തിലേയ്ക്കുള്ള മോണോസൈറ്റ്, ട്രാവൻകൂർ മിനറൽസ് കൺസേൺസിൽ നിന്നാണ് വാങ്ങിക്കുന്നത്.

(ഡി) റെയർ എർത്ത് ഫാക്ടറിക്ക് മോണോസൈറ്റ് വില്പന തിരുവിതാംകൂർ-കൊച്ചി ഗവണ്മെന്റും ഇൻഡ്യാഗവണ്മെന്റും തമ്മിലുള്ള ഒരു കരാർ അനുസരിച്ചാണ്. ഈ കരാറിന്റെ വ്യവസ്ഥകൾ വെളിപ്പെടുത്തുന്നത് പൊതുതാൽപ്പര്യങ്ങൾക്ക് ഹാനികരമാണ്.

(ഇ) ഇതേപ്പററി അന്വേഷിച്ചിട്ടില്ല.

ഫെർട്ടിലൈസേഴ്സ് ആൻറ് കെമിക്കൽസ്.

* ഫവ്വൻ. [നൂ. 8] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവാ ഫെർട്ടിലൈസേഴ്സ് ആൻറ് കെമിക്കൽസിലെ പ്രൊഡക്ഷൻ ലെവൽ കുറവാണോ;

(ബി) ആണെങ്കിൽ എന്താണ് കാരണം?

ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഫാക്ടറിയുടെ ഇപ്പോഴത്തെ ഉൽപ്പാദനം ഉൽപ്പാദനശക്തിയിൽനിന്നും കുറവാണ്.

(ബി) ൧൯൫൫ ജനു. മുതൽ ഇലക്ട്രിക്കറൻറ് സപ്ലൈയിൽ ഉണ്ടായ കുറവുകാരണം അമോണിയം സൾഫേററിന്റെ ഉൽപ്പാദനം കുറയ്ക്കേണ്ടിവന്നു. വില്പനയിൽ ഉണ്ടായ കുറവു കാരണം സൂപ്പർ ഫോസ്ഫേററ്, സൾഫ്യൂറിക്ക് ആസിഡ് എന്നിവയുടെ ഉൽപ്പാദനവും കുറച്ചിട്ടുണ്ട്.

ട്രാൻസ്പോർട്ടുജീവനക്കാർ.

* ഫന്റ൦: [നൂവ്വ] ശ്രീ. കൊച്ചുകുഞ്ഞ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേററ് ട്രാൻസ്പോർട്ട് യൂണിയനുമായുള്ള ഒത്തുതീർപ്പു സംഭാഷണത്തിൽ ഡിപ്പാർട്ടുമെന്റ് ജീവനക്കാരെ പെൻഷണബിൾ ജീവനക്കാരാക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പു കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച നടപടികൾ എന്തായെന്നു ദയവായി പറയുമോ?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ), (ബി) ഒത്തുതീർപ്പുസംഭാഷണമൊന്നുമുണ്ടായിട്ടില്ല. ഉറപ്പു കൊടുത്തിട്ടില്ല, എങ്കിലും പെൻഷന് അർഹതയില്ലാത്ത ഉദ്യോഗസ്ഥ

ന്മാരെ അതിന് അർഹത ഉള്ളവരാക്കിത്തീർക്കാനുള്ള ഒരു പദ്ധതി ഇപ്പോൾ ഗവണ്മെന്റിന്റെ സത്വരശ്രദ്ധയിലിരിക്കയാണ്.

തിരുവിതാംകൂർ-കൊച്ചി വർക്കിംഗ് ജേർണ്ണലിസ്റ്റുകളുടെ തൊഴിൽവ്യവസ്ഥ.

*ഫൻ൧. [നൻ] ശ്രീ. ഏ. എൽ. ജേക്കബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചി വർക്കിംഗ് ജേർണ്ണലിസ്റ്റുകളുടെ തൊഴിൽവ്യവസ്ഥകളെക്കുറിച്ചും മററും അന്വേഷിക്കാൻ ഒരു കമ്മിററിയെ നിയമിക്കാമെന്നു ഈ സഭയിൽ ചെയ്തിട്ടുള്ള പ്രസ്താവന നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കമ്മിററിയുടെ ചെയർമാനും അംഗങ്ങളും ആരെല്ലാം? കമ്മിററിയെ നിയമിച്ചിട്ടില്ലെങ്കിൽ ആ കാര്യം ഇങ്ങനെ നീണ്ടു പോകുന്നതിനുള്ള കാരണമെന്തു്;

(സി) ഈ കമ്മിററി നിയമനം സംബന്ധിച്ചു് വർക്കിംഗ് ജേർണ്ണലിസ്റ്റസംഘടനയുമായും പത്ര ഉടമകളുമായും ഗവണ്മെന്റ് ആലോചന നടത്തിയിട്ടുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയാണ്, പൂർത്തിയായിട്ടില്ല.

(ബി) കമ്മിററിയെ നിയമിക്കുന്നതിന് ഗവണ്മെന്റ് വേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. കമ്മിററിയുടെ ആലോചനയ്ക്കു് വിഷയമാക്കേണ്ട പല സംഗതികളും ഉള്ളതുകൊണ്ടു് കുറെ കാലതാമസത്തിനിടയായതാണ്.

(സി) ഉണ്ട്.

കയർവ്യവസായം.

*ഫൻവ. [൪വ] ശ്രീ. എം. കെ. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കയർവ്യവസായം സഹകരണാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുന്നതിലേയ്ക്കു വല്ല നടപടികളും ഗവണ്മെന്റ് കൈക്കൊണ്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം?

(സി) ഇതിലേയ്ക്കായി എത്ര ഇൻസ്പെക്ടറന്മാരെ നിയമിച്ചിട്ടുണ്ട്;

(ഡി) ഇവർ ഇപ്പോൾ എന്തു പ്രവൃത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു?

ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.

(ബി) ഒരു പ്രത്യേക ആഫീസറേയും വേണ്ട സ്റ്റാഫിനേയും നിയമിച്ച് ഒരു പദ്ധതി തയ്യാറാക്കി അത് നടപ്പിലാക്കിവരുന്നു. പദ്ധതി പ്രകാരം ൨൪ പ്രാഥമിക കയർസഹകരണസംഘങ്ങളും രണ്ടു കേന്ദ്ര കയർമാർക്കറ്റിംഗ് സഹകരണസംഘങ്ങളും രണ്ടു തൊണ്ടുവ്യവസായസഹകരണസംഘങ്ങളും രജിസ്റ്റർചെയ്തു. ൨൪ പ്രാഥമികസംഘങ്ങൾക്ക് രണ്ടായിരം രൂപവീതം ഗ്രാൻറും കൊടുത്തു. പദ്ധതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി തിരുവിതാംകൂർ-കൊച്ചി തൊണ്ടുനിയന്ത്രണഉത്തരവും കയർറാട്ടു ലൈസൻസിംഗ് ഉത്തരവും പുറപ്പെടുവിച്ച് അവ നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനു വേണ്ട സഹായസഹകരണങ്ങൾ ചെയ്തുതരണമെന്നു കേന്ദ്രഗവൺമെൻറിനോടപേക്ഷിക്കുകയും അതിൻപ്രകാരം പദ്ധതിയെ ഇൻഡ്യയുടെ പഞ്ചവത്സരപദ്ധതിയിൽ കൊള്ളിക്കുകയും കേന്ദ്രഗവൺമെൻറിൽനിന്നു വേണ്ട ധനസഹായം തരാമെന്നു വാഗ്ദാനം ലഭിക്കുകയും ചെയ്തു. പദ്ധതിയുടെ എല്ലാം പ്രവർത്തനവും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(സി) പതിനെട്ട് ഇൻസ്പെക്ടറന്മാരെ നിയമിച്ചിട്ടുണ്ട്.

(ഡി) സഹകരണസംഘം ഇൻസ്പെക്ടറന്മാർ സാധാരണ ചെയ്യാറുള്ള ജോലികൾക്ക് പുറമേ കയർവ്യവസായത്തെപ്പററിയുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുക, തിരുവിതാംകൂർ-കൊച്ചി തൊണ്ടുനിയന്ത്രണഉത്തരവും കയർറാട്ടു ലൈസൻസിംഗ് ഉത്തരവും സംബന്ധിച്ചുള്ള ജോലികൾ നിർവ്വഹിക്കുക മുതലായവകൂടി ചെയ്യുന്നു.

UNSTARRED QUESTIONS

Wells.

74. [1] **Shri K. Bhanu :** Will the Minister for Food be pleased to state :

(*a*) How many wells were dug in Quilon District under the G. M. F. scheme in 1952 ;

(*b*) how much money was sanctioned to this scheme in Quilon District ;

(*c*) how much land has been brought under irrigation by these wells ; and

(*d*) what is the yield per acre under this scheme in Quilon District ?

Answer.

(*a*) Two wells.

(*b*) No separate allotment was sanctioned to the Quilon District. A sum of Rs. 1,079 was paid as subsidy for the two wells sunk during the year 1952.

(*c*) About 10 acres.

(*d*) About one ton of paddy.

ധാന്യസംഭരണം.

൭൫. [൫] ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും, സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കാർത്തികപ്പള്ളി താലൂക്കിലെ വിരിപ്പു നിലങ്ങളിൽനിന്നും, പുഞ്ചനിലങ്ങളിൽനിന്നും ൧൧൨൭-ൽ യഥാക്രമം എത്ര പറ നെല്ലുവീതം വിളവെടുത്തിട്ടുണ്ട്;

(ബി) ലെവി പദ്ധതിയനുസരിച്ച് കാർത്തികപ്പള്ളി താലൂക്കിലെ വിരിപ്പു-പുഞ്ചനിലങ്ങളിൽനിന്നും ൧൧൨൮-ൽ യഥാക്രമം എത്ര പറ നെല്ലുവീതം ഗവണ്മെൻറിലേയ്ക്കു് എടുക്കാനുണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നതു്;

(സി) രണ്ടിനം നിലങ്ങളിൽനിന്നും ഇക്കൊല്ലം എത്ര പറ നെല്ലുവീതം എടുത്തുകഴിഞ്ഞു; (൩൧-൧-'൫൩) വരെ?

ഉത്തരം.

(എ) വിരിപ്പു നിലങ്ങളിൽനിന്നു് ൫൪,൯൩൭ പറ നെല്ലും, പുഞ്ചനിലങ്ങളിൽനിന്നു് ൧,൫൦,൪൭൩ പറ നെല്ലും വിളവെടുത്തിട്ടുണ്ട്.

(ബി) വിരിപ്പു നിലങ്ങളിൽനിന്നു് ൯൪,൫൩൪ പറയും, പുഞ്ചനിലങ്ങളിൽനിന്നു് ൭൨,൫൯൪ പറയും എടുക്കാനുണ്ടെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു.

(സി) വിരിപ്പു നിലങ്ങളിൽനിന്നു് ൨൩,൯൨൩ പറയും, പുഞ്ചനിലങ്ങളിൽനിന്നു് ൪൦൦ പറയും ൩൧-൧-'൫൩ വരെ എടുത്തുകഴിഞ്ഞിട്ടുണ്ട്.

കാർത്തികപ്പള്ളി താലൂക്കിൽ വിലയ്ക്കെടുത്തിട്ടുള്ള നെല്ലിൻെറ കണക്ക്.

൭൬. [൬] ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽ സപ്ളൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർത്തികപ്പള്ളി താലൂക്കിൽ നിലങ്ങളുള്ളവരും, അന്യതാലൂക്കുകളിൽ സ്ഥിരവാസമുറപ്പിച്ച് അവിടെ കിട്ടാനുള്ള നെല്ലുകൊണ്ട് വീട്ടാവശ്യങ്ങൾക്ക് തികയുന്നവരുമായ ആളുകളുടെ പക്കൽനിന്നും ആകെ എത്ര പറ നെല്ലുവീതം ൧൧൨൪, ൧൧൨൫, ൧൧൨൬, ൧൧൨൭ ഈ കൊല്ലങ്ങളിൽ കാർത്തികപ്പള്ളി താലൂക്കിൽ വിലയ്ക്കു വാങ്ങിയിട്ടുണ്ട്;

(ബി) മേൽ ഉപചോദ്യത്തിൽ വിവരിച്ച തരത്തിലുള്ള ആളുകളുടെ പക്കൽനിന്നും ലെവി പദ്ധതിയനുസരിച്ച് ൧൧൨൮-ൽ എത്ര പറ നെല്ല് കാർത്തികപ്പള്ളി താലൂക്കിലെ നെല്ലെടുപ്പുദ്യോഗസ്ഥന്മാർക്ക് വിലയ്ക്കു കൊടുക്കേണ്ടതായി വരുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു?

ഉത്തരം.

(എ) ൧൯൫൪ — ൩൦,൦൪൮ പറ
൧൯൫൫ — ൨൪,൦൧൦ ,,
൧൯൫൬ — ൮൧,൧൪൯ ,,
൧൯൫൭ — ൪൪,൪൪൫ ,,
(ബി) ൧൬,൪൩൪ പറ.

Nagercoil Electric Supply Corporation

77. [7] **Shri C. Sankar :** Will the Minister for Electricity be pleased to state :

(*a*) when and why the Nagercoil Electric Supply Corporation was taken over by the Government ;

(*b*) The number of employees working under the above Company at the time when the same was taken over by the Government ;

(*c*) whether the services of any of the employees of the above Corporation was terminated by the Government after the Corporation was taken over by it ; and

(*d*) if so, the number of employees whose services were so terminated and the total period of service put in by each employee and the reason for so terminating ?

Answer.

(*a*) From 1st December 1952, to ensure better service to the public.

(*b*) 31.

(*c*) No.

(*d*) Does not arise in view of the answer to (*c*).

78. [8] **Shri C. Sankar :** Will the Minister for Electricity be pleased to state :

(*a*) whether the Government are aware that exhorbitant amounts have been received by the management of the Nagercoil Electric Supply Corporation from many of the consumers of electric current against meters supplied to them ; and

(*b*) if so, whether the Government will take necessary and immediate steps to see that the amounts received in excess of the necessary deposit amounts as per rules refunded to the consumers concerned ?

Answer.

(*a*) Government have information that the ex-Licensee has collected the value of meters and cut-outs from a few consumers over and above the usual deposit amount.

(*b*) This matter is being considered.

Pumping contract for Vellayani lake.

79. [10] **Shri A. Kunjan Nadar :** Will the Minister for Food be pleased to state :

(*a*) the amount for which pumping contract was given for the Vellayani lake for the years 1950-51, 1951-52 and 1952-53, respectively ;

(*b*) what is the pumping area for which the contractor was paid in these years and the rate per acre ;

(*c*) whether the Government received any complaint that the area for which payment was made was far in excess of the actual;

(*d*) if so, whether the Government made any enquiry and what is the result of the enquiry;

(*e*) who was the contractor in these years ; and

(*f*) whether the contract was given after calling competitive tenders ; and if not why ?

Answer.

(*a*) Rs. 18,800 for 1950-51
Rs. 19,840 for 1951-52, and
Rs. 20,000 for 1952-53.

(*b*) During 1950-51, 992.04 acres of land were dewatered. The final bill for the work has not yet been paid pending decision on certain extra claims preferred by the contractor. In 1951-52, an area of 10,67.04 acres was dewatered and the rate per acre was Rs. 20. The work for 1952-53 has only been started and the rate per acre is Rs. 17-8-0.

(*c*) No.

(*d*) Does not arise in view of the answer to part (*c*).

(*e*) Shri N. S. Kurup, P. W. D. contractor, who is also an interested ryot carried out the work in 1950-51, 1951-52 and he has taken up the work for 1952-53 also.

(*f*) The work was arranged on open competitive tenders during 1951-52 and 1952-53. In 1950-51 the work was awarded to Shri N. S. Kurup without calling for tenders.

Public Works.

80. [12] **Shri A. Samraj :** Will the Minister for Works and Transport be pleased to state :

(*a*) the number of new public works started in the Taluks of Thovala, Agasteeswaram, Kalkulam and Vilavancode after the last Session ; and

(*b*) the amount spent on them ?

Answer.

(*a*) 25.

(*b*) Rs. 51,416.

N. M. R. Section.

81. [13] **Shri A. Samraj :** Will the Minister for Works and Transport be pleased to state :

(*a*) whether it is a fact that a number of hands in the N.M.R. Section were sent out of work during the last few months in South Travancore ; and

(*b*) if so, why ?

Answer.

(*a*) Only a few persons were retrenched temporarily from the N.M.R. gangs.

(*b*) Due to lack of funds to maintain full gang throughout the year and also due to the completion or temporary stoppage of works.

Road in Mannamthuruthu.

82. [14] **Shri E. P. Varghese :** Will the Minister for Works be pleased to state :

(*a*) whether the land acquisition for the road in Mannamthuruthu (മണ്ണാംതുരുത്ത്) is completed ;

(*b*) whether the owners of the land have cleared the road-way by removing trees to expedite the construction of the road ;

(*c*) when did the acquisition of land begin ;

(*d*) what is the extent of the proposed road ;

(*e*) whether the P.W.D. has requested the Land Revenue Department for marking the boundary of the acquired land and handing it over to the P.W.D. ;

(*f*) whether there is any public pathway in the locality ; and

(*g*) whether it is not a very thickly populated place ?

Answer.

(*a*) Yes.

(*b*) Yes ; except for 200 ft. in length at the starting point. The trees in this portion will be surveyed and got removed immediately.

(*c*) In 1949.

(*d*) About six furlongs.

(*e*) Yes ; Demarcation is now over, but lands at the starting point still remain to be handed over.

(*f*) No.

(*g*) Yes.

Vennikulam P. W. Section.

83. [15] **Shri O. C. Ninan :** Will the Minister for Works be pleased to state :

(*a*) what is the total extent of the road in the Vennikulam Section ;

(*b*) in what all classes these roads are included ;

(*c*) kindly state the extent of the roads in the several classes under which they are classified ;

(*d*) what is the amount of grant allowed for each class of road per mile ;

(*e*) what is the total of maintenance grant allowed for all the roads in the above Section ; and

(*f*) what is the amount already spent by the end of January 1953 ?

Answer.

(*a*) 206 miles and 2 furlongs.

(*b*) Three classes *viz.*,

1. Provincial Highways ;
2. District roads ; and
3. Village roads.

(*c*) 1. Provincial Highways—22 miles and 5 furlongs.

2. District roads—111 miles and 6 furlongs.

3. Village roads and traces—71 miles and 7 furlongs.

(*d*) 1. Provincial Highways grant varying from Rs. 1,200 to 1,500 per mile.

2. District roads—grant varying from Rs. 300 to Rs. 1,400 per mile.

3. Village roads and traces—grant of Rs. 300 per mile.

(*e*) Rs. 1,02,395.

(*f*) Rs. 71,645.

റൈസ്മില്ലുകൾ.

൮൪. [൧൮] ശ്രീ. സി. അച്യുതമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂറിൽ റൈസ്മില്ലുകൾ അനുവദിക്കാൻ തീർച്ചപ്പെടുത്തി അപേക്ഷകൾ ക്ഷണിച്ച അവസരത്തിൽ ആകെ എത്ര അപേക്ഷകൾ കിട്ടി;

(ബി) അതിൽ ഗവണ്മെന്റ് നെല്ലുകുത്തുന്നതിനുള്ള മില്ലുകൾക്ക് എത്ര അപേക്ഷ കിട്ടി; സ്വകാര്യനെല്ല് കുത്തുന്നതിനെത്ര;

(സി) മേൽപ്പറഞ്ഞ അപേക്ഷകരിൽ എത്രപേർ ഗവണ്മെന്റ് ലൈസൻസിന് നിശ്ചയിച്ച വ്യവസ്ഥകൾ പൂർത്തിയാക്കിയിരുന്നു;

(ഡി) റൈസ്മിൽ എൻക്വയറി കമ്മിറ്റി നിയമിച്ചതെന്ന്;

(ഇ) അതിനുശേഷം ഏതെങ്കിലും മില്ലിന് ലൈസൻസ് കൊടുത്തിട്ടുണ്ടോ?

ഉത്തരം.

(എ) തിരുവിതാംകൂർ വിഭാഗത്തിൽനിന്നും ആകെ ൬൫൪ അപേക്ഷകൾ കിട്ടി.

(ബി) ഗവണ്മെന്റ് നെല്ലുകുത്തുന്നതിന് ൧൨൫, സ്വകാര്യനെല്ലുകുത്തുന്നതിന് ൪൯൮.

(സി) മിക്കപേരും വ്യവസ്ഥകൾ പൂർത്തിയാക്കിയിട്ടുണ്ടെന്നാണ് അപേക്ഷയിൽ കാണിച്ചിട്ടുള്ളത്. എന്നാൽ റൈസ്മില്ലുകൾ സ്ഥാപിക്കുന്നതിനെപ്പറ്റിയുള്ള ഗവണ്മെന്റിന്റെ നയം ഇതുവരെ അവസാനമായി തീരുമാനിച്ചിട്ടില്ലാത്തതിനാൽ അതേപ്പറ്റി കൂടുതൽ അന്വേഷിച്ചിട്ടില്ല.

(ഡി) ൩൦–൧൨–൧൯൫൦ൽ.

(ഇ) ഇല്ല.

Vettithara Bridge.

85. [22] **Shri N. P. Varghese:** Will the Minister for Works be pleased to state :-

(*a*) when did the Vettithara bridge in Kothamangalam-Pothanikat road in Moovattupuzha Sub Division get damaged and become unfit for traffic ;

(*b*) when was the contract for the construction of the bridge given ;

(*c*) when was the masonry work on both sides completed ; and

(*d*) how long will it take to complete the bridge by putting up a concrete platform ?

Answer.

(*a*) On 5th Mithunam 1123, corresponding to 18th June 1948

(*b*) On 7th April 1951.

(*c*) Masonry works up to bed slab level on both sides were completed by the end of March 1952.

(*d*) About one month.

Ban on meeting at Panangad.

86. [24] **Shri P. V. Avira Tharakan :** Will the Minister or Home Affairs be pleased to state :

(*a*) whether the Government have banned a meeting at the Market maidan at Panangad (Trichur District) organised by the Pulaya Mahasabha No. 124 ;

(*b*) if so, what are the reasons ; and

(*c*) whether the Government have received information of a meeting that took place at Srivallisvaram Temple Maidan on the same day ?

Answer.

(*a*) No.

(*b*) Does not arise.

(*c*) No.

റോഡു പണി.

൮൭. [൨൫] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുകുന്ദപുരം താലൂക്കിൽ കാരുമാത്രകടലായിൽനിന്നുള്ള പഞ്ചായത്തുവഴിയിൽനിന്ന് കരൂപ്പടന്ന മെയിൻറോഡിലേയ്ക്ക് ഒരു റോഡ് വേണമെന്നു കാണിച്ച് ആ നാട്ടുകാരുടെ ഏതെങ്കിലും നിവേദനം ഗവണ്മെൻറിലേയ്ക്ക് കിട്ടിയിട്ടുണ്ടോ;

(ബി) ഈ റോഡിൻെറ പണി ആരംഭിക്കുന്നതിന് ഗവണ്മെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഉണ്ട്.

Ramangalam-Piravam Road.

88. [27] **Shri M. V. Cheriyan :** Will the Minister for Works be pleased to state :

(*a*) whether it is a fact that the Ramangalam-Piravam road in cluded in the first 5 year plan and done by the V. R. D. has not been completed for want of a minor bridge and a few culverts ;

(*b*) has the V. R. D. Section submitted plans, estimates etc., to the Department as yet ; and

(*c*) would the Government arrange immediately for the completion of the work ?

Answer.

(*a*) Improvements on the portion of the road included in the first 5 year plan are mostly completed. The bridge required is not in this portion.

(*b*) Yes. Estimate for the portion taken up has been sanctioned already. Estimate for the remaining portion is not yet due as that portion is to be improved in the second five year period.

(*c*) Yes. The works taken up are very nearly completed. Balance works are not due to be taken up immediately.

Onakkoor Bridge.

89. [28] **Shri M. V. Cheriyan :** Will the Minister for Works be pleased to state :

(*a*) whether it is a fact that about 2 or 3 iron planks of the Onakkoor Bridge are thoroughly damaged ; and

(*b*) whether the Government would take immediate steps to repair the Bridge ?

Answer.

(*a*) Yes.

(*b*) Steps have already been taken to repair the bridge.

കൊച്ചുണ്ണിയെ കാണാത്തതിലുള്ള പരാതി.

൯൦. [൫൧] **ശ്രീ. കെ. കെ. അയ്യപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി പറയുമോ :

(എ) തൃക്കാക്കര പകുതിയിൽ വട്ടേക്കുന്നം കരയിൽ താമസിച്ചിരുന്ന കുറങ്ങാട്ടുശ്ശേരി അയ്യപ്പൻ കൊച്ചുണ്ണി എന്ന പുലയനെ ൧൧൨൯ കർക്കടകം ൨൬-ാംനു ഇടപ്പള്ളി വടക്കുംഭാഗം പകുതിയിൽ താമസം അച്ചുതൻകുട്ടി എന്നൊരാൾ ജോലിക്കു വിളിച്ചുകൊണ്ടുപോയിട്ടു ഇതേവരെയും കാണുന്നില്ല എന്നതിനെപ്പറ്റി വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ ;

(ബി) അങ്ങിനെ പരാതി ലഭിച്ചിട്ടുള്ളതിൽ എന്തു നടപടി എടുത്തിട്ടുണ്ട് ?

ഉത്തരം.

(എ)&(ബി) ൨൭-൧൦-൧൯൫൩-ലെ അസംബ്ലി പ്രൊസീഡിംഗ്സ് ഏഴാംവാല്യം ഒന്നാം നമ്പരിലെ ൬൬-൬൭ എന്നീ ഭാഗങ്ങളിൽ ൯. [൧൯] എന്ന ചോദ്യത്തിന്റെ ഉത്തരത്തിലേക്ക് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

പറവൂർ-ചെറായി റോഡ്.

൯൧. [൩൨] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പറവൂർ-ചെറായി റോഡിന്റെ സർവ്വെ കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഇതേപ്പറ്റി ഗവണ്മെന്റിലേയ്ക്കു് നിവേദനങ്ങൾ വല്ലതും കിട്ടിയിട്ടുണ്ടോ ;

(സി) ടി റോഡിന്റേയും ചക്കരക്കടവു പാലത്തിന്റേയും പണി എന്നാരംഭിക്കും ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) ഒരു നിശ്ചിത തീയതി പറയുവാൻ നിവൃത്തിയില്ല. കഴിയുന്നതും വേഗം ആരംഭിക്കുന്നതിന് ശ്രമിക്കുന്നതാണ്.

Investigation of the Kulasekharam Pattanam Kal.

92. [34] **Shri M. William :** Will the Minister for Works be pleased to state :

(*a*) whether the investigation of the Kulasekharam Pattanam Kal is completed ;

(*b*) who has investigated ; and

(*c*) whether the present Superintending Engineer has made any investigation ?

Answer.

(*a*) The investigation of the Kulasekharam Pattanam Kal has been completed.

(*b*) Sub Division Officer Shri K. Krishnan and Resident Engineer Shri G. R. Oliver and Shri P. K. Kurup.

(*c*) Yes ; he was in charge during the initial stage.

എക്സ്പ്രസ്സ് സർവ്വീസ്.

൯൩. [൩൬] ശ്രീ. പി. എസ്സ്. വാസുദേവൻപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പി. ഡബ്ളിയു. ഡി. വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം-പുനലൂർ ട്രാൻസ്പോർട്ടു എക്സ്പ്രസ്സ് സർവ്വീസ്, കോന്നിവരെ നീട്ടുന്നതിനു നടപടി ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അപ്രകാരം ആരംഭിക്കുന്നതിന് ദയവുണ്ടാകുമോ ?

ഉത്തരം.

(എ) ആലോചനകൾ നടന്നുവരുന്നു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

Bus Service.

94. [39] **Shri M. K. Mathai :** Will the Minister for Works be pleased to state :

(*a*) has the Government received any complaint from the students attending classes in the various colleges at Ernakulam from Trippunithura regarding want of enough of bus service in the Ernakulam–Trippunithura bus line ;

(*b*) if any, what action has been taken by the Government ; and

(*c*) if not, will the Government consider plying enough number of buses in the line for the convenience of students at concession rate ?

Answer.

(*a*) Representation was received from the Principal, Maharaja's College, Ernakulam.

(*b*) Timings of buses on the route between 9.15 and 9.45 a.m. have been increased to meet the demands of students. Permits for additional bus services are being issued in routes covering Ernakulam Trippunithura line. It is expected that by this arrangement the difficulty for students will be overcome.

(*c*) Concession to students in private services cannot be enforced by Government under law.

Motion under Rule 43 regarding the Public Debt of the State

Mr. Speaker : The time for interpellations is over. We will proceed to the next item on the agenda,—Motion under Rule 43. The hon. Minister for Finance will now move the motion standing in his name.

12 NOON.

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) **:** I move the following motion :

"Whereas the Public Debt (Central Government) Act, 1944 (Central Act XVIII of 1944) contains provisions relating to Government securities issued by the Central Government and for the management by the Reserve Bank of India of the public debt of the Central Government ;

And whereas the said Public Debt Act has been amended to make its provisions also applicable to securities issued by the States specified in Part A of the First Schedule to the Constitution of India ;

And whereas, in order to avoid inconvenience to the public, it is deemed desirable that the laws and regulations relating to Government securities should be uniform as far as possible throughout India ;

And whereas it is considered desirable that the Reserve Bank of India may be entrusted with the management of the securities issued by the State Government and of the public debt of the State ;

Now, therefore, this House hereby resolves in pursuance of Article 252 of the Constitution of India, that the matters dealt with in the Act aforesaid shall be regulated, in the State of Travancore-Cochin, by Act of Parliament, in so far as Government securities issued by the State Government and the management of the public debt of the State Government are concerned, being matters falling within the scope of Entry 43 of the State List, namely, "Public Debt of the State'. "

സർ, ഈ പ്രമേയത്തിൽ ആവശ്യപ്പെടുന്നതു് നമ്മുടെ State-നെ സംബന്ധിച്ചിടത്തോളം Constitution-ൽ State List ൪൩-ാം വകുപ്പിൽ പറയുന്ന പബ്ളിക്ക് Debt of the State എന്നതിനെപ്പററിയുള്ള എല്ലാ കാര്യങ്ങളും പാർലമെൻറ് നിയമനിർമ്മാണം അനുസരിച്ചു് ആയിരിക്കണം എന്നാണു്. ഇന്നു് ഇൻഡ്യാഗവണ്മെൻറിൽ ഒരു പബ്ളിക്ക് ഡെബ്ററ് ആക്ററ് ഉണ്ടു്. അതിൻെറ പ്രവർത്തനം നമുക്കുംകൂടി ബാധകമാകത്തക്കവണ്ണം ഭേദപ്പെടുത്തുന്നതിനുവേണ്ടിയാണു് ഈ പ്രമേയം കൊണ്ടുവന്നിരിക്കുന്നതു്. അതായതു് നമ്മുടെ ഗവണ്മെൻറിൻെറ വക ലോൺ— ഈ നിയമം ഭേദപ്പെടുത്തിയാൽ ഇൻഡ്യാഗവണ്മെൻറിൻെറ നിയമവുമായി യോജിപ്പിച്ചുകൊണ്ടു പോകുവാൻ കഴിയുമെന്നാണു് ഈ പ്രമേയത്തിൽ പറയുന്നതു്. ഇതിൽ പറഞ്ഞിരിക്കുന്ന പ്രൊവിഷൻസ് എന്തൊക്കെയാണെന്നുള്ളതു് അറിഞ്ഞിരിക്കുന്നതു് നന്നായിരിക്കും. ഇതനുസരിച്ചു് നാം ഒരു ലോൺ ഫ്ളോട്ടു ചെയ്യുകയാണെങ്കിൽ ആ ലോൺ മുഴുവൻതന്നെ തിരുവിതാംകൂർ-കൊച്ചിയിലെ ജനങ്ങളെ സംബന്ധിച്ചതു മാത്രമായിരിക്കുകയില്ല. ഇൻഡ്യയിലെ നാനാഭാഗങ്ങളിലുമുള്ള ജനങ്ങൾ സബ്സ്ക്രൈബ് ചെയ്താൽ മാത്രമേ ആ ലോൺ വിജയകരമാകയുള്ളു. ലോൺ വിജയകരമാകണമെങ്കിൽ പ്രോമിസറിനോട്ടുകളും ബോണ്ടുകളും ഇൻഡ്യയിലെ എല്ലാഭാഗത്തുമുള്ള ആളുകൾക്കു് യഥേഷ്ടം കൈകാര്യം ചെയ്യത്തക്കവണ്ണം ഉള്ളവയായിരിക്കണം. അതായതു് പ്രോമിസറിനോട്ടുകളും ബോണ്ടുകളും രണ്ടും ഒന്നുപോലെ അതാതു് അവസരത്തെ മാർക്കററ് വാല്യൂ അനുസരിച്ചു് ഇൻഡ്യാഗവണ്മെൻറിൻെറ കറൻസിനോട്ടുകൾ മാതിരി വളരെ ലഘുവായ തരത്തിൽ കൈകാര്യം ചെയ്യാവുന്ന ഒരു അവസ്ഥയിൽ വരണം. അതായതു് എ. എന്ന ആളുടെ കയ്യിൽ ഗവണ്മെൻറിൻെറ വക ആയിരം രൂപയുടെ ഒരു പ്രാമിസറിനോട്ടു് ഉണ്ടു് എന്നു വിചാരിക്കുക, അതിനു് വില ഉണ്ടാകണമെങ്കിൽ ഏതവസരത്തിലും എവിടെയും ആ നോട്ടുകൊടുത്താൽ അന്നത്തെ മാർക്കററ്റേററ് അനുസരിച്ചുള്ള വില—വില ചിലപ്പോൾ കൂടിയും കുറഞ്ഞുമിരിക്കും—കിട്ടുവാനുള്ള സൌകര്യം ഉണ്ടായിരിക്കണം. ബോംബെയിലുള്ള ഒരാളുടെ കയ്യിൽ ഒരു പ്രാമിസറി നോട്ടുണ്ടെങ്കിൽ അതു് ഇൻഡ്യയിൽ എവിടെ കൊണ്ടുപോയി കൊടുത്താലും വില കിട്ടുവാനുള്ള സൌകര്യമുണ്ടായിരിക്കും. അതുപോലെ തന്നെ പ്രോമിസറിനോട്ടും ബോണ്ടും കൈവശം വച്ചിട്ടുള്ള ആളുകൾ മരിച്ചുപോയാൽ അതനുസരിച്ചുള്ള സംഖ്യ അവരുടെ ലീഗൽ റെപ്രസൻേററിവ്സിനു കിട്ടുവാനുള്ള വ്യവസ്ഥവേണം. അതുപോലെയുള്ള ലീഗൽ റെപ്രസൻേററിവിൻെറ കാര്യത്തിൽ തക്കങ്ങൾ ഉണ്ടായാൽ

അതു് തീർക്കാനുള്ള വ്യവസ്ഥയും വേണം. കൂടാതെ പലിശയും ഇൻഡ്യയിലെ ഏതു ഭാഗത്തുള്ള ഹോൾഡേഴ്സിനും കിട്ടുവാനും, എല്ലാവർക്കും കടമെടുക്കുവാനും സബ്സ്ക്രൈബ് ചെയ്യാനും എല്ലാവർക്കും നിഷ്പ്രയാസം കഴിയുന്നവിധത്തിലും ഉള്ള സൗകര്യങ്ങൾ ഉണ്ടാകണം. ചുരുക്കി പറയുകയാണെങ്കിൽ നാം ഒരു ലോൺ ഫ്ളോട്ടുചെയ്താൽ അതു് ഇൻഡ്യ ഒട്ടുക്കുള്ള ആളുകൾക്കും നിഷ്പ്രയാസം കൈകാര്യം ചെയ്യത്തക്ക ഒരു ആധാരം ഉണ്ടായിരിക്കണം. അതിന് റിസർവ് ബാങ്കുമായി നമുക്ക് ഒരു കരാറിൽ ഏർപ്പെടേണ്ട ആവശ്യമുണ്ട്. ഈ പ്രമേയം പാസാക്കാത്ത പക്ഷം നമുക്ക് റിസർവ് ബാങ്കുമായി ഉള്ള കൈകാര്യം നടത്തുന്നതിന് ബുദ്ധിമുട്ടുകൾ ഉണ്ടാകും. ഇതിലെ ചില വകുപ്പുകൾ ഞാൻ ഈ ബഹുമാനപ്പെട്ട സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരാം. ഇതിൽ മൂന്നാമത്തെ സെക്ഷനിൽ പറഞ്ഞിരിക്കുന്നതു്

"Subject to the provisions of Section 5, a transfer of a Government security shall be made only in the manner prescribed for the making of transfers of securities of the place to which it belongs and no transfer of a Government security made after the commencement of this Act shall be valid (*a*) if it does not conform to the full title of the security, or (*b*) if it is of such a nature as to affect the manner in which the security was expressed by the Central Government to be held."

"Nothing in this section shall affect any order made by the Bank under this Act or any order made by a Court upon the Bank."

ഇതിൽ സെൻട്രൽ ഗവണ്മെൻറ് എന്നുള്ളതിനു പകരം സ്റ്റേററുഗവണ്മെൻറ് എന്നാക്കിയിട്ടുണ്ട്.

അതായതു് ഗവണ്മെൻറ് സെക്യൂറിററി കൈമാററം ചെയ്യുന്നതു് ഇന്നവിധത്തിലേ പാടുള്ളൂ എന്നു് നിർദ്ദേശം കൊടുക്കുന്നതാണു് ഇതു്. ഈ ഗവണ്മെൻറിന്റെ ആവശ്യത്തിനു് ഈ സ്റ്റേററിൽ ഒരു നിയമമുണ്ടാക്കുകയാണെങ്കിൽ അതു് ബോംബെയിലോ മററു രാജ്യങ്ങളിലോ ഉള്ള ആളുകൾക്കു് ബാധകമാകുന്നില്ല. ഒരു കാമൺ ലിസ്റ്റു് അനുസരിച്ചു് ഉണ്ടാകുന്ന നിയമമാണെങ്കിൽ നെഗോഷ്യബിൾ ഇൻസ്ട്രുമെൻറ്സ് ആക്ററ് പ്രകാരം ഗവണ്മെൻറിന്റെ വക പ്രോമിസറിനോട്ടുകളും ബോണ്ടുകളും ഇൻഡ്യയിൽ എവിടെയും ഉള്ളവർക്കു് കൈകാര്യം ചെയ്യുവാൻ ബുദ്ധിമുട്ടുണ്ടാകുകയില്ല. സെക്ഷൻ നാലിൽ പറയുന്നതു് ഇപ്രകാരമാണു്. അതായതു്

Section 4: Transfer of Government securities not liable for amount thereof എന്നതിനെപ്പററി

"Not withstanding anything contained in the Negotiable Instruments Act, 1881, a person shall not, by reason only of his having transferred a Government security, be liable to pay any money due either as principal or as interest thereunder."

ഇതാണ് ഞാൻ ആദ്യം പറഞ്ഞതു്, നെഗോഷ്യബിൾ ഇൻസ്ട്രുമെൻറസ് ആക്ട് പ്രകാരം സെക്യൂറിററി ട്രാൻസ്ഫർ ചെയ്യുന്ന ആളുകൾക്ക് ആ പണത്തിൻെറ ചുമതലയുംകൂടി ഉണ്ടായിരിക്കും.

ശ്രീ. എ. താണുപിള്ള: ഇപ്പോൾ നമ്മുടെ ബോണ്ടിനെ സംബന്ധിച്ചിടത്തോളം നിലവിലുള്ള വ്യവസ്ഥകളുമായിട്ടു വല്ല വ്യത്യാസവുമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് നമ്മുടെ സ്റ്റേററിലേതാണ് എന്നുള്ള വ്യത്യാസം മാത്രമേയുള്ളു. ഈ പ്രമേയം പാസ്സാകുകയാണെങ്കിൽ മററു സ്റ്റേററുകൾക്കുംകൂടി ബാധകമാകും. അപ്പോൾ എല്ലാ സ്ഥലത്തും ഒരു നിയമമാണെന്നുള്ള നിലവരും. അതായതു് ഒരു പബ്ലിക്ക് ആഫീസർ സെക്യൂറിട്ടി ഹോൾഡ് ചെയ്യുകയാണെങ്കിൽ പിന്നീടുള്ള ആളുകൾക്ക് അവകാശമനുസരിച്ചു് ആ സെക്യൂറിട്ടി ബാധകമാകും. നമ്മുടെ ഫിനാൻസ് സെക്രട്ടറിയുടെ പേരിൽ ഒരു സെക്യൂറിട്ടി ഉണ്ടെങ്കിൽ അതു് ആ ആളിൻെറ പേരിൽ ആയിരിക്കുകയില്ല. ഉദ്യോഗസ്ഥൻെറ പേരിൽ ആയിരിക്കും. ഇന്നു് എ. എന്നൊരു ആളാണെങ്കിൽ നാളെ ഫിനാൻസ് സെക്രട്ടറിയായി വരുന്നതു് ബി. എന്നൊരാളായിരിക്കും. അങ്ങിനെ ആ ബോണ്ടു് പിന്നീടു വരുന്ന ആൾക്ക് അവകാശപ്പെടാൻ സാദ്ധ്യമാകും. ഇൻഡ്യയിലെ കാമൺലാ അനുസരിച്ചു് ഒരു പ്രാപ്പർട്ടി സംബന്ധിച്ചും ട്രസ്റ്റിയെ സംബന്ധിച്ചും ഉള്ള അവകാശങ്ങൾ നിയമംമൂലം ഉണ്ടെന്നു് വരുന്നതുകൊണ്ടു് ദോഷമില്ല. അതാണ് ആറാമത്തെ സെക്ഷനിൽ പറയുന്നതു്. എ. എന്നയാൾക്കു ഒരു വസ്തു ഉണ്ടെങ്കിൽ ആ വസ്തുവിൽ അയാളുടെ യഥാർത്ഥഅവകാശം ഉണ്ടായിരിക്കുന്നതല്ല. അയാൾക്ക് അതിൽ ഒരു നാമമാത്ര അവകാശമേ ഉള്ളൂ. ഒരു ട്രസ്റ്റിയിലുള്ള അവകാശം മറെറാരു ട്രസ്റ്റിക്ക് ആണെന്നു വരുമ്പോൾ അതു് സംബന്ധിച്ചു് തെളിവുകൊടുത്തു വാദിക്കുവാനും തടസ്ഥമില്ല. ഇപ്പോൾ തിരുവിതാംകൂർ-കൊച്ചിയിൽ നിലവിലുള്ള നിയമമനുസരിച്ചു് ആ വ്യവസ്ഥ ഉണ്ടു്. ആ നിയമം അനുസരിച്ചു് ബാംബെയിലും കൽക്കട്ടായിലും ഉള്ള ആളുകളുമായി ബോണ്ടും പ്രോമിസറിനോട്ടും കൈകാര്യം ചെയ്യുവാൻ ഈ ഗവണ്മെൻറിനു് ബുദ്ധിമുട്ടുണ്ടു്. അതു കൊണ്ടാണു് ഈ വകുപ്പു് മാററിയിട്ടുള്ളതു്. ഗവണ്മെൻറ് ബോണ്ടുകളും പ്രോമിസറിനോട്ടുകളും സംബന്ധിച്ചു് അതിൽ ആരുടെ പേരു് കാണിച്ചിരിക്കുന്നുവോ അയാൾക്കല്ലാ യഥാർത്ഥാവകാശം. ഇന്നത്തെ നിയമത്തിൽ യഥാർത്ഥഅവകാശം കാണിക്കുന്നതിനുള്ള വകുപ്പു് ഇല്ല.

ശ്രീ. എ. താണുപിള്ള: മററു സ്റ്റേററുകളിൽ ഇതിനുള്ള പ്രൊവിഷൻ ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മററു സ്റ്റേററുകളെപ്പോലെ നമുക്കും അഖിലേൻഡ്യാരംഗത്തിൽ പ്രവേശിക്കേണ്ടതായിട്ടാണു് ഇരിക്കുന്നതു്.

ശ്രീ. എം. എം. അബ്ദുൽഖാദർ: ഇൻഡ്യാഗവണ്മെൻറിൻെറ മററുനിയമങ്ങൾ ഏതെങ്കിലും ഇവിടെ അഡാപ്റ്റ് ചെയ്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൧൯൪൮-ൽ ഇൻഡ്യാ ഗവണ്മെൻറ് ഒരു പബ്ലിക്ക് ഡെബ്റ്റ് ആക്ട് പാസ്സാക്കിയിട്ടുണ്ട്. ൧൯൩൫-ലെ ഗവണ്മെൻറ് ഓഫ് ഇൻഡ്യാ ആക്ട് അനുസരിച്ച് പബ്ലിക്ക് ഡെബ്റ്റ് അഫ് ദി സ്റ്റേറ്റ് എന്നുള്ളതു് ഒരു പ്രത്യേകവിഷയമായതുകൊണ്ട് അതിനെസംബന്ധിച്ച് ഒരു നിയമനിർമ്മാണം ചെയ്യേണ്ടതു് ആവശ്യമായിത്തീർന്നിട്ടുണ്ട്. ഈ നിയമത്തിൽ ഈ പ്രമേയത്തിൽ പറയുന്ന സംഗതികൾ പാർലമെൻറിന് അംഗീകരിക്കുവാനുള്ള അധികാരം ഉണ്ടാകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ആർട്ടിക്കിൾ ൨൫൨ അനുസരിച്ച് ഈ പ്രമേയം പാസ്സാക്കണമെന്ന് ആവശ്യപ്പെടുന്നതു്. ബഹുമാനപ്പെട്ട ആലുവാമെമ്പർ പറഞ്ഞമാതിരി ഇതു് ഇൻഡ്യൻ നിയമമനുസരിച്ച് ഒരു കൺകറൻറ് legislation ആയിട്ടു മാത്രമേ ഇപ്പോൾ ചെയ്യുവാൻ തരമുള്ളു. അതിന് ഇങ്ങനെ ഒരു പ്രമേയം പാസ്സായാൽ മാത്രമേ സ്റ്റേറ്റുകൾക്ക് ബാധകമാക്കിക്കൊണ്ടുള്ള ഒരു നിയമം നടപ്പിൽവരുത്തുവാൻ സാദ്ധ്യമാവുകയുള്ളു.

ശ്രീ. കെ. കെ. കുമാരപിള്ള: ഇതുപോലെ പ്രമേയം പാസ്സാക്കിയിട്ടുള്ള വേറേ ഏതെങ്കിലും സ്റ്റേറ്റുകളുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒൻപതു് പാർട്ട് എ സ്റ്റേറ്റുകളിലും മൂന്നുനാലു ബി. സ്റ്റേറ്റുകളിലും ഈ പബ്ലിക്ക് ഡെബ്റ്റിനെ സംബന്ധിച്ചടത്തോളം ഉള്ള മാനേജ്മെൻറ് റിസർവ്വ് ബാങ്കിന് കൊടുക്കണമെന്നുള്ള നിയമം പ്രാബല്യത്തിൽ വരുത്തണമെന്ന് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ഈ. പി. വർഗീസ്: നമ്മുടെ സ്റ്റേറ്റ് റിസർവ് ബാങ്കുമായി ഇതിനെ സംബന്ധിച്ച് വല്ല കരാറും ഉണ്ടായിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൧൯൫൧ ഒടുവിൽ നമ്മുടെ സ്റ്റേറ്റും റിസർവ് ബാങ്കുമായി ഇതിനെസംബന്ധിച്ച് ഒരു കരാറുണ്ടായിട്ടുണ്ട്.

ഏഴാമത്തെ സെക്ഷൻ മലബാറിലോ തിരുവിതാംകൂർ-കൊച്ചിയിലോ ഉള്ള ജനങ്ങളുടെ ഒരു പ്രത്യേകആവശ്യത്തിനുവേണ്ടിയുള്ളതാണ്. അതായതു് മലബാറിലേയോ തിരുവിതാംകൂർ-കൊച്ചിയിലേയോ അവിഭക്തഹിന്ദു തറവാട്ടിലെ ഒരു കാരണവന്റെ പേരിൽ വല്ല ബോണ്ടോ പ്രാമിസറിനോട്ടോ ഉണ്ടെങ്കിൽ ആ കാരണവൻ മരിച്ചുപോയാൽ അദ്ദേഹത്തിന്റെ പിൻതുടർച്ചക്കാരന് അതിന്റെ അവകാശം കൊടുക്കുന്നതിനുള്ള സെക്ഷൻ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

എട്ടാമത്തെ സെക്ഷനിൽ പറയുന്നതു് ഒരു ബോണ്ടോ പ്രാമിസറിനോട്ടോ രണ്ടാളുകളുടെ പേരിൽ ഉണ്ടെങ്കിൽ അതിൽ ഒരാൾ മരിച്ചാൽ അതു് സർവൈവ് ചെയ്തുപോകും എന്നുള്ളതാണ്.

ശ്രീ. പി. ഗോവിന്ദപ്പിള്ള: സർ, ബഹുമാനപ്പെട്ട മന്ത്രി കാളേജിൽ പ്രൊഫസർ നിയമം പഠിപ്പിക്കുന്നതുപോലെ പ്രസംഗിക്കുന്നതിനുപകരം നമുക്കു ഇവിടെ ലോൺ ഫ്ളോട്ടുചെയ്യുന്നതിൽ ഇപ്പോൾ വന്നിട്ടുള്ള ബുദ്ധിമുട്ട് എന്താണെന്ന് പറഞ്ഞാൽ കൊള്ളാം. ഏതുപരിതസ്ഥിതിയിലാണ് നമുക്ക് ഈ നിയമം ഇവിടെ ബാധകമാക്കേണ്ടി വന്നിരിക്കുന്നതു് എന്നുള്ളതിനെക്കുറിച്ച് പറഞ്ഞാൽ കൊള്ളാം.

Mr. Speaker: If the hon. Member has got a question he can put that or offer any information he wants to the House. Any member of the House has a right to proceed with his speech in the way in which he wants to.

ശ്രീ. പി. ഗോവിന്ദപ്പിള്ള: ഒരു അഭിപ്രായം പറഞ്ഞു എന്നേയുള്ളു.

Mr. Speaker: There is a method in saying that, either in putting a question or making an observation.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൧൯൪൪-ലെ ഇൻഡ്യൻ പബ്ലിക് ഡെറ്റ് ആക്റ്റ് നമ്മുടെ പബ്ലിക് ലോണിന് അപ്ലൈ ചെയ്യണമെന്നാണ് ഈ പ്രമേയത്തിൽ പറയുന്നത്. ഞാൻ ധരിച്ചത് ഇങ്ങനെയുള്ള ഒരു പ്രമേയം സ്വീകരിക്കണമോ വേണ്ടയോ എന്നു തീർച്ചയാക്കുന്നതിനു മുമ്പ് ഏതു നിയമമാണോ ഇവിടെ നടപ്പാക്കാൻ പോകുന്നത് ആ നിയമത്തിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്നു നാം അറിഞ്ഞിരിക്കുന്നതു നല്ലതാണ് എന്നാണ്. ഏതു നിയമമാണ് ഇവിടെ ബാധകമാക്കാൻ പോകുന്നത് എന്നു അറിയുന്നതിനുവേണ്ടിയാണ് അതിലെ വ്യവസ്ഥകൾ ഓരോന്നായി ഞാൻ പ്രത്യേകം എടുത്തു കാണിച്ചത്. അല്ലാതെ എന്റെ പാണ്ഡിത്യത്തെ പ്രകടിപ്പിക്കുന്നതിനു വേണ്ടിയല്ല. രണ്ടിലധികം ആളുകളുടെ പേരിൽ ഒരു പ്രാമിസറി നോട്ടോ അല്ലെങ്കിൽ ഒരു ബോണ്ടോ വരികയാണെന്നുണ്ടെങ്കിൽ അതിന് കോൺട്രാക്റ്റ് ആക്റ്റ് അനുസരിച്ച് ചില വ്യവസ്ഥകൾ ഉണ്ട്. അതിന് വിപരീതമായ ചില വ്യവസ്ഥകളാണ് പബ്ലിക് ഡെറ്റിന്റെ മാനേജുമെന്റിൽ ഉള്ളത്. അതുകൊണ്ട് ആ വ്യവസ്ഥ നമുക്ക് എല്ലാ ദിക്കിലും ബാധകമാക്കണം. അതിന് ഇൻഡ്യൻ നിയമമില്ലാതെ ബാധകമാക്കുവാൻ സാധ്യമല്ല. അതിനെസംബന്ധിച്ചാണ് എട്ടാമത്തെ സെക്ഷനിൽ പറയുന്നത്.

ശ്രീ. എ. താണുപിള്ള: അതനുസരിച്ചുള്ള വകുപ്പുകളല്ലേ ഇവിടത്തെ നിയമത്തിലും ഉള്ളത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തിരുവിതാംകൂർ-കൊച്ചിയിലുള്ള ഒരു ഹോൾഡറെ സംബന്ധിച്ച് ഇവിടെ ഉണ്ടാക്കുന്ന നിയമം ബാധകമാകും. എന്നാൽ ബാംബേയിലോ കൽക്കത്തായിലോ ഉള്ള ഒരു ഹോൾഡറെ സംബന്ധിച്ച് നമ്മുടെ നിയമം ബാധകമല്ല. അതായത് ബാംബെയിലുള്ള ഒരാൾ നമ്മുടെ ഒരു ബോണ്ട് എടുക്കുകയാണെങ്കിൽ അതിന് നമ്മുടെ നിയമം ബാധകമാകുകയില്ല. അതിന് ഇൻഡ്യൻ ലാ ആവശ്യമാണ്.

ശ്രീ. എ. താണുപിള്ള: നമ്മുടെ ലോൺ ബാംബെയിലുള്ള ഒരാൾ എടുക്കുകയാണെങ്കിൽ അതിന് നമ്മുടെ ലാ ബാധകമാകുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ക്ലിയറായിട്ടുള്ള ഒരു കാര്യമല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഇപ്പോഴും തിരുവിതാംകൂർ-കൊച്ചി-ഗവണ്മെൻറിന് ഇതിന് ഒരു നിയമമില്ലാതിരിക്കുകയാണോ?

Mr. Speaker : When putting questions, the dignity of the House should be maintained.

Shri N. Raghava Kurup : The hon. Speaker should take it that Members who put questions do so in that spirit. The Members are always anxious to get proper information. The question that has been put by me is a dignified one according to my knowledge and it has been aimed to get proper information on the matter.

Mr. Speaker : Order, order. It has become a very difficult thing for me because even the most primary and elementary things have to be brought to the notice of the hon. Members. The hon. Members may think anything to be dignified or undignified. But they may kindly understand that what the Speaker thinks and decides will prevail and will have to prevail in this House.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ബഹുമാനപ്പെട്ട മെംബർ ചോദിച്ചതിൻെറ അർത്ഥം ഞാൻ ധരിക്കുന്നതു് ഇത്രനാളും നാം ഈ കാര്യങ്ങൾ നടത്തിയതു് എങ്ങനെയാണ് എന്നാണ്. അതിന് വളരെ എളുപ്പത്തിൽ മറുപടി പറയാം. ൧൯൫൦ വരെ തിരുവിതാംകൂറും കൊച്ചിയും ഈവക കാര്യങ്ങളെ സംബന്ധിച്ചിടത്തോളം സ്വതന്ത്ര സ്റേറററുകളായിരുന്നതുകൊണ്ടു് നമുക്കു നമ്മുടെ നിയമമല്ലാതെ വേറെ ഒരു നിയമമുണ്ടാക്കുവാൻ നിവൃത്തിയില്ലായിരുന്നു. അന്നു് ഇൻഡ്യാ ഗവണ്മെൻറിൻെറ ഒരു നിയമം ഇവിടെ ബാധിക്കുകയില്ല. ഇൻഡ്യാ ഗവണ്മെൻറിൻെറ നിയമം, അനുസരിച്ചു് നമുക്കു് അന്നു് പ്രവർത്തിക്കുവാൻ നിവൃത്തിയില്ല. നമുക്കു് നമ്മുടെ പരിമിതമായ രംഗത്തു് പ്രവൎത്തിക്കുവാൻ മാത്രമേ സാധ്യതയുണ്ടായിരുന്നുള്ളു. അന്നു് ബാംബേയിലോ മററാ ഉള്ള ഒരാൾ തിരുവിതാംകൂറിലെയോ കൊച്ചിയിലെയോ ഒരു ബാണ്ടു് എടുക്കുകയാണെങ്കിൽ ബാംബേയിൽ ഉള്ള ആൾക്കു് അന്നു് റിലീഫ് കിട്ടിയിരുന്നതു് അന്നു് ഉണ്ടായിരുന്ന international ലാ അനുസരിച്ചാണ്. എന്നാൽ ൧൯൫൦ ജനവരി ൨൬-ാം തീയതി ഭരണഘടന വന്നതിനുശേഷം ബാംബേയിലും തിരുവിതാംകൂർ-കൊച്ചിയിലും ബാധിക്കുമായിരുന്ന international ലാ പിന്നീടു് ബാധകമല്ലാതായിത്തീൎന്നു. അന്നുമുതൽ ബാംബേയും തിരുവിതാംകൂർ-കൊച്ചിയും എല്ലാം ഒരു രാജ്യമായിത്തീർന്നു.

ശ്രീ. സി. അച്യുതമേനോൻ: ൧൯൫൦-നു് മുമ്പു് തിരുവിതാംകൂർ-കൊച്ചിയ്ക്കു വെളിയിലുള്ള ഒരാൾക്കു് തിരുവിതാംകൂർ-കൊച്ചിയിലുള്ള ഒരാളിൽ നിന്നു് റിലീഫ് കിട്ടണമെങ്കിൽ അതിനു് ഇൻറർനാഷണൽ ലാ അനുസരിച്ചേ നിവൃത്തിയുണ്ടായിരുന്നുള്ളു എന്നു പറഞ്ഞതു് അത്രശരിയാണെന്നു് എനിക്കു തോന്നുന്നില്ല. അയാൾക്കു് ഇവിടത്തെ നിയമം അനുസരിച്ചു് റിലീഫ് കിട്ടാൻ സാധിച്ചിരുന്നില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അന്നു് ബോംബെയിലുള്ള ഒരാൾക്കു് തിരുവിതാംകൂറിലോ കൊച്ചിയിലോ ഉള്ള ഒരാളിൽനിന്നു് റിലീഫ് കിട്ടണമെങ്കിൽ അതിനുള്ള അന്യായം തിരുവിതാംകൂറിലോ കൊച്ചിയിലോ കൊടുക്കണം. ബോംബെയിൽ കൊടുത്താൽ പോരാ. തിരുവിതാംകൂറിലോ കൊച്ചിയിലോ കൊടുത്താൽ അതിനെ ഗവേൺ ചെയ്യുന്നതു് ഇവിടത്തെ നിയമമായിരിക്കും. ബോംബെയിൽ അയാൾ അന്യായം കൊടുക്കുകയാണെങ്കിൽ ഇന്റർനാഷണൽ നിയമം അനുസരിച്ചു് അതിവിടെ എക്സിക്യൂട്ടു് ചെയ്യുവാൻ സാദ്ധ്യമല്ല. അതുകൊണ്ടു് അന്നു് ബോംബെയിലോ കൽക്കത്തയിലോ ഉള്ള ഒരാൾ ഒരു വ്യവഹാരം കൊടുക്കണമെന്നുണ്ടെങ്കിൽ അതു് തിരുവിതാംകൂർ-കൊച്ചി കോടതികളിൽ കൊടുക്കണം. ഇന്നു് അങ്ങിനെയല്ല. അടുത്തകാലത്തു് ഇങ്ങനെയുള്ള എക്സ്പാർട്ടി വിധികൾ നമ്മുടെ രാജ്യത്തു് എക്സിക്യൂട്ടു് ചെയ്യാമോ എന്നുള്ളതിനെ സംബന്ധിച്ചു് തിരുവിതാംകൂർ-കൊച്ചി ഹൈക്കോടതിയിൽ ചില വിധികൾ ഉണ്ടായിട്ടുണ്ടു്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഇൻഡ്യൻ നിയമം ഇവിടെ ബാധകമാക്കുന്നതുകൊണ്ടു് നമുക്കു് ഗുണമോ ദോഷമോ ഉള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇൻഡ്യൻ പബ്ലിക്ക് ഡെറ്റ് ആക്ട് ഈ സ്റ്റേറ്റിനു് ബാധകമാക്കുന്നതുകൊണ്ടു് കൂടുതൽ സൗകര്യവും ഗുണവും ഉണ്ടു്.

Mr. Speaker : I find that seveal Members are standing; and most of them cannot at the same time attract the attention of the Speaker or catch his eye, and therefore whenever Members want to do that, they will call 'Sir' when standing.

ശ്രീ. എം. എം. അബ്ദുൽ ഖാദർ: സർ, ബാങ്കിനെ സംബന്ധിച്ച കേസുകൾ ഇവിടെ കൊടുക്കുവാൻ ബുദ്ധിമുട്ടുണ്ടാകുമെന്നു പറഞ്ഞുവല്ലോ. എന്തുതരം കേസുകൾക്കാണു് ബുദ്ധിമുട്ടുകൾ ഉള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കേസുകൊടുക്കുവാൻ ബുദ്ധിമുട്ടു് ഉണ്ടെന്നല്ലാ ഞാൻ പറഞ്ഞതു്. കാൺസ്റ്റിറ്റ്യൂഷൻ വരുന്നതിനുമുമ്പു് തിരുവിതാംകൂറും കൊച്ചിയും വേറെ രാജ്യങ്ങളായിരുന്നതുകൊണ്ടു് ഇവിടത്തെ നിയമംതന്നെ ഇവിടെ നടക്കുകയുള്ളു.

ഒൻപതാമത്തെ സെക്ഷനിൽ ഉള്ളതു് ആയിരമോ രണ്ടായിരമോ രൂപ ബാങ്കിലോ ലോണിലോ ഇൻവെസ്റ്റു് ചെയ്തിട്ടുള്ള ഒരാൾ മരിച്ചുപോയാൽ അയാളുടെ അനന്തിരാവകാശിയുടെ പേർക്കു് ആ ലോണോ, ബാങ്കോ ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള പ്രൊവിഷനാണു്. തിരുവിതാംകൂർ-കൊച്ചിയെ സംബന്ധിച്ചിടത്തോളം റിസർവ് ബാങ്കിന്റെ ഏജന്റായി ഇംപീരിയൽബാങ്കു് ഇപ്പോൾ പ്രവർത്തനം നടത്തുന്നുണ്ടു്. ആയിരമോ രണ്ടായിരമോ രൂപ ലോണിലോ ബാങ്കിലോ ഇൻവെസ്റ്റു് ചെയ്തിട്ടുള്ള ഒരാൾ മരിച്ചുപോയാൽ അയാളുടെ അനന്തരാവകാശിക്കു് അതു് സ്ഥാപിച്ചുകിട്ടണമെങ്കിൽ അതു് കോടതികളിൽ പോകാതെ റിസർവ് ബാങ്കിൽനിന്നുതന്നെ ട്രാൻസ്ഫർ

ചെയ്യുവാനുള്ള ഒരു വകുപ്പാണിതു്. ഞാൻ ഈ വിഷയത്തെപ്പററി കൂടുതലായി പറയണമെന്നു വിചാരിക്കുന്നില്ല.

അടുത്തകാലത്തു് ഹൈദരാബാദ്, മൈസൂർ, മദ്ധ്യഭാരത്, സൗരാഷ്ട്രം എന്നീ പാർട്ട് ബി സ്റേറററുകളും റിസർവ് ബാങ്കുമായി ഈ വിഷയത്തിൽ ഒരു എഗ്രിമെൻറ് ഉണ്ടായിട്ടുണ്ടു്. എല്ലാ പാർട്ട് എ സ്റേററുകളും റിസർവ് ബാങ്കുമായി ഈ വിഷയത്തിൽ എഗ്രിമെൻറ് ഉണ്ടായിക്കഴിഞ്ഞിട്ടുണ്ടു്. ബഹുമാനപ്പെട്ട സഭ ഒന്നു ധരിക്കേണ്ടതുണ്ടു്. നമുക്കു് ഇപ്പോൾ പലവിധത്തിലുള്ള ഡവലപ്പ്മെൻറ് പദ്ധതികൾ ഉണ്ടു്. ഈ പദ്ധതികളുടെ നടത്തിപ്പിനു് വേണ്ടി നമുക്കു് ചിലപ്പോൾ കടം എടുക്കേണ്ടിവരും. അങ്ങനെ അഖിലേന്ത്യാ രംഗത്തു് സാമ്പത്തിക കാര്യങ്ങളിൽ നാം പ്രവർത്തിക്കേണ്ടിവരും. ഈ കാര്യങ്ങളിൽ റിസർവ് ബാങ്കിനെപ്പോലെയുള്ള ഒരു നാഷണൽബാങ്ക് നമ്മുടെ ഗവണ്മെൻറിൻെറ ബാങ്ക് പ്രവർത്തനങ്ങൾ നടത്തുവാൻ തയാറാകുന്നതു് നമുക്കു് സൗകര്യവും ഗുണപ്രദവുമാണു്. ഇന്നു് നമ്മുടെ നാഷണൽബാങ്കായ റിസർവ്ബാങ്കാണു്. നമ്മുടെ രാജ്യത്തിൻെറ സാമ്പത്തികമായ എല്ലാ കാര്യങ്ങളേയും നിയന്ത്രിച്ചുകൊണ്ടിരിക്കുന്നതു്. അങ്ങനെയുള്ള ഒരു അവസരത്തിൽ നമ്മുടെ പബ്ലിക്ക് ഡെററുകൾ മാനേജുചെയ്യുവാൻ അതായതു് പലിശകിട്ടേണ്ടവർക്കു് പലിശകിട്ടുവാനും ബാണ്ടോ ലോണോ ഒരാളുടെ പേരിൽനിന്നു വേറെ ഒരാളുടെ പേരിൽ മാററിക്കിട്ടുവാനും ഈ ഗവണ്മെൻറിനുവേണ്ടി പ്രാമിസറിനോട്ടിൽ ഒപ്പിടുവാനും മററുമുള്ള കാര്യങ്ങൾ നടത്തുവാൻ........

ശ്രീ. എ. കുഞ്ഞൻ നാടാർ: റിസർവ് ബാങ്കിൻെറ ബ്രാഞ്ചു് ഇപ്പോൾ ഇവിടെ ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല. അതിൻെറ ഏജൻറ് ഉണ്ടു്.

ശ്രീ. എ. കുഞ്ഞൻ നാടാർ: ബ്രാഞ്ചില്ലെങ്കിൽ ഈവക കാര്യങ്ങൾ നടത്തുന്നതിനു് അസൗകര്യങ്ങൾ ഉണ്ടാകുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോഴത്തെ ഏജൻറ് ഇംപീരിയൽബാങ്കാണു്. അതു് തിരുവിതാംകൂർ ബാങ്കിനു് കൊടുക്കുവാനുള്ള ഏർപ്പാടു് ആയിക്കഴിഞ്ഞിട്ടുണ്ടു്.

Shri A. A. D. Luiz : Could not the other banks do such functions ?

Shri Panampilli Govinda Menon : Absolutely not. നമ്മുടെ നാട്ടിലുള്ള ബാങ്കുകൾ ഒന്നും ഈവക കാര്യങ്ങൾ ചെയ്യാറില്ല. അതുകൊണ്ടു് നമ്മുടെ നാട്ടിലുള്ള ബാങ്കുകൾക്കു് ഒന്നും ഇതു് ബാധകമല്ല. പാർട്ട് എ സ്റേററുകളെല്ലാം ഈ ബാങ്കിൻെറ പ്രവർത്തനം ഈവക കാര്യങ്ങളിൽ സ്വീകരിച്ചിട്ടുള്ളതാണു്. ഹൈദരബാദ്, മൈസൂർ, മദ്ധ്യഭാരത്, സൗരാഷ്ട്ര എന്നീ പാർട്ട് ബി സ്റേററുകളും അംഗീകരിച്ചിട്ടുള്ളതുപോലെ പബ്ലിക്ക് ഡെററിൻെറ പ്രവർത്തനം നമ്മുടെ രാജ്യത്തുകൂടി ബാധകമാക്കുന്ന തരത്തിലുള്ള ഈ വിഷയം അംഗീകരിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. എ. താണുപിള്ള: ഇതിന് ഇപ്പോഴത്തെ സെക്യൂരിററി ഹോൾഡേഴ്സിന്റെ സമ്മതം വേണ്ടേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് വേണമെന്നില്ല. ഇപ്പോഴത്തെ സെക്യൂരിററി ഹോൾഡേഴ്സിന് മുൻപിലത്തെപ്പോലെ തന്നെ നടത്താം.

ശ്രീ. എ. താണുപിള്ള: ൧൯൪൪-ലെ ആക്ടിലും, ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഈ റസലൂഷനിലും അതിനു് ഒരു വ്യവസ്ഥയും ചെയ്തു കാണുന്നില്ല. ഇതിൽ പറഞ്ഞിരിക്കുന്നതു് "Whereas ... .now therefore, this House hereby resolves in pursuance of Article 252 of the Constitution of India, that the matters dealt with in the Act aforesaid shall be regulated, in the State of Travancore-Cochin, by Act of Parliament, in so far as Government Securities issued by the State Government and the management of the public debt of the State Government are concerned, being matters falling within the scope of Entry 43 of the State List, namely, Public Debt of the State."

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിലേക്കു ഈ ഗവണ്മെന്റിൽ നിന്നും റിസർവ് ബാങ്കുമായിട്ടു് സെപ്പറേററ് എഗ്രിമെന്റ് നടത്തിയിട്ടുണ്ടു്. അതിൽ പറഞ്ഞിരിക്കുന്നതു്,

"The management of the existing loans of the Travancore-Cochin State will continue to be dealt with by the Public Debt office."

ശ്രീ. എ. താണുപിള്ള: ഒരു പുതിയ ലോൺ എടുക്കുകയാണെങ്കിൽ റിസർവ്വ് ബാങ്കിന്റെ അനുമതി വേണമോ? അതോ നമ്മുടെ സാൾവൻസിയെ മാത്രം ബേസ് ചെയ്തിരിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ആക്ടിൽ പുതിയതായി ഫ്ളോട്ടു ചെയ്യുന്ന ലോണിനെപ്പററിയാണു് പറയുന്നതു്. ഇൻഡ്യയൊട്ടുകെയുള്ള നാഷണൽ ബാങ്കിനെ ചുമതലപ്പെടുത്തുകയെന്നുള്ളതാണു് ഈ റസലൂഷന്റെ ഉദ്ദേശം.

ശ്രീ. എ. താണുപിള്ള: മേലാൽ ലോൺ ഫ്ളോട്ടുചെയ്യുന്നതിനു് കൂടുതൽ സൗകര്യം ലഭിക്കുമോ? റിസർവ് ബാങ്കു ഗാരന്റി കൊടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൂടുതൽ സൗകര്യങ്ങളുണ്ടു്. ബാംബെയിലും മററും മണി മാക്കററിൽ നിന്നുള്ള ലോൺ സൗകര്യങ്ങൾ കൂടുതൽ ഉണ്ടാകും. ലോൺ എങ്ങനെ ഫ്ളോട്ടുചെയ്യണമെന്നുള്ളതിനെ സംബന്ധിച്ചു് ഒന്നും തന്നെ ഇതിലില്ല. അതു ഫ്ളോട്ടുചെയ്തു കഴിഞ്ഞാൽ മാനേജുചെയ്യുന്നതിനെപ്പററിയാണു് ഇതിലുള്ളതു്. ഗാരന്റിയെപ്പററിയുമല്ല.

ശ്രീ. ആർ. കേശവപിള്ള : നമ്മുടെ പബ്ലിക്ക് അസററ്സു സംബന്ധിച്ച റിസർവ്വ ബാംങ്കിനു് എന്തെങ്കിലും അധികാരമുണ്ടോ ;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മണിമാക്കററ കൺഡിഷൻസു അനുകൂലവും ലോ ിന തക്കതായ സാൾവെൻസിയുമുണ്ടെങ്കിൽ റിസർവ്വ്ബാംക് അതു അണ്ടർ റൈററ ചെയ്യും.

ശ്രീ. ആർ. കേശവപിള്ള : ഇതുകൊണ്ടു് കൂടുതൽ ചെലവു വരുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. പി. വി. അവിരാ തരകൻ : ഇതു വേറെ എതെങ്കിലും സ്റ്റേററുകൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സ്വീകരിച്ചിട്ടുണ്ടു്. ഒൻപതു് പാർട്ടു എ. സ്റ്റേററുകളും, നാലു പാർട്ടു ബി. സ്റ്റേററുകളും റസലൂഷൻ പാസാക്കിയിട്ടുണ്ടു്. അവിടെയെങ്ങും മാർക്കററ വാല്യൂ കുറവുണ്ടായതായി ഓർമ്മയില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ : മേലാലുള്ള ലോൺസു അവർ മാനേജു ചെയ്യണമെന്നു പറഞ്ഞു. അതിനു അവരുടെ പെർമിഷൻ ആവശ്യമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പെർമിഷൻ വേണ്ടാ. ഡലിക്കേററ കൺസ്റ്റ്യൻസു് പലതുമുണ്ടു്, സാങ്കേതികമായ പല കാര്യങ്ങളിലും അവരുടെ അഡൈ്വസു ആവശ്യമുണ്ടു്.

ശ്രീ. സി. അച്യുതമേനോൻ : ൧൯൪൮-ലെ നിയമം നമുക്കു ബാധകമല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ൧൯൫൦ ജനുവരി ൧-ാം നു- കൾ ശേഷം മാത്രമെ, ൧൯൪൮-ലെ നിയമം ബാധകമാകുന്ന പ്രശ്നം ഉദിക്കുന്നുള്ളു.

ശ്രീ. സി. അച്യുതമേനോൻ : അതിൽ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ കണ്ടതുകൊണ്ടാണോ, ഈ നിയമം ഇപ്പോൾ ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൧൯൫൦-നു മുൻപു് തിരുവിതാംകൂർ ഒരു സ്വതന്ത്രരാജ്യമായിരുന്നു. അക്കാലത്തു ലോൺ ഫ്ളോട്ടു ചെയ്യുന്ന കാര്യത്തിനു് യാതൊരു ബുദ്ധിമുട്ടും ഉണ്ടായിരുന്നില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : അന്നു് വെളിയിൽ നിന്നും ആരെങ്കിലും സബ്സ്ക്രൈബു ചെയ്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടു്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : എത്രയുണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു് നോട്ടീസു വേണം.

ശ്രീ. എ. താണുപിള്ള : ഇപ്പോൾ നമുക്കു എത്ര കടമുണ്ടു്? തിരുവിതാംകൂറിനു മുൻപുണ്ടായിരുന്ന കടം കൂടാതെ കൊച്ചിയുംകൂടി ചേർത്തപ്പോൾ ലോൺസു് എത്രയുണ്ടെന്നാണു് ചോദിച്ചതു്,

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൊച്ചിക്കു വേറെ ലോൺ ഉണ്ടെന്നാണ് എന്റെ ഓർമ്മ.

Shri A. A. D. Luiz: After making this new arrangement, will the Government be permitted to avail themselves of accommodation from any other bank?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു വിരോധമില്ല. ഇപ്പോഴുംതന്നെ നമുക്കു പല ആനുകൂല്യങ്ങളും റിസർവ്വ് ബാങ്കിൽ നിന്നും കിട്ടുന്നുണ്ട്. റിസർവ്വ ബാങ്കുമായി എഗ്രിമെന്റ ഇല്ലായിരുന്നുവെങ്കിൽ ഫുഡ് ഡിപ്പാർട്ടുമെന്റിന്റെയും മററും വെളിയിലുള്ള ചെലവുകൾക്കായി, പലിശ ആവശ്യപ്പെടുന്ന പല കമേഴ്സ്യൽ ബാങ്കുകളുമായി നാം ഇടപെടേണ്ടിവരുമായിരുന്നു.

ശ്രീ. സി. അച്യുതമേനോൻ: സർ, ഞാൻ ഈ പ്രമേയത്തെ ശക്തിയായി എതിർക്കുന്നു. അതു് മൗലികമായ ഒരു തത്വത്തെ അടിസ്ഥാനമാക്കിയാണ്. ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചു, സ്റ്റേററിലെ ഭരണസംബന്ധമായ എല്ലാ അധികാരങ്ങളും കേന്ദ്രഗവണ്മെന്റിനു നൽകാനല്ല ഈ പ്രമേയംകൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്നും, ഈയൊരു പ്രത്യേക കാര്യത്തെപ്പററി മാത്രമാണ് ഉദ്ദേശിച്ചിട്ടുള്ളതെന്നും. ഇൻഡ്യൻ പബ്ളിക് ഡെററ ആക്ററ് തിരുവിതാംകൂർ-കൊച്ചിക്കുകൂടി ബാധകമാകുന്നതു ജനങ്ങൾക്ക് നല്ലതാണെന്നും പറഞ്ഞു. ഇതു് ശരിയോ തെറേറാ എന്നു ഞാൻ ഇപ്പോൾ ഉടൻ പരിശോധിക്കാനൊരുങ്ങുന്നില്ല. അതേ സമയംതന്നെ ഇവിടെ ഉണ്ടായിട്ടുള്ള സംഭവവികാസങ്ങൾ പരിശോധിച്ചുനോക്കിയാൽ, ഈ ഗവണ്മെന്റിനുള്ള പരിമിതമായ അധികാരങ്ങളിൽ നിന്നു പലതും കേന്ദ്രഗവണ്മെന്റിന് വിട്ടുകൊടുത്തുകൊണ്ടാണ് ഈ കാൺഗ്രസ്സുഗവണ്മെൻറ് പ്രവർത്തിച്ചുവരുന്നതെന്നു കാണാം. ഇങ്ങനെ തുടർന്നുകൊണ്ടുപോകുന്നതു് ശരിയല്ലെന്നാണു എന്റെ അഭിപ്രായം. അതുകൊണ്ടു കൂടുതൽ ഗുണം ഗവണ്മെന്റിനു സിദ്ധിക്കുന്നുവെന്നാണ് പറയുന്നതു്. എന്നാൽ ഫലം നേരെമറിച്ചാണെന്നാണ് എനിക്ക് അഭിപ്രായമുള്ളതു്. ഇൻഡ്യൻ കാൺസ്റ്റിററ്യൂഷനിൽ ഇന്നു് നിലവിലിരിക്കുന്ന വ്യവസ്ഥകളടങ്ങിയിട്ടുള്ള സ്റ്റേററുകളുടെ മേലുള്ള അധികാര കേന്ദ്രീകരണംതന്നെ ശരിയല്ലെന്നുള്ള എന്റെ അഭിപ്രായം വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു ഇൻഡ്യൻ ഭരണഘടന വിഭാവനം ചെയ്യപ്പെടാൻ ആരംഭിച്ച ആ കാലംമുതൽക്കേ ഫെഡറൽ രീതിയിലുള്ള ഒരു ഭരണഘടനയായിരിക്കണം അതെന്നും അതിൽ അവശിഷ്ടാധികാരം സംസ്ഥാനങ്ങൾക്കായിരിക്കണമെന്നുമുള്ള അഭിപ്രായമായിരുന്നു അന്നു ദേശീയവൃത്തങ്ങളിൽ ഉണ്ടായിരുന്നതു്. ൧൯൨൮-ൽ ബ്രിട്ടീഷു ഗവണ്മെന്റിന്റെ ചലഞ്ച് (വെല്ലുവിളി) സ്വീകരിച്ചുകൊണ്ടു പരേതനായ മോട്ടിലാൽ നെഹ്റു ഒരു കാൺസ്റ്റിററ്യൂഷൻ എഴുതിയുണ്ടാക്കി. അതിൽ എന്തെല്ലാം ഗുണങ്ങൾ ഉണ്ടായിരുന്നാലും അന്നു കാൺഗ്രസ്സിനുപോലും അതു് സ്വീകാര്യമായിരുന്നില്ല. ഞാൻ മനസിലാക്കുന്നതു് അധികാരകേന്ദ്രീകരണത്തെ അടിസ്ഥാനമാക്കിയാണ് അതു് എഴുതിയിരുന്നതെന്നാണ്. അതുകൊണ്ടാണ് അതു അന്നു കാൺഗ്രസ്സിനു

പോലും സ്വീകാര്യമല്ലാതെ വന്നതു്. എന്തുതന്നെ ഉൽകൃഷ്ടതകൾ ആ ഭരണഘടനയ്ക്കുണ്ടായിരുന്നാലും അതു് തിരസ്കരിക്കുവാൻ കാൺഗ്രസ്സ് നിർബ്ബന്ധിതമായിത്തീർന്നു. ഘടകസംസ്ഥാനങ്ങൾക്കു് പരിപൂർണ്ണമായ സ്വയംഭരണം അഥവാ കഴിയുന്നതും വിപുലമായ അധികാരങ്ങൾ ഉണ്ടായിരിക്കണമെന്നും കേന്ദ്രത്തിനു് അതുകഴിച്ചു ആവശ്യംവേണ്ട അധികാരങ്ങൾമാത്രമെ ഉണ്ടായിരിക്കാവു എന്നും ആയിരുന്നു അന്നു കാൺഗ്രസ്സിനുള്ളിലെ അഭിപ്രായഗതി. അവശിഷ്ടാധികാരങ്ങൾ കേന്ദ്രത്തിനല്ല, സംസ്ഥാനങ്ങൾക്കായിരിക്കണമെന്നായിരുന്നു കാൺഗ്രസിന്റെ ദൃഢമായ അഭിപ്രായം. എന്നാൽ ഇന്നത്തെ ഭരണഘടനയിൽ നേരെമറിച്ചാണു്. അവശിഷ്ടാധികാരങ്ങൾ കേന്ദ്രത്തിനാണു് നൽകിയിരിക്കുന്നതു്. ആർട്ടിക്കിൾ ൨൪൮-ൽ അതു വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ടു്. അങ്ങനെ മൗലികമായിട്ടു അധികാര കേന്ദ്രീകരണം കൂടിക്കൂടിവരികയും സംസ്ഥാനങ്ങളിലെ അധികാരം നഷ്ടപ്പെടുകയും ചെയ്യുന്ന ഒരവസ്ഥയാണു് കഴിഞ്ഞ ഏതാനുംകൊല്ലത്തെ അനുഭവത്തിൽനിന്നും നമുക്കുണ്ടായിട്ടുള്ളതു്. ഈ വികാസത്തെ ഞാൻ ഭയാശങ്കയോടുകൂടിയാണു് വിവക്ഷിക്കുന്നതു്. ഇൻഡ്യൻ ഭരണഘടന നിലവിൽ വന്നതിനുശേഷം ഉണ്ടായിട്ടുള്ള സംഭവങ്ങൾ പരിശോധിക്കുകയാണെങ്കിൽ സ്റ്റേറ്റുകൾക്കു് തന്നിട്ടുള്ള അധികാരങ്ങൾപോലും ബലികഴിക്കുന്ന ഒരു പരിതസ്ഥിതിയാണു ഇന്നിവിടെയിരിക്കുന്ന കാൺഗ്രസുഗവണ്മെന്റ് വരുത്തിയിട്ടുള്ളതെന്നു ഒരു ആക്ഷേപമുണ്ടു്. അതു അടിസ്ഥാനരഹിതമല്ലെന്നു ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. ൩൭൧-ാം വകുപ്പനുസരിച്ചു മേലാൽ ൧൦ കൊല്ലകാലത്തേയ്ക്കു.... ....

Shri. A. A. D. Luiz: Can the hon. Member quote one or two instances where this Government have surrendered their rights ?

Shri C. Achyutha Menon : That is exactly what I am going to do now.

ഇൻഡ്യൻ ഭരണഘടന നടപ്പിൽവന്നു ൧൦ കൊല്ലക്കാലം കഴിയുന്നതുവരെ പാർട്ടു ബി സ്റ്റേറ്റുകളെ സംബന്ധിച്ചിടത്തോളം പ്രസിഡന്റിനു ഒരു നിയന്ത്രണമുണ്ടായിരിക്കണമെന്നു് അനുശാസിക്കുന്ന ൩൭൧-ാംവകുപ്പു പാസാക്കിയ അവസരത്തിൽതന്നെ അതു സംബന്ധിച്ചു് ശക്തിയായ എതിർപ്പുകൾ നാട്ടുരാജ്യപ്രതിനിധികൾ പുറപ്പെടുവിക്കുകയുണ്ടായി. ആ അവസരത്തിൽ പരേതനായ വല്ലഭായി പട്ടേൽ ഒരു ഉറപ്പു നൽകുകയുണ്ടായി. മൈസൂറിനെയും തിരുവിതാംകൂറിനെയും സംബന്ധിച്ചാണു് ആ ഉറപ്പു നൽകുകയുണ്ടായതു്. എല്ലാ സ്റ്റേറ്റുകളുടെയും വളച്ച് ഓരേതരത്തിൽ എത്തിയിട്ടില്ലെന്നും അതുകൊണ്ടു് ഇങ്ങനെയൊരു പ്രൊവിഷൻ ആവശ്യമാണെന്നുമാണു് അദ്ദേഹം പ്രസ്താവിച്ചതു്. പക്ഷെ അതേയവസരത്തിൽതന്നെ മൈസൂറിനെയും തിരുവിതാംകൂർ-കൊച്ചിയേയും സംബന്ധിച്ചിടത്തോളം ആ വ്യവസ്ഥ ബാധകമാക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും അദ്ദേഹം പ്രസ്താവിച്ചതായി കാണുന്നു. ആ അവസരത്തിൽ ഇന്നത്തെ ധനകാര്യമന്ത്രിയായിരിക്കുന്ന ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോന്റെ ഒരു പരസ്യപ്രസ്താവന ഉണ്ടായിട്ടുണ്ടു്. അതായതു് മേൽപ്പറഞ്ഞ തരത്തിലുള്ള ഒരു ഉറപ്പു് സർദാർ പട്ടേലിന്റെ കയ്യിൽനിന്നും കിട്ടിയതിന്റെ അടിസ്ഥാനത്തിലാണു് ആർട്ടിക്കിൾ ൩൭൧ പാസാക്കു

[ശ്രീ. സി. അച്യുതമേനോൻ.]

ന്നതിനു കാൺഗ്രസ്സുമെമ്പറന്മാർ സമ്മതിച്ചിട്ടുള്ളതെന്ന്. എന്നാൽ നമ്മുടെ അനുഭവമെന്താണ്? ആ ആർട്ടിക്കിൾ ഇന്നു നിലവിലിരിക്കുകയാണ്. ആ ആർട്ടിക്കിളിന്റെ പ്രവർത്തനത്തിൽനിന്ന് ഈ സ്റ്റേറ്റിനെ ഒഴിവാക്കാമെന്ന ഒരു ഉറപ്പ് സർദാർ പട്ടേൽ തന്നിരുന്നുവെങ്കിൽ തന്നെയും അപ്രകാരമുള്ള ഒരു പ്രഖ്യാപനം നമ്മുടെ സ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളം ഉണ്ടായിട്ടില്ലെന്നു നമുക്കറിയാം. നേരെമറിച്ച് മൈസൂരിലെ കാൺഗ്രസ്സ് ഭരണാധികാരികൾ അങ്ങനെയൊരു പ്രഖ്യാപനം ഉണ്ടാകുന്നതിന് പരിശ്രമിച്ചതിന്റെ ഫലമായി അവർക്ക് അതു സമ്പാദിക്കുവാൻ കഴിഞ്ഞുവെന്നും നമുക്കെല്ലാമറിയാം. ഇതിൽനിന്നും സാധാരണക്കാരായ ആളുകൾക്കു മനസ്സിലാക്കാൻ കഴിയുന്നതു് ഇവിടത്തെ ഗവൺമെൻറ് ശക്തിയുക്തം കേന്ദ്രഗവൺമെൻറിനോടു വേണ്ട കാര്യങ്ങളെപ്പററി വാദിക്കുന്നില്ലായെന്നാണ്. അതുകൊണ്ടാണ് ഇന്നും ൨൭൮-ാം വകുപ്പനുസരിച്ചുള്ള പരാധീനത നമ്മുടെ സ്റ്റേറ്റിനു അനുഭവിക്കേണ്ടിവന്നിട്ടുള്ളതു്.

ഭരണഘടനയിലെ ഫിനാൻഷ്യൽ പ്രൊവിഷനെ സംബന്ധിച്ചും ചില കാര്യങ്ങൾ സ്പർശിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ പബ്ലിക്ക്ഡെററ് മാനേജുചെയ്യുന്നതിനെ റിസർവ്വുബാങ്കിനെ ചുമതലപ്പെടുത്തുന്ന ഉദ്ദേശിക്കുന്ന ഈ അവസരത്തിൽ ആ കാര്യവും പ്രസക്തമാണെന്ന് ഞാൻ വിചാരിക്കുന്നു. ഭരണഘടന ൨൭൮-ാം വകുപ്പിൻപ്രകാരം പാർട്ടു ബി സ്റ്റേറ്റുകൾക്കു സെൻട്രൽ ഗവൺമെൻറുമായി ഒരു കരാറു ഉണ്ടാക്കുന്നതിനുള്ള വ്യവസ്ഥയുണ്ടു്. അതായതു സാമ്പത്തിക സംയോജനം വരുന്ന അവസരത്തിൽ ഒരു പാർട്ടുബി സ്റ്റേറ്റിന്റെ പലനികുതിയിനങ്ങളും കേന്ദ്രത്തിനു വിട്ടുകൊടുക്കേണ്ടിവരുന്നതു കൊണ്ടു് ആ സ്റ്റേറ്റിന്റെ സാമ്പത്തികമായ ഭദ്രതയെ പരിഗണിച്ച് ഒരു അന്തരാളഘട്ടമായ ൧൦ വർഷത്തേക്കെങ്കിലും പ്രസ്തുതസ്റ്റേറ്റിനു ഒരു സാമ്പത്തിക പരാധീനത വരാതിരിക്കാൻ ഒരു പ്രത്യേകഎഗ്രിമെൻറ് ഉണ്ടാക്കുന്നതിനുള്ള അവകാശമാണ് ഈ വകുപ്പുമൂലം സിദ്ധിച്ചിട്ടുള്ളതു്. അതനുസരിച്ച് ഒരു എഗ്രിമെൻറു നമ്മുടെ ഗവൺമെൻറു സെൻട്രൽ ഗവൺമെൻറുമായി ഉണ്ടാക്കിയിട്ടുണ്ടു്. അതു സംബന്ധിച്ചുള്ള വിവരങ്ങൾ നിങ്ങൾക്കെല്ലാം അറിയാമെന്നുള്ളതു കൊണ്ടു് അതിന്റെ വിശദാംശങ്ങളിലേക്കു ഞാൻ കടക്കുന്നില്ല. ഞാൻ ചോദിക്കുന്നതു അങ്ങനെ ഒരു എഗ്രിമെൻറ് ഉണ്ടാക്കിയതുകൊണ്ടു് നമുക്ക് എന്തു മെച്ചമാണ് ഉണ്ടായിട്ടുള്ളതെന്നാണ്. അങ്ങനെ ഒരു എഗ്രിമെൻറു ഉണ്ടാകാതെയിരുന്നാൽ തന്നെയും ഒരു വ്യത്യസ്തമായ നില ഇവിടെയുണ്ടാകുമായിരുന്നുവെന്നു എനിക്കു തോന്നുന്നില്ല. ഏതായാലും എഗ്രിമെൻറു ഉണ്ടായതുകൊണ്ടു് എന്തെങ്കിലും മെച്ചം ഉണ്ടായതായി തെളിയിക്കാൻ സാദ്ധ്യമല്ല. എഗ്രിമെൻറുവ്യവസ്ഥകൾ അപ്രകാരമുള്ളവയാണ്. ഈ അടുത്തയവസരത്തിൽ ഫിനാൻസ് കമ്മിഷൻ അവരുടെ റെക്കമെൻഡേഷൻ സമർപ്പിച്ചതു കാണാൻ കഴിഞ്ഞു. നമ്മുടെ സ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളം ചില വ്യവസ്ഥകൾ അതിലുണ്ടു്. നമ്മുടെ സ്റ്റേറ്റിനു ഇൻകംടാക്സ് ഡിവിസിബിൾപൂളിൽ നിന്നും ൨·൫ ശതമാനം തരാനും സെൻട്രൽ എക്സയിസിൽ നിന്നു ൨·൭൮ ശതമാനം

തരാനും വ്യവസ്ഥയുണ്ട്. ഈ രണ്ടിനം നികുതികൾക്കും പുറമെ സെൻട്രൽ ഗവണ്മെൻറ സഹായധനമായി ൫ കൊല്ലത്തേക്ക് ൪൫ ലക്ഷം രൂപ വീതം തരാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ മൂന്നും കിട്ടിയാൽതന്നെ നമുക്ക ൩൨൩ ലക്ഷം രൂപ മാത്രമെ ഒരു കൊല്ലത്തിൽ കിട്ടുവാൻ സാദ്ധ്യമുള്ളുവെന്നു ആ റെക്കമെൻറേഷനിൽ നിന്നും മനസ്സിലാക്കാൻ സാധിക്കും. അതിൽ പാർട്ട് എ-യും ബി-യും സ്റ്റേറ്റുകളെ പൊതുവെ ബാധിക്കുന്ന ചില റെക്കമെൻറേഷനും ഉണ്ട്. മററ പാർട്ട് എ സ്റ്റേറ്റുകൾക്കും ബി സ്റ്റേറ്റുകൾക്കും കിട്ടുന്നതിൽ നിന്നും വ്യത്യസ്ഥമായ എന്തെങ്കിലും പരിഗണന തിരുവിതാംകൂർ-കൊച്ചിക്കു കിട്ടിയിട്ടുണ്ടോയെന്നാണു ഞാൻ ചോദിക്കുന്നതു്. ഇല്ല. നേരെമറിച്ച് ബംഗാൾ, ബീഹാർ, ഒറീസാ മുതലായ സംസ്ഥാനങ്ങൾക്ക ജൂട്ട് എക്സ്പോർട്ട ഡ്യൂട്ടിയിൽ നിന്നു ഒരു വീതം കിട്ടുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനു കാൺസ്റ്റിട്യൂഷനിൽ തന്നെ പ്രത്യേകമായി വ്യവസ്ഥയുണ്ട്. ആ സംസ്ഥാനങ്ങളിലെ സാമ്പത്തികമായ ഭദ്രത നിലനിർത്തുന്നതിനു കരുതലോടുകൂടി കാൺസ്റ്റിട്യൂഷനിൽ തന്നെ അതിനു പ്രത്യേകം വകുപ്പുകൾ എഴുതിച്ചേർക്കാൻ കഴിഞ്ഞു. നമ്മുടെ ഈ സ്റ്റേററിന് അതിനെക്കാൾ മെച്ചപ്പെട്ട ഒരു കരാറുതന്നെ സെൻട്രൽഗവണ്മെൻറുമായി ഉണ്ടാക്കാനുള്ള ഒരു പരിതസ്ഥിതിയും സന്ദർഭവും സാദ്ധ്യതയും ൨൭൮-ാംവകുപ്പു പ്രത്യേകമായി നൽകുന്നുണ്ട്. അങ്ങനെ പ്രത്യേകമായി നൽകുന്ന അവസരത്തെപ്പോലും നമ്മുടെ ഗവണ്മെൻറ് ഉപയോഗപ്പെടുത്തിയിട്ടില്ലായെന്നുള്ളതാണ് എൻെറ ആക്ഷേപം. മൗലികമായി തുടർന്നുവന്നിട്ടുള്ള ഈ നയത്തിൻെറ ഫലമായി നമ്മുടെ ഗവണ്മെൻറ് നഷ്ടപ്പെടുകയാണു ചെയ്തിട്ടുള്ളതെന്നു്, കൂടുതൽ കൂടുതൽ അധികാരങ്ങൾ കേന്ദ്രത്തിനു വിട്ടുകൊടുത്തുകൊണ്ടു വാസ്തവത്തിൽ ഗുണമല്ല ദോഷമാണ് ഉണ്ടായിട്ടുള്ളതെന്നു കാണിക്കാൻ വേണ്ടിയാണ് ഞാൻ ഈ വസ്തുതകൾ ഇവിടെ ഉദ്ധരിച്ചതു്.

ലോൺകാര്യത്തെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ പ്രസംഗം അവസാനിച്ചപ്പോൾ ഞാൻ ഒരു ചോദ്യം ചോദിക്കുകയുണ്ടായി. എൻെറ സംശയങ്ങൾ മുഴുവൻ ആ ചോദ്യത്തിൽ അടങ്ങിയിട്ടുണ്ടായിരുന്നു. ഇതുവരെ തിരുവിതാംകൂർ ഗവണ്മെൻറും കൊച്ചിഗവണ്മെൻറും പല ലോണുകളും ഫ്ളോട്ടുചെയ്തിട്ടുണ്ട്. അതിൻെറ മാനേജ്മെൻറ സംബന്ധിച്ചു പ്രായോഗികമായി എത്രമാത്രം ബുദ്ധിമുട്ടുണ്ടായിരുന്നുവെന്നാണ് അറിയേണ്ടതു്. പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു, മേലാൽ ഇങ്ങനെയുള്ള ലോൺ ഫ്ളോട്ടു ചെയ്യുന്നതിനു വളരെ വൈഷമ്യങ്ങൾ ഉണ്ടാകും എന്നൊക്കെയാണ് അദ്ദേഹം പറഞ്ഞിരുന്നതെങ്കിൽ ഞാൻ അവഗാഢമായി അതിനെ പരിശോധിക്കാൻ തയാറാകുമായിരുന്നു. അതിന് അദ്ദേഹത്തിനു കഴിഞ്ഞില്ല. ഇതുവരെ തുടർന്നുവന്നതുപോലെ കേന്ദ്രത്തിനു കൂടുതൽ അധികാരം കൊടുക്കേണ്ട ആവശ്യമുണ്ട്, ആ ആവശ്യത്തെ ലാക്കാക്കി ഒരു പ്രമേയം കൊണ്ടുവന്നിരിക്കുന്നുവെന്നാണു ഞാൻ മനസ്സിലാക്കുന്നതു്. ഇപ്പോൾ ഈ പ്രമേയം പാസാക്കുന്നുവെങ്കിൽ മേലാൽ ഈ വിഷയം സംബന്ധിച്ചുള്ള നിയന്ത്രണം കേന്ദ്രത്തിനാണു വരുന്നതു്. ഇതിനു മുമ്പുള്ള ഇൻഡ്യാഗവണ്മെൻറ ആക്ടിൻെറ സ്ഥിതി ഇതല്ല. ൧൯൩൫-ലെ ആക്ററ പ്രകാരം ഇങ്ങനെ പൊതുവെ സ്റ്റേറ്റുകൾക്ക

[ശ്രീ. സി. അച്യുതമേനോൻ.]

ബാധകമായിട്ടുള്ള ഒരു നിയമം കേന്ദ്രപാർലമെൻറുതന്നെ പാസ്സാക്കി നടപ്പിൽ വരുത്തിയിട്ടുണ്ടെങ്കിൽതന്നെയും ഏതെങ്കിലും ഒരു സ്റ്റേററിൽ ആ വ്യവസ്ഥ ബാധകമാകുന്നതു നല്ലതല്ലെന്നു അഭിപ്രായം വരികയാണെങ്കിൽ ആ നിയമം പ്രസ്തുത സ്റ്റേററിനെ സംബന്ധിച്ചിടത്തോളം ബാധകമായിരിക്കുന്നതല്ലാ എന്നുതീരുമാനിക്കാനുള്ള അധികാരം ആ പ്രാവിൻസിനു് ഉണ്ടായിരുന്നു. എന്നാൽ ഇന്നു പാസാക്കുന്ന ആക്ടു് പ്രകാരം ഏതെങ്കിലും ബുദ്ധിമുട്ടു നമുക്കു് ഏതെങ്കിലും അവസരത്തിൽ നേരിടുകയാണെങ്കിൽ അതിൽനിന്നു ഒഴിവാകുവാൻ സാദ്ധ്യമല്ല. അതിനു് ഒരു നിയമനിർമ്മാണം ഉണ്ടാകണമെങ്കിൽ മററു എല്ലാ സംസ്ഥാനങ്ങളും അനുകൂലിക്കേണ്ടതായിട്ടാണിരിക്കുന്നതു്. അങ്ങനെ പൊതുവായി എല്ലാ സംസ്ഥാനങ്ങളും ആവശ്യപ്പെട്ടാൽ മാത്രമെ നമുക്കൊരു ഭേദഗതി ചെയ്യാൻ സാധിക്കുകയുള്ളു. ഇതു വളരെ ആപൽക്കരമാണെന്നാണു് എനിക്കു തോന്നുന്നതു്. കോൺസ്റ്റിട്യുവൻറു അസംബ്ലി ഫിനാൻഷ്യൽ പ്രൊവിഷൻ സംബന്ധിച്ചു സ്റ്റേററുകൾക്കു് ഉണ്ടായിരിക്കേണ്ട നിലയെപ്പററി ചർച്ചചെയ്യുന്നതിനു് ഒരു എക്സ്പേർട്ടു കമ്മററിയെ നിയമിക്കയുണ്ടായി. ആ കമ്മററിയുടെ റിപ്പോർട്ടിൽ നിന്നു പ്രസക്തമായ ഒരു ഭാഗം ഞാൻ ഇവിടെ വായിക്കാൻ ആഗ്രഹിക്കുന്നു. ആ എക്സ്പേർട്ടു കമ്മററി മെമ്പർമാർ ശ്രീ. നളിനിരഞ്ജൻ സർക്കാർ, ശ്രീ. വി. എസ്. സുന്ദരം, ശ്രീ. എം. വി. രങ്കാചാരി എന്നിവരാണു്.

"The present position is that the Provinces have the freedom to borrow in the open market in India except when they are indebted to the Centre. The most outstanding advantage of the freedom of borrowing is the sense of financial responsibility it creates ; for, there is no more accurate, sensitive and dependable meter of the credit of a borrowing Government than the reaction of the securities market. We do not therefore wish to withdraw this freedom. Nevertheless, it is necessary to have some machinery which would ensure that borrowing Governments do not, by their competition, upset the capital market. This machinery is now provided through the Reserve Bank which advises all the Governments, but in view of the ambitious programmes of development both by the Centre and by the Units, it may become necessary to set up some kind of expert machinery, both competent and definitely empowered, to fix the order of priority of the borrowings of the different Governments. In some countries, this co-ordination is effected either by a Ministerial Conference or by a Loans Council. Such machinery should not affect the responsibility of a Government for its borrowing policy, and should help only in the timing of the loan and avoidance of unnecessary competition. The co-ordination by the Reserve

Bank has worked well in practice and so long as it works well we do not recommend any change. We assume that there will be no distinction between federating States and the Provinces in this respect."

ഇതിൽ അവസാനഭാഗത്തു പറയുന്നുണ്ട് കോഓർഡിനേറ്റിംഗ് മെഷ്യനറിയായി റിസർവ്ബാങ്ക് പ്രവർത്തിക്കുമെന്ന്. അതു ശ്രദ്ധിക്കാതെയല്ല ഞാൻ പറയുന്നതു്. കേന്ദ്രഗവണ്മെന്റും പല സംസ്ഥാനഗവണ്മെന്റുകളുംകൂടി കടമെടുക്കാൻ തുടങ്ങുമ്പോൾ അനാശാസ്യമായ മത്സരം നിമിത്തം പല വിപണിയിൽ (മണിമാക്കറ്റിൽ) കുഴപ്പമുണ്ടാകാനിടയുണ്ട്. അതിനെല്ലാം ന്യായമായ ഒരു തീരുമാനം ഉണ്ടാക്കുന്നതിനു വേണ്ടി ഒരു കോഓർഡിനേറ്റിംഗ് മെഷ്യനറി ആവശ്യമാണ്. അതു തൽക്കാലം റിസർവു ബാങ്ക് മതിയെന്നു കമ്മററി അഭിപ്രായപ്പെട്ടിരിക്കുകയാണ്. പക്ഷെ ഈ വക കാര്യങ്ങൾ ശരിയായി ചെയ്യുന്നതിന് ഒരു മിനിസ്റ്റീരിയൽ കാൺഫറൻസോ ഒരു ലോൺസ് കൗൺസിലോ ഉണ്ടാക്കുന്നതു നന്നായിരിക്കുമെന്നും പറയുന്നുണ്ട്. അത്തരത്തിൽ നമ്മെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ നേരിടാൻ നാം ശ്രമിക്കണം. അതിൽ നിന്നു വ്യത്യസ്തമായി റിസർവു ബാങ്കിനെ ഈ ചുമതല ഏൽപ്പിക്കുന്നതു അഭിലഷണീയമാണെന്ന് എനിക്കു തോന്നുന്നില്ല. അതു പറയുന്ന അവസരത്തിൽ ഈ റിസർവുബാങ്കിന്റെ ഡ്യൂട്ടികളെ സംബന്ധിച്ചും കൂടുതലായ അധികാരങ്ങൾ അതിനു നൽകുന്നതിനെ സംബന്ധിച്ചും എനിക്കു വ്യക്തമായ എതിരഭിപ്രായമുണ്ടെന്ന കാര്യം പ്രസ്താവിച്ചുകൊള്ളട്ടെ.

Mr. Speaker : The House will now rise and meet again after lunch.

The House rose for lunch at 1 p. m. and reassembled at 2 p. m. with Mr. Speaker in the Chair.

2 P. M.

ശ്രീ. സി. അച്യുതമേനോൻ : റിസർവുബാങ്ക് ഈ രാജ്യത്തെ ഒരു ദേശീയ ബാങ്കാണെന്നു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറയുകയുണ്ടായി. എന്തു അർത്ഥത്തിലാണു അതു ഒരു ദേശീയ ബാങ്ക് എന്നു പറഞ്ഞതെന്നു വ്യക്തമായില്ല. പക്ഷെ ഞാൻ ഊഹിക്കുന്നതു, പൊതുവെ ഇൻഡ്യയിൽ ബാങ്കിംഗുകാര്യങ്ങൾ നിയന്ത്രിക്കുന്നതും ഷെയർഹോൾഡർമാരുടെതല്ലാത്തതും, ഗവണ്മെന്റിനു താൽപ്പര്യമുള്ളതും ആയ ഒരു ബാങ്ക് എന്ന അർത്ഥത്തിലാണ് ഒരു ദേശീയബാങ്ക് എന്നു അദ്ദേഹം പറഞ്ഞതു് എന്നാണ്. പക്ഷെ അതു ഒരു ദേശീയബാങ്കായി സമ്മതിച്ചുതരാൻ ഞാൻ ഒരുക്കമില്ല. ഒരു ദേശീയ ബാങ്ക് എന്നു പറയണമെങ്കിൽ ദേശീയ വ്യവസായങ്ങളെ പോഷിപ്പിക്കാനുള്ള നയവും പരിപാടികളും ആ ബാങ്കിനുണ്ടായിരിക്കണം. യഥാർത്ഥത്തിൽ അങ്ങനെയാണോ ഈ ദേശീയബാങ്ക് എന്നു പറയുന്ന റിസർവു ബാങ്ക് പ്രവർത്തിക്കുന്നതു്? അതു ഇവിടത്തെ നാടൻ വ്യവസായികളെ ഏതു തരത്തിലാണു ബാധിക്കുന്നതെന്നു നാം ആലോചിക്കേണ്ടതാണ്. എന്റെ അറിവിൽപ്പെട്ടിടത്തോളം ഈ റിസർവുബാങ്ക് ഇടത്തരക്കാരേയും ചെറിയതരക്കാരായ വ്യവസായികളേയും പ്രോത്സാഹിപ്പിക്കുന്നില്ല എന്നു മാത്രമല്ല വൻകിട മുതലാളിമാരുടെ ഒന്നാംകിടയിൽ നിൽക്കുന്ന

[ശ്രീ. സി. അച്യുതമേനോൻ.]

കുത്തക മുതലാളിമാരുടെ താൽപര്യങ്ങൾ സംരക്ഷിക്കുകയും അവരുടെ വ്യവസായങ്ങൾക്കു പോഷണം നൽകുകയുമാണ് ഈ ബാങ്കിന്റെ നയം. ഇതു എന്റെ പരിമിതമെങ്കിലും നേരിട്ടുള്ള അനുഭവത്തിൽനിന്നുതന്നെ പറയാൻ കഴിയും. കുറച്ചുകാലംമുമ്പു ഇരിഞ്ഞാലക്കുടയിൽ അണ്ടിവ്യവസായത്തിനു സ്തംഭനം നേരിടുകയുണ്ടായി. അതേക്കുറിച്ചു ഞാൻ അവിടുത്തെ ചില ബാങ്കർമാരുമായും വ്യവസായികളുമായും സംസാരിച്ചതിൽ അവർ പറഞ്ഞ ഒരു വസ്തുത ഈ റിസർവ്വുബാങ്കിന്റെ പ്രവർത്തനം അവരെ ദോഷകരമായി ബാധിക്കുന്നുണ്ടെന്നാണ്. നാടൻ ബാങ്കുകളിൽനിന്നു അക്കാമഡേഷൻ കിട്ടിക്കൊണ്ടാണ് ആ വ്യവസായം നടന്നിരുന്നതു്. നാലഞ്ചുലക്ഷം രൂപാവരെ അങ്ങനെ അക്കാമഡേഷൻ കിട്ടുവാൻ അവർക്കു പ്രയാസമുണ്ടായിരുന്നില്ല. എന്നാൽ റിസർവ്വുബാങ്കിന്റെ നിയന്ത്രണം വന്നതോടെ സ്ഥിതി മാറി. ഇപ്പോൾ റിസർവ്വുബാങ്കു അവരുടെ റേററു കൂട്ടിയതിനെത്തുടർന്നു അവിടത്തെ വ്യവസായികൾക്കു സഹായം ചെയ്യാൻ നാടൻബാങ്കുകാർക്കു സാധിക്കാതെവന്നു. അതുകൊണ്ടു ആ നാട്ടിലെ വ്യവസായമായ അണ്ടിവ്യവസായം തകർന്നു. ഇത്തരത്തിൽ പ്രവർത്തിക്കുന്നതുകൊണ്ടു് നമ്മുടെ ദേശീയം എന്നു പറയുന്ന റിസർവ്വുബാങ്കു തീർച്ചയായും ഒരു ദേശീയബാങ്ക് എന്നുള്ള പേരിനെ അർഹിക്കുന്നില്ല. ഈ തരത്തിലുള്ള മററു പല അനുഭവങ്ങളും ഉണ്ടായിരിക്കണമെന്നാണ് ഞാൻ ഊഹിക്കുന്നതു്. പക്ഷെ ഇതിൽ കൂടുതൽ അനുഭവങ്ങൾ എനിക്കു പറയാൻ സാദ്ധ്യമല്ല. ഏതായാലും ഇവിടത്തെ വൻകിട മുതലാളികളായിട്ടുള്ള ആളുകൾക്കുവേണ്ടിയാണു ഈ റിസർവ്വുബാങ്ക് അതിന്റെ നയവും നിയന്ത്രണവും ആവിഷ്കരിക്കുന്നതു്. ഈ കുത്തകക്കാരുടെ വ്യവസായങ്ങൾ പോഷിപ്പിക്കുന്നതിനും പരിഷ്കരിക്കുന്നതിനുമാണു റിസർവ്വുബാങ്ക് പരിശ്രമിക്കുന്നതെന്നു് ഇന്നു് ഇൻഡ്യയിലെ വ്യവസായികളുടെ ഇടയിൽ പൊതുവേയുള്ള ഒരാക്ഷേപമാണ്.

വ്യവസായികളെ സംബന്ധിച്ചുമാത്രമല്ല. ബാങ്കുകളുടെ, ഇൻഡിജീനസ്ബാങ്കിംഗ് കമ്പനികളുടെ കാര്യത്തിലും പ്രതികൂലമായിട്ടുള്ള ഒരു നിലയാണു റിസർവ്വുബാങ്കു അവലംബിച്ചിട്ടുള്ളതു്. ഈ അടുത്ത കാലത്തു തിരുവിതാംകൂർ-കൊച്ചി ബാങ്കേഴ്സ് അസോസിയേഷന്റെ ഒരു സമ്മേളനത്തിൽ അവർ ചില പ്രമേയങ്ങൾ പാസാക്കുകയും, നിവേദനം സമർപ്പിക്കണമെന്നു് തീരുമാനിക്കുകയുമുണ്ടായി. അവർ വളരെ ശക്തിയായ ആക്ഷേപങ്ങൾ റിസർവ്വുബാങ്കിന്റെ പാളിസിയെ സംബന്ധിച്ചു് പുറപ്പെടുവിച്ചിട്ടുള്ളതായി ഞാൻ മനസ്സിലാക്കുന്നു. റിസർവ്വുബാങ്കു ഒരു ദേശീയ ബാങ്കാണെന്നും നമ്മുടെ താൽപര്യങ്ങളെല്ലാം സംരക്ഷിക്കുവാൻ പൊതുവെ ഉള്ള ഒരു സ്ഥാപനമാണെന്നും പറഞ്ഞാൽ അതു വളരെ അധികം പരിശോധനയ്ക്കു വിധേയമാക്കാതെ സ്വീകരിക്കുവാൻ ഞാൻ തയ്യാറില്ല. ഇതുവരെയുള്ള അനുഭവത്തിൽനിന്നും അങ്ങിനെയുള്ള ഒരു പാരമ്പര്യം റിസർവ്വുബാങ്കു സൃഷ്ടിച്ചിട്ടില്ല.

നമ്മുടെ ഡെററിനെസംബന്ധിച്ച എല്ലാ കാര്യങ്ങളും റിസർവ്വുബാങ്കിനെ ഏല്പിക്കുന്നതു ഈ സ്റ്റേററിന്റെ താൽപര്യത്തിനു് നല്ലതാണോ എന്നുള്ളതു വളരെ വളരെ ആലോചിച്ചതിനുശേഷംമാത്രം തീരുമാനിക്കേണ്ടതാകുന്നു. അങ്ങനെ എല്ലാവിധത്തിലും ഈ ഭേദഗതി വാസ്തവ

ത്തിൽ നമ്മുടെ സ്റ്റേററിന്റെ താൽപര്യത്തിന മൗലികമായി വിരുദ്ധമാണ് എന്നു ഞാൻ പറഞ്ഞുകഴിഞ്ഞു. ഇതു നമ്മുടെ സ്റ്റേററിനുമാത്രമല്ല, ഇൻഡ്യൻ ഫെഡറൽ കാൺസ്റ്റിറ്റ്യൂഷന്റെ കീഴിലുള്ള എല്ലാ സ്റ്റേററുകൾക്കും ബാധകമാണ്. കൂടുതൽ കൂടുതൽ അധികാരങ്ങൾ സ്റ്റേററുകൾക്ക ഉണ്ടായിരിക്കുന്നതിനും, അവരുടെ ആഭ്യന്തരകാര്യങ്ങൾ നിയന്ത്രിക്കാനുള്ള പൂർണ്ണാധികാരം കഴിച്ചു ബാക്കി ഏററവും ചുരുങ്ങിയ അധികാരം മാത്രമേ കേന്ദ്രത്തിനുണ്ടായിരിക്കാൻ പാടുള്ളു. ഇതിനു വ്യത്യസ്തമായ ഒരു സ്ഥിതി നമ്മുടെ താൽപര്യത്തിനു ഹാനികരമാണ്. കാൺസ്റ്റിറ്റ്യൂഷൻ നടപ്പിലാക്കിയതിനുശേഷം നമ്മുടെ പരിമിതമായ അധികാരങ്ങൾപോലും നമ്മുടെ ഗവണ്മെന്റായ കാൺഗ്രസ് ഗവണ്മെന്റ ഒന്നൊന്നായി കളഞ്ഞുകുളിക്കുകയാണ് ചെയ്തിരിക്കുന്നതു്. ഈ സംഭവവികാസത്തെ ഇത്തരം ഒരു പ്രവണതയെ നാം തടയേണ്ടിയിരിക്കുന്നു.

അങ്ങനെ പൊതുവായിട്ടുള്ള അടിസ്ഥാനത്തിലും പ്രത്യേകിച്ചും ഇവിടെ ലോൺഫ്ളോട്ടു ചെയ്യുന്നതിനെ സംബന്ധിച്ചു റിസർവ്വബാങ്കിനു ഈ റെസലൂഷൻപ്രകാരമുള്ള അധികാരങ്ങൾ നൽകുന്നതുകൊണ്ടു എന്തെങ്കിലും പ്രയോജനമുണ്ടോ എന്നു സംശയമാണെന്നുള്ള സംഗതികൊണ്ടും ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി ഒരു കാര്യംകൂടി ചൂണ്ടിക്കാണിക്കുമായിരിക്കും. ഇപ്പോൾ ഇവിടെ കൊണ്ടുവന്നിട്ടുള്ള പ്രമേയപ്രകാരം ൪൩-ാം എൻട്രി മുഴുവൻ പോകുന്നില്ല എന്നു്. ൧൯൪൪-ലെ പബ്ലിക്കഡെററ് ആക്ററ് തിരുവിതാംകൂർ-കൊച്ചിക്കുകൂടി ബാധകമാക്കാനാണ് അല്ലാതെ പബ്ലിക്കഡെററിനെപ്പററിയുള്ള മുഴുവൻ അധികാരവും എടുത്തുകളയാനല്ലെന്നും എന്നാൽ ആക്ടിൽ പറയുന്നവ കഴിച്ചാൽ പിന്നെന്തു അധികാരമാണ് ബാക്കിയുള്ളതെന്നു എനിക്കു മനസ്സിലാകുന്നില്ല. പ്രമേയത്തിൽ പറയുന്നതു:

"....That the matters dealt within the Act aforesaid shall be regulated, in the State of Travancore-Cochin, by Act of Paliament, in so far as Government securities issued by the State Government and the management of the public debt of the State Government are concerned, being matters falling within the Scope of Entry 43 of the State List ....."

എന്നാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ആക്ടിലെ വകുപ്പുകൾ ഉദ്ധരിച്ചു വിശദീകരിക്കുകയുണ്ടായി.

ആ കാര്യങ്ങൾ എല്ലാംതന്നെ ഈ റസലൂഷൻ പാസ്സാക്കിക്കഴിഞ്ഞാൽ കേന്ദ്രത്തിന്റെ അധികാരത്തിൽ വരുന്നതാണ്. ഈ ആക്ററ നടപ്പിലിരിക്കുന്നിടത്തോളംകാലം സ്റ്റേററ് എൻട്രി ൪൩ പ്രകാരമുള്ള അധികാരങ്ങൾ എല്ലാം കേന്ദ്രത്തിനു വിട്ടുകൊടുക്കുന്നു എന്ന സ്ഥിതിയാണ് വാസ്തവത്തിൽ അതുമൂലമുളവായിട്ടുള്ളതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കാൺസ്റ്റിറ്റ്യൂഷനിൽ ആർട്ടിക്കിൾ ൨൯൩ പ്രകാരമുള്ള അധികാരങ്ങളുണ്ട്.

ശ്രീ. സി. അച്യുതമേനോൻ: അതു കടം കൊടുക്കാനുള്ള അധികാരം ഉണ്ടെന്നുമാത്രമാണ്. ആർട്ടിക്കിൾ ൨൯൩-ൽ പറയുന്നതു അതാ

[ശ്രീ. സി. അച്യുതമേനോൻ.]

ഈ സ്റ്റേററ് എക്സിക്യൂട്ടീവിനു കടം റെയിസുചെയ്യാനുള്ള അധികാരം ഉണ്ടായിരിക്കുമെന്നാണ്. ' Upon the Security of the consolidated fund of the State.

ഇപ്പോഴും ഈ പ്രമേയത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും ധനകാര്യമന്ത്രിയുടെ വിശദീകരണത്തിൽ ചെയ്തിരിക്കുന്നതും കഴിച്ചു് എൻട്രി ൪൩-ൽ ബാക്കിയെന്തുണ്ടാകും? ഈവക കാര്യങ്ങളെല്ലാം സെൻട്രൽ ഗവണ്മെൻറാണ് തീരുമാനിക്കാൻ പോകുന്നതു്. അതുകൊണ്ടു വാസ്തവത്തിൽ ഈ പ്രമേയം പാസ്സാക്കിയാൽ ഉണ്ടാകുന്നതു ഈ നിയമമുള്ളിടത്തോളം കാലം ഈ സ്റ്റേററിൻെറ ഗണ്യമായ അധികാരം നമുക്കു നഷ്ടപ്പെടുമെന്നാണ്.

Shri A. Thanu Pillai : Sir, the motion seeks to invest the Indian Parliament with certain powers which this Legislature, under the Constitution, now enjoys. There is no denying that fact. Therefore, one feels certain difficulty in readily accoding to the proposal now placed before the House by the hon. Minister in charge of Legislation. There are other considerations which have to be taken into account for disposing of this particular issue. It has been conceded that the present proposal is to affect only future loans. As for the loans incurred by Government thus far, the Management will continue as hitherto in the hands of our Public Debts Department. I think I am right. To me it seems that the matter has not been definitely reserved so far as the motion is concerned. The motion if we read it as it is, will naturally affect the existing loans also. How that difficulty is going to be got over, how the application of the Central Legislation to the State of Travancore-Cochin is going to restrict it to future loans alone, I hope the hon. Minister will make plain. Any way, care has to be taken if the idea is to see that reservation is clearly provided because even though there may not be practical lifficulties in respect of the agreement we have made with the Reserve Bank of India, the law has to be definite and certain and nothing done in violation of the provision of law can be supported by any legislative body or persons. I proceed on the assumption that that difficulty will be got over.

Then, another point that arises for consideration, as was pointed out by Mr. Achyutha Menon, is whether item 43 in the State list will be fully transferred over to the Central Parliament.

Item 43 merely says "public debt of the State." The wording of the resolution does not go so far. So far as matters covered by the Public Debt Act XVIII of 1944 are concerned, this is how it reads. "Now therefore, this House hereby resolves in pursuance of Article 252 of the

Constitution of India, that the matters dealt within the Act aforesaid shall be regulated, in the State of Travancore-Cochin, by Act of Parliament, in so far as Government securities issued by the State Government and the management of the public debt of the State Government are concerned, being matters falling within the scope of Entry 43 of the State List, namely, 'Public Debt of the State'. Now the right to issue loans is effected by this resolution. That right is clearly declared in Article 293 (1) "Subject to the provisions of this article, the executive power of a State extends to borrowing within the territory of India upon the security of the Consolidated Fund of the State within such limits, if any, as may from time to time be fixed by the Legislature of such State by law and to the giving of guarantees with in such limits, if any, as may be so fixed." "Subject to the provisions" means certain provisions relating to loans laid down by the Government of India. We are not concerned with that just at present. I take it, Sir, that this provision in Article 293 (1) will not in any way affect this resolution, even if it is accepted, and that that right will continue to be ours and the power of legislation in regard to that will be clearly vested in us. It is particularly so because the motion merely says that "the matters dealt with in Act XVIII of 1944 are covered by this. Thereofore, I take for certain that this Article 293 is not sought to be affected at all in any way ; and in regard to item 43 of the list, even if that item is not fully transferred to the Central list it is not going to be affected. Matters affecting the management of the loan raised is quite different. Sir, I notice in the Public Debt Act XVIII of 1944 the following : "Whereas it is expedient to consult and amend the law relating to Government Securities issued by the Central Government and the management of the Reserve Bank of India." Even though the terms given are issued by the Government, I do not think that the right to raise loans and to issue Government securities agrees in accordance with the terms prescribed under this Act. The right of raising loans is not contemplated to be affected by this proposal. . In that view the question arises —subject to these clear limitations, is it desirable that we agree to this proposal?

Sir, I wish to make a few observations. Our particular position today in regard to raising loans is this. Now the proposal is before this House. I am not for opposing it. At the same time, I should bring it to the notice of the hon. Finance Minister the very Salutary provision in Article 293 which I think he should have taken note of before he brought forward this proposal. I mean Article 293 which says that: The executive power of a State extends to borrowing within the territory of

[Shri. A. Thanu Pillai]

India upon the security of the Consolidated Fund of the States within such limits, if any as may from time to time be fixed by the Legislature of such State by law." This proposal is going to affect only future loans. I am afraid that something is under the contemplation of the Government and the Finance Minister relating to the possibiity or necessity or desirability of raising a loan in a not distant future. If that is so, Sir, he ought to consider the question of bringing in necessary legislation to fix the limits of any borrowing that the Government will have to resort to. In regard to the financial control, in spite of the provisions in the Constitution we all know that that control, so far as the Legislature is concerned, is not sufficiently effective. I don't say whose fault it is. But under the provisions of the Constitution and the rules of procedure in regard to financial matters, no doubt, a certain amount of control is being exercised. But to me it appears, Sir, that that control cannot be said to be effective. We should revise our rules of procedure in such a way that we should make such rules as effective as possible. Therefore, if any loan is to be raised I hope the Government will place the matter before this House. Now that is the clear provision in Article 293 that the limits of any borrowing should be fixed by the Legislature. I cannot say that it should be fixed from time to time by the Legislature. If no limits are fixed, naturally, the result will be such, that the Executive will have full power to raise any loan that they may like. I hope that kind of interpretation the hon. Finance Minister will not put upon these words if they resort to any borrowing at all. Particularly, it is a matter not only for the present Government but for future Governments also. If there is any idea of borrowing any amount, that matter should be placed before this Legislature so that the views of the Legislature may be ascertained as to the limits beyond which they should not go. I think that will be the present proposal. It will affect only the future debts. This provision in the Article should be complied with. There are advantages and disadvantages as was pointed out by one hon. Member technically and theoretically. It is a surrender of the portion of the rights that we now enjoy. But we cannot ignore that the Reserve Bank of India is constituted and is functioning today in regard to matters affecting our finances, and our loan dealings. In these circumstances and in view of these facts one cannot say one does not agree with this proposal. At the same time when we feel that sections of the House should be reasonable the Government should also feel in equal sense of reasonableness in dealing with

the finances of the State in creating debts and obligations and liabilities and so forth. I lay emphasis on this fact because on a former occasion the Finance Minister told us that the Executive is bent upon exercising all the powers of the Executive. Of course, they have the right to do it. But within the bounds of reason and in the spirit in which the Constitution is constituted and particularly in regard to matters affecting the rights of the people, Government should be careful to see and feel such satisfaction as the whole section of this House may feel. That is the only way of giving satisfaction to this House. The Opposition group should also be made to feel that these are to be done reasonably, particularly in regard to financial matters. Government should be prepared to act in such a way that there should be no reason to doubt not only their honesty but also their preparedness to take people into their confidence as fully as possible.

At the same time, I wish also to refer to one or two things. I felt some doubt particularly in regard to one thing. Suppose we want to issue certain securities, the Reserve Bank of India, I hope, will be prepared to fully co-operate with us. For instance, in Travancore-Cochin, as elsewhere in India, we want to effect some land reform. I do not know what is going to happen. Suppose, excess land is to be taken from the land owners. Bonds may have to be issued in lieu of payment of compensation. Securities will have to be issued and then the Government of India and the Reserve Bank should not tell us "No, the form in which you want to issue these bonds or securities are not acceptable to us." We will not countenance these things. But my main fear is that our Government policy may not exactly be the policy of the Government of India. There may be occasions for differences. We find that difference in the policy pursued by Sheik Abdullah in Kashmir and the general policy pursued in the rest of India. There may be occasions for differences of view and then in situations like that, and in conditions of things obtainable in various parts of India today, it is quite possible we should not be under a disadvantage. We have put this matter into the hands of the Government of India and the Reserve Bank My plea, Sir, is that everybody should be reasonable. If we want a particular course to be adopted and the co-operation of the Government of India and the Reserve Bank should be required in this connection. I hope, Sir, that the co-operation in all reasonable matters will be forthcoming. When we trust others, however influential and high-placed they may be, in our own affairs, we expect in return reasonable and effective co-operation. This I mention because I want to avoid any

[Shri A. Thanu Pillai.]

kind of rub when we think of taking reasonable steps on important matters. I hope that difficulty will not arise. For the time being, the Finance Minister and the Treasury Bench may give us some assurance. But that kind of assurance will not be of much value. A good deal depends on persons with whom we deal. I hope, Sir, this motion will not put us into difficulties, but, at the same time, would help us. Once again I urge the Finance Minister on the desirability of giving effect to that relevant part of the provision under Article 293 of the Constitution. With these words, I support the motion.

ശ്രീ. കെ. പി. കൃഷ്ണമേനോൻ : സർ, ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയം സംസ്ഥാനത്തെ പൊതുസാമ്പത്തികനിലയെ ബാധിക്കുന്ന ഒരു സംഗതിയാണ്. നാം ഈ കാര്യം കൈകാര്യം ചെയ്യുന്ന അവസരത്തിൽ നമ്മുടെ ഇപ്പോഴത്തെ സാമ്പത്തികഭദ്രത ഏതു രൂപത്തിലാണ് ഇരിക്കുന്നതെന്നും, അതനുസരിച്ച് ഭരണം നടത്തുന്നതു് ഏതു രൂപത്തിലാണെന്നും, നോക്കേണ്ടതാണ്. സാമ്പത്തികമായ പല കാര്യങ്ങളും പരിചിന്തനം ചെയ്യുന്നതിനും അവസാനമായി ഒരു തീരുമാനം ഉണ്ടാക്കുന്നതിനും നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചുള്ള അധികാരം കേന്ദ്രഗവണ്മെൻറിനാണുള്ളതു്.. അങ്ങനെയുള്ള കേന്ദ്രഗവണ്മെൻറിൻെറ പരിപൂർണ്ണ അധികാരത്തിൽപ്പെട്ടതാണ് റിസർവ്വ് ബാങ്ക്. ൧൯൩൫ മുതൽ അതു് ഇൻഡ്യൻ ബാങ്കിംഗ് കമ്പനി ആക്റ്റിൻെറ വെളിച്ചത്തിൽ ഈ റിസർവ്വ് ബാങ്ക് സാമ്പത്തികമായ കാര്യങ്ങൾക്കു വേണ്ടി പ്രവർത്തനം നടത്തുകയാണ്. ആ സമിതിക്ക് നമ്മുടെ രാജ്യത്തെ കൂടി ബാധിക്കുന്ന സാമ്പത്തികമായ കാര്യങ്ങൾ അടങ്ങിയ ഒരു പ്രമേയമാണ് ഇതു്. ഈ കാര്യങ്ങൾക്കുവേണ്ടി നാം റിസർവ്വ് ബാങ്കിൻെറ കീഴിൽ അല്ലെങ്കിൽ റിസർവ്വ് ബാങ്കുമായിട്ടു യോജിച്ച് പ്രവർത്തിക്കുന്നതു് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം സാമ്പത്തികോന്നമനത്തിനു കാരണമായിത്തീരുന്നതാണ്. പക്ഷെ രാഷ്ട്രീയമായിനോക്കിയാൽ പല പരിചിന്തനങ്ങൾക്കും കാരണം കണ്ടേക്കും. എന്നാലും അതെല്ലാം നമ്മുടെ സാമ്പത്തികമായ കഴിവിൻെറ കീഴിലാണ്. റിസർവ്വ് ബാങ്കിനെ സംബന്ധിച്ച് തൃശ്ശൂർ മെമ്പർ ഇവിടെ പറഞ്ഞതു് അണ്ടിക്കച്ചവടക്കാരുടെ കാര്യം നോക്കുന്നതിനോ അല്ലെങ്കിൽ തൊഴിലുകാർക്കു പണം കടം കൊടുക്കുന്നതിനോ വേണ്ടിമാത്രം ഉള്ള ഒരു ബാങ്കാണെന്നാണ്. പക്ഷെ അദ്ദേഹത്തിനു തെററിപ്പോയി.

ശ്രീ. സി. അച്യുതമേനോൻ : ഞാൻ അങ്ങിനെ പറഞ്ഞില്ല.

ശ്രീ. കെ. പി. കൃഷ്ണമേനോൻ : അല്ലെങ്കിൽ അണ്ടിക്കച്ചവടക്കാരുടെ അപ്പോഴപ്പോഴുള്ള റേററിനെ സംബന്ധിച്ചും മറവമായിരിക്കാം. എന്നാലും ഈ വക കാര്യങ്ങൾക്കായി മാത്രമല്ല ബാങ്ക് പ്രവർത്തനം നടത്തുന്നതു്. മാത്രവുമല്ല, സാമ്പത്തികമായി നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളവും ഈ ഗവണ്മെൻറിനെ നിയന്ത്രിക്കാനുള്ള അധികാരവും ഈ ബാങ്കിനില്ല. എന്നാൽ നമ്മുടെ മുമ്പിൽ കൊണ്ടുവന്നി

രിക്കുന്നതായ ഈ പ്രമേയത്തിലെ തത്വങ്ങളനുസരിച്ച് റിസർവ്വ ബാങ്കുമായിട്ട് സഹകരിച്ച് പ്രവർത്തിക്കുന്നതുകൊണ്ട് നമുക്ക് കൂടുതൽ ഗുണമുണ്ടാകുമോ ഇല്ലയോ എന്നു വേണം നോക്കേണ്ടത്. നാം ഒരു ലോൺ ഫ്ളോട്ട് ചെയ്യുമ്പോൾ റിസർവ്വ ബാങ്കിന്റെ സഹായം കൂടാതെതന്നെ ഇതര സംസ്ഥാനങ്ങളിൽ നിന്നും പണം ലഭിക്കുമെന്നുള്ളത് നിഴ്വിവാദമാണ്. എന്നാൽ റിസർവ്വ് ബാങ്കിന്റെ പ്രവർത്തനം നിമിത്തം നമുക്ക് കിട്ടുന്ന ഗുണം മറെറാന്നാണ്. നമ്മുടെ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു ഷെയർമാർക്കററ് വ്യവസ്ഥ ഒന്നൊന്നില്ല. വേണമെങ്കിൽ നാം അതിനുവേണ്ടി കൽക്കട്ടയേയോ ബോംബേയേയോ ആശ്രയിക്കാതെ തരമില്ല. ഇതരസംസ്ഥാനത്തുള്ള ഷെയർ മാർക്കററുകളിൽ നാം ഇടപെടുമ്പോൾ ഷെയറുകളും ബാണ്ടുകളും വിൽക്കുകയോ അല്ലെങ്കിൽ വാങ്ങുകയോ ചെയ്യുന്നതിൽ റിസർവ്വ ബാങ്കു മുഖാന്തിരമായിരുന്നാൽ നിഷ്പ്രയാസം കാര്യങ്ങൾ ഭംഗിയായി നിവ്വഹിക്കുന്നതാണ്. റിസർവ്വ ബാങ്കിന്റെ ഉത്തരവാദിത്വത്തിലുള്ള ഈവിധ ബാണ്ട് രാജ്യവ്യാപകമായ പ്രയോജനമുണ്ടാക്കിത്തീർക്കുന്നതാണ്. നാം പുറപ്പെടുവിക്കുന്ന ബാണ്ടുകൾക്ക് വില നിശ്ചയിക്കുന്നതിനും അവ കിട്ടുന്നതിനും റിസർവ്വ ബാങ്കിന്റെ ഏജൻസികൾ പ്രയോജനപ്രദമായിരിക്കും. മറെറാരുകാര്യം കൂടി പറഞ്ഞുകൊള്ളട്ടെ. ഗവണ്മെന്റ ബാണ്ടുകൾ അധികവും കൈകാര്യം ചെയ്യുന്നതു ജായിന്റ സ്റ്റാക്ക് ബാങ്കുകളാണ്. ഈ ജായിന്റ് സ്റ്റാക്ക് ബാങ്കുകളെ നിയന്ത്രിക്കാനുള്ള പരിപൂർണ്ണമായ അധികാരം റിസർവ്വ ബാങ്കിനുണ്ട്. തന്നിമിത്തം ബാണ്ടുകൾ നാം പുറപ്പെടുവിക്കുന്ന അവസരത്തിൽ ഇൻഡ്യയിലുള്ള എല്ലാ ജനങ്ങൾക്കും അതു വാങ്ങിക്കുന്നതിനും കൈമാററം ചെയ്യുന്നതിനും സാധിക്കുന്നതാണ്. എന്റെ മാന്യസ്നേഹിതൻ ശ്രീ. അച്യുതമേനോൻ ബാങ്കുകാരുടെ ഒരു യോഗത്തിൽ (കോട്ടയത്തുനടന്ന) ചർച്ചചെയ്തതായി ഇവിടെ സംസാരിക്കുകയുണ്ടായി, റിസർവ്വ ബാങ്കിന്റെ പ്രവർത്തനംകൊണ്ട് സാമ്പത്തികമായി ഇൻഡ്യയിൽ പല കുഴപ്പങ്ങളും ഉണ്ടാകുന്നുണ്ടെന്ന്. ഞാനും ആ യോഗത്തിൽ സന്നിഹിതനായിരുന്നു. റിസർവ്വ ബാങ്കിന്റെ പ്രവർത്തനം സാമ്പത്തികമായി കുഴപ്പമുണ്ടാക്കുന്നതു് ഏതു വിധത്തിലാണെന്ന് എനിക്കു മനസ്സിലായില്ല. പക്ഷെ ഇൻഡ്യൻ ബാങ്കിങ്ങ് കമ്പനി ആക്ററ് പെട്ടെന്ന് നടപ്പിൽ വന്നതുകൊണ്ട് അതിലെ പല വ്യവസ്ഥകളും പാലിക്കുന്നതിന് കുറച്ചുകൂടി സമയം വേണമെന്ന ആവശ്യപ്പെട്ടിട്ടുള്ള കാര്യമായിരിക്കാം അതു്. പല ബാങ്കുകളിലേയും ക്യാഷ് ബാലൻസ് ഏഴ ശതമാനത്തിൽ നിന്നും ഇരുപതു് ശതമാനമായി വർദ്ധിപ്പിക്കണമെന്ന വ്യവസ്ഥ പുതിയ ആക്ററിൽ ഉണ്ട്. ആവിധ വകുപ്പുകൾക്ക് സാവകാശം ആവശ്യപ്പെട്ടിട്ടുണ്ട്. എന്റെ സ്നേഹിതൻ സൂചിപ്പിച്ചിട്ടുള്ളതു ഒരുപക്ഷേ അതായിരിക്കും.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ഇൻഡ്യൻ കമ്പനി ആക്ടല്ല ൧൯൪൯-ലെ ഇൻഡ്യൻ ബാങ്കിംഗ് ആക്ററാണ് അതു്.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: അതേ. ഇൻഡ്യൻ ബാങ്കിംഗ് ആക്ററതന്നെ. ഈ ആക്ററനുസരിച്ച് പല വ്യവസ്ഥകളും പുതുതായി ജനങ്ങളുടെ മേൽ പെട്ടെന്ന് അടിച്ചേല്പിക്കരുതെന്നും കുറച്ചുകൂടി കാല

[ശ്രീ. കെ. പി. കൃഷ്ണമേനോൻ.]

താമസം ആവശ്യമാണെന്നുമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. എന്റെ അഭിപ്രായത്തിൽ സംസ്ഥാനത്തെ സാമ്പത്തികനില ഈ പ്രമേയം പാസ്സാക്കുന്നതുമൂലം പുരോഗമിക്കുകയല്ലാതെ ഒരു കാരണവശാലും അധോഗതിയിലാകുകയില്ലെന്നാണ് തോന്നുന്നത്. നമ്മുടെ സാമ്പത്തികസ്ഥിതി സുസ്ഥിരമാക്കുന്നതിനു നമ്മുടെ നേഷൻബിൽഡിംഗ്സിനും മററും വളരെ കൂടുതൽ പണം ആവശ്യമായ ഈ സന്ദർഭത്തിൽ ഈമാതിരി നാം ലോൺ ഫ്ളോട്ടുചെയ്തു കടമായി വാങ്ങിക്കുന്ന പണം അതർഹിക്കുന്നവിധത്തിൽ പ്രയോജനപ്പെടുത്തുന്നതിനു ആവശ്യമായ നടപടികൾ ഉൾക്കൊള്ളുന്ന ഒരു പ്രമേയമാണു ഇതു്. അതുകൊണ്ടു്, എല്ലാപേരും ഈ പ്രമേയം ഒരു എതിർപ്പും കൂടാതെ സ്വീകരിക്കണമെന്നു് ഞാൻ അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. കെ. സദാനന്ദൻ : നമ്മുടെ സാമ്പത്തികനിലവാരം അധഃപതനത്തിൽനിന്നും അധഃപതനത്തിലേക്കു് ദിനംപ്രതി നീങ്ങിക്കൊണ്ടിരിക്കുകയാണു് ചെയ്യുന്നതെന്നും, യാതൊരു സാമ്പത്തിക സംരക്ഷണവും ഈ പ്രമേയംകൊണ്ടു് നമുക്കു ലഭിക്കാൻ പോകുന്നില്ലെന്നും മനസ്സിലാക്കിയതിന്റെ ഫലമായിട്ടാണു് ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ പ്രമേയത്തെ എതിർത്തു സംസാരിക്കാൻ വിചാരിക്കുന്നതു്. അദ്ദേഹം പ്രമേയത്തെപ്പററി പല കാര്യങ്ങളും ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഈ പ്രമേയത്തിന്റെ ആവശ്യകത നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഉണ്ടെന്നോ ഇല്ലെന്നോ ഉള്ള കാര്യത്തെപ്പററി ഒന്നുംതന്നെ അദ്ദേഹത്തിനു പറയാൻ ഉണ്ടായിരുന്നില്ല. ഇവിടത്തെ കടങ്ങളെ സംബന്ധിച്ചിടത്തോളവും അതായതു്, നമ്മുടെ സംസ്ഥാനത്തു് നിലവിലിരിക്കുന്ന കടങ്ങളെ സംബന്ധിച്ചിടത്തോളം മാത്രമല്ല, മേലാൽ ഉണ്ടാകാൻപോകുന്ന കടങ്ങളെ സംബന്ധിച്ചിടത്തോളം റിസർവ്വ ബാങ്കിനു നിയന്ത്രണാധികാരം ഉണ്ടായിരിക്കുമെന്നാണു് അദ്ദേഹത്തിന്റെ പ്രസ്താവനയിൽനിന്നും എനിക്കു മനസ്സിലാക്കാൻ സാധിച്ചതു്. നിലവിലിരിക്കുന്ന കടങ്ങളെ സംബന്ധിച്ചോ അല്ലെങ്കിൽ മേലാൽ ഉണ്ടാകാൻ പോകുന്ന കടങ്ങളെ സംബന്ധിച്ചോ അപകടകരമായ യാതൊരു നിലപാടും നമുക്കുണ്ടാകാൻ ഇടയാകുമെന്നു വിചാരിക്കുന്നില്ല. എന്നാൽ അദ്ദേഹം സൂചിപ്പിച്ചതു് റിസർവ്വബാങ്കിന്റെ സഹായം ഉണ്ടായിരുന്നാൽ, ഒരു ലോൺ ഫ്ളോട്ടുചെയ്യുന്ന അവസരത്തിൽ ആവശ്യപ്പെടുന്ന പണം കടം തരുന്നതിനായിട്ടു ബോംബേയിൽനിന്നും, കൽക്കട്ടായിൽനിന്നും ധാരാളം ആളുകൾ ഓടിയെത്തുമെന്നാണു്. ഇതു് എത്രത്തോളം പരമാർത്ഥമാണെന്നുള്ളതു് അദ്ദേഹംതന്നെ ചിന്തിക്കേണ്ടതാണു്. യഥാർത്ഥത്തിൽ ഇതര സംസ്ഥാനങ്ങളിൽനിന്നും ആളുകൾ, നാം ലോൺ ഫ്ളോട്ടുചെയ്യുന്ന അവസരത്തിൽ പണം സംഭാവന ചെയ്യാൻ തയാറുണ്ടെന്നു കാണുന്നുവെങ്കിൽ ഈ പ്രമേയം പാസ്സാക്കുന്നതിൽ എനിക്കു യാതൊരു പ്രതിക്കൂലവുമില്ല. പക്ഷെ, അതിന്റെ നിജസ്ഥിതി അങ്ങനെയല്ല; പണം തരുന്നതിനായി വെളിയിൽ ആളുകൾ കച്ചകെട്ടി നില്ക്കുകയാണെന്നു പറയുന്നതിനെ ഞാൻ വിശ്വസിക്കാൻ തയാറില്ല. ഈ പ്രമേയം സാമ്പത്തികമായി നമ്മുടെ സ്റ്റേററിനെ സാരമായി സ്പർശിക്കുന്ന ഒന്നാണു്. ഭാവിയിൽ ഉണ്ടാകാവുന്ന നന്മതിന്മകളെ ദൂരവീക്ഷണം ചെയ്തു വിശദീകരിച്ചു്

പറയുന്നതിനുപകരം സൂത്രശാലിയായ ധനകാര്യമന്ത്രി തന്ത്രപരമായി പ്രമേയത്തെപ്പററി പ്രതിപാദിച്ചു സമാപ്പിക്കുകയാണു ചെയ്തതു്. നമ്മുടെ സ്റ്റേററിനെ സംബന്ധിച്ചിടത്തോളവും സെൻട്രൽ പാർലമെൻറിലേക്ക് വളരെ പരിമിതമായ അംഗങ്ങളെ മാത്രമെ തെരഞ്ഞെടുത്തയക്കാനുള്ള അവകാശമുള്ളു. എന്നാൽ ഇപ്പോൾ ആ അവകാശത്തേയും ഹനിക്കത്തക്ക വണ്ണം ഭരണഘടനയിൽ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി വളരെ പ്രധാനപ്പെട്ട ഒന്നായിട്ടാണു് ഈ സഭയിൽ ധനകാര്യമന്ത്രി കഴിഞ്ഞ ദിവസം പ്രസ്താവിച്ചതു്. പക്ഷെ സാമ്പത്തികമായി വളരെ പ്രാധാന്യമുള്ള ഇക്കാര്യം ചെറുതും നിസ്സാരവുമാണെന്നാണു് മന്ത്രിയുടെ അഭിപ്രായം. ഇതു് വഞ്ചനാപരമായ ഒരു സമീപനമാണു്. ഇതൊരു വലിയ പ്രശ്നമാണു്. നമ്മുടെ ഇപ്പോഴത്തെ സാമ്പത്തികനിലപാടു് ഏതു വിധത്തിലിരിക്കുന്നു എന്നു പരിശോധിച്ചെങ്കിലേ ഇതു് മനസ്സിലാകുകയുള്ളു. നമ്മുടെ ഭണ്ഡാരത്തിലേക്കുള്ള വരുമാനങ്ങളിൽ സിംഹഭാഗവും കേന്ദ്ര ഗവണ്മെൻറുമുഖാന്തിരം നഷ്ടപ്പെട്ടിരിക്കുകയാണു്, എന്നു പറഞ്ഞാൽ ആദായകരമായ പല വഴികളും കേന്ദ്രഗവണ്മെൻറു് കയ്യടക്കിയിരിക്കുകയാണു്. നമ്മുടെ ഭാവി ഐശ്വര്യത്തിലേക്കോ അതോ ക്ഷാമത്തിൻെറ കരിനിഴൽ നിറഞ്ഞ പട്ടിണിയിലേക്കോ എന്നു ചോദിച്ചാൽ എൻെറ അഭിപ്രായം രണ്ടാമത്തേതാണെന്നാണു്. അങ്ങനെ നമ്മുടെ നാടു് അരക്ഷിതാവസ്ഥയിലേക്ക് കൂടുതൽ കൂടുതൽ നീങ്ങിക്കൊണ്ടിരിക്കുന്നു. ക്ഷാമത്തിൽനിന്നും, പട്ടിണിയിൽനിന്നും, വിട്ടുകലുന്നതിനു ഒരു ലോൺഫ്ളോട്ടു ചെയ്യാമെന്നുദ്ദേശിച്ചാൽത്തന്നെയും അതിനുള്ള പൂർണ്ണാധികാരം റിസർവു ബാങ്കിനാൽ തടയപ്പെടുകയാണു് ചെയ്യുന്നതു്. ലോൺ ഫ്ളോട്ടു ചെയ്യാനുള്ള അധികാരം, അല്ലെങ്കിൽ അവകാശം, നമുക്കുണ്ടെങ്കിൽത്തന്നെയും അവയെ നിയന്ത്രിക്കാനുള്ള അധികാരം റിസർവുബാങ്കിനാണുള്ളതു്.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ : ബഹുമാനപ്പെട്ട മെംബർ ഉദ്ദേശിക്കുന്ന നിയന്ത്രണാധികാരം എന്താണു്?

ശ്രീ. കെ. സദാനന്ദൻ : നമ്മുടെ സംസ്ഥാനം ലോൺ ഫ്ളോട്ടു ചെയ്യുകയാണെങ്കിൽ അതിൻെറ മേൽനോട്ടം പരിപൂർണ്ണമായിട്ടും റിസർവുബാങ്കിൽ നിക്ഷിപ്തമായിരിക്കുന്നു എന്നാണു് ഞാൻ പറഞ്ഞതിൻെറ അർത്ഥം. അതു് ഒരു സമനോഭാവത്തോടുകൂടിയ ഒരിടപെടലായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. മാത്രമല്ല, ലോൺ ഫ്ളോട്ടു ചെയ്തുകഴിഞ്ഞാൽ, പിന്നീടുള്ള നടപടിക്രമങ്ങളെപ്പററി ന്യായമായിട്ടുള്ള യാതൊരു ഉറപ്പും തരുന്നതിനു് മന്ത്രിയുടെ പ്രസ്താവനകൊണ്ടു് സാധിച്ചിട്ടില്ല.

ഒരു കാര്യംകൂടി നാം ഓർക്കേണ്ടതുണ്ടു്. അതായതു് ഈ റിസർവു ബാങ്ക് നിയന്ത്രിച്ചുകൊണ്ടിരിക്കുന്നതു് ഇൻഡ്യയിലുള്ള ഏററവും വലിയ സമ്പന്നന്മാരായ ആളുകളാണു്. റിസർവുബാങ്കിനെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന ആ ആളുകളെ വിശ്വസിച്ചുകൂടാത്തതാണെന്നും, അവരെ സൂക്ഷിക്കണമെന്നും സഖാവു് അച്യുതമേനോൻ ഇവിടെ പറയുകയുണ്ടായി. റിസർവുബാങ്കിൻെറ കാര്യത്തിൽ വളരെ അപഹാസ്യമായ ഒരു ധാരണയാണു് പൊതുവെ ഉള്ളതു്. ആ ബാങ്ക് നിയന്ത്രിച്ചുകൊണ്ടിരി

[ശ്രീ. കെ. സദാനന്ദൻ.]

ക്കുന്നതു് ആ ബാങ്കുമായി അടുപ്പമുള്ള ആളുകളാണു്. അതുകൊണ്ടു് ആ ബാങ്കുമായി നമ്മുടെ ഗവണ്മെന്റ് ഇടപെടുന്നതു് ശരിയല്ല. നമ്മുടെ ധനകാര്യമന്ത്രി അവർകളും മററു ചില കോൺഗ്രസ്സ് മെമ്പറന്മാരും ഈവക കാര്യങ്ങളിൽ കേന്ദ്രത്തെ ആശ്രയിച്ചു് നിലകൊള്ളുന്നതു് ഒരു നല്ല കാര്യമാണെന്നും, അതു് നമ്മുടെ സ്റ്റേററിന്റെ അഭിവൃദ്ധിക്കു് പററിയതാണെന്നും നല്ലവണ്ണം ബോദ്ധ്യപ്പെട്ടതിക്കൊണ്ടു് ഇങ്ങനെ ഒരു പ്രമേയം അവതരിപ്പിച്ചിരുന്നുവെങ്കിൽ ഇതിന്റെ യഥാർത്ഥം നമുക്കു് മനസ്സിലാക്കാമായിരുന്നു. പക്ഷെ ആ നിലയിലല്ല ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. മന്ത്രിമാർ നമ്മുടെ രാജ്യത്തു് ആവശ്യമുള്ള എല്ലാ കാര്യങ്ങളും കേന്ദ്രത്തിന്റെ മുമ്പിൽ കൊണ്ടുപോയി കാഴ്ചവച്ചു് വെറുതെ മടങ്ങിപ്പോരികയാണു് സാധാരണ കണ്ടുവരുന്നതു്. നാം പ്രതീക്ഷിച്ചിരുന്നിടത്തോളം ഉള്ള യാതൊരു കാര്യങ്ങളും നമുക്കു് അനുകൂലമായിട്ടില്ല. ഭക്ഷ്യകാര്യത്തിൽത്തന്നെ ഇന്നു് നാം വളരെ അധികം തുക നഷ്ടപ്പെട്ടുകൊണ്ടാണിരിക്കുന്നതു്. കിട്ടുമെന്നു പ്രതീക്ഷിച്ചിരുന്ന തുകപോലും കിട്ടാതെ വരുന്നുണ്ടു്. കേന്ദ്രത്തിൽനിന്നും ഒരുവിധ സഹായങ്ങളും ചോദിച്ചുവാങ്ങുവാൻ നമ്മുടെ ഭരണാധികാരികൾക്കു് സാധിച്ചിട്ടില്ല. ഇന്നു് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കേന്ദ്രത്തിൽനിന്നുള്ള ധനസംബന്ധമായ സഹായം പ്രതികൂലമായിട്ടാണു് നമുക്കു് അനുഭവപ്പെട്ടിരിക്കുന്നതു്. അതുകൊണ്ടു് എനിക്കു പറയുവാനുള്ളതു് ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഈ ഗവണ്മെന്റിനുതന്നെ രാജ്യത്തിന്റെ ക്ഷേമത്തിനും അഭിവൃദ്ധിക്കുംവേണ്ടി ചില പ്രത്യേക അധികാരങ്ങൾ ഉണ്ടായിരിക്കണമെന്നാണു്. എന്നാൽ അതു് നമ്മുടെ രാജ്യത്തെ രാഷ്ട്രീയചിന്തകന്മാർ സ്വീകരിച്ചുകാണുന്നില്ലെന്നുള്ളതു് പരിതാപകരമാണു്. ഈ രാജ്യത്തെ ഭരണാധികാരികൾ കേന്ദ്രഗവണ്മെന്റിനു് വിധേയമായി നമ്മുടെ അധികാരങ്ങൾ ഓരോന്നായി അവർക്കു് വിട്ടുകൊടുക്കുകയാണു് ചെയ്യുന്നതു്. അങ്ങിനെ അധികാരം വിട്ടുകൊടുക്കുന്ന ഒരു പ്രമേയമാണു് നമ്മുടെ ധനകാര്യമന്ത്രി ഇവിടെ ഹാജരാക്കിയിരിക്കുന്നതു്. നമുക്കു ലോൺ ഫ്ളോട്ടുചെയ്യുന്നതിനു റിസർവ്വുബാങ്കിന്റെ സഹായമുണ്ടായിരിക്കണമെന്നു നിശ്ചയിക്കുകയാണെങ്കിൽ ഈ രാജ്യത്തെ പട്ടിണിയെ നിയന്ത്രിക്കുന്നതിനുവേണ്ടി അവസാനമായി നമുക്കു അവശേഷിച്ചിട്ടുള്ള അവകാശംപോലും നഷ്ടപ്പെട്ടുപോകുന്നതാണു്. ഈ പ്രമേയം കൊണ്ടു നമ്മുടെ സാമ്പത്തികമായ അഭിവൃദ്ധിക്കുള്ള സകല സാഹചര്യങ്ങളും ഇല്ലാതെയാകും. യാതൊരു പരിരക്ഷകളും നമുക്കുണ്ടാകുകയില്ല. നമ്മുടെ ഉല്പന്നങ്ങളുടെ കൈമാററത്തിന്റെ നില നോക്കിയാൽ അതിന്റെയും പരമാധികാരം കേന്ദ്രത്തിനാണു്.

Mr. Speaker : The Budget will be introduced shortly and you may speak on these matters then.

ശ്രീ. കെ. സദാനന്ദൻ : ഞാൻ ഒരു ബഡ്ജററ സ്പീച്ചല്ല ചെയ്യുന്നതു്. അതുകൊണ്ടു എനിക്കു പറയുവാനുള്ളതു ലോൺ ഫ്ളോട്ടു ചെയ്യുവാനും അതു നിയന്ത്രിക്കുവാനും ഉള്ള സകല അധികാരങ്ങളും നമുക്കുതന്നെ ഉണ്ടായിരിക്കണമെന്നാണു്. നമ്മുടെ നാട്ടു് വളരെ വളരെ ക്ഷാമത്തിലേയ്ക്കു നീങ്ങിക്കൊണ്ടിരിക്കുകയാണു്. ബോംബെയിലും ഉത്തരേന്ത്യയിലും മററ

മുള്ള അവസ്ഥയെക്കാൾ നമ്മുടെ നാട്ടിലെ സ്ഥിതി വളരെ മോശമാണ്. ഇന്നത്തെ കേന്ദ്രഗവണ്മെന്റും അവിടത്തെ വിദഗ്ദ്ധന്മാരായ ആളുകളും തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വ്യവസായികരംഗത്തിൽ അനുകൂലമല്ലാത്ത ഒരു നിലപാടാണു സ്വീകരിച്ചിട്ടുള്ളതെന്നു മനസ്സിലാക്കണമെന്നാണു എനിക്കു പറയാനുള്ളതു്. അതുകൊണ്ടു നമ്മുടെ ന്യായമായ ഈവക അവകാശങ്ങൾ ഒരിക്കലും നഷ്ടപ്പെടുത്താതിരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണു ചെയ്യുന്നതു്.

ശ്രീ. പി. ഗോവിന്ദപ്പിള്ള: ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. ഈ പ്രമേയത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ, പൊതുജനങ്ങൾക്കു അസൗകര്യം നേരിടാതിരിക്കത്തക്കവിധം ലോൺ എടുക്കുന്ന രീതിയിൽ ഇൻഡ്യയൊട്ടുക്കു ഐകരൂപ്യം വരുത്തണമെന്നുള്ളതാണെന്നു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഇങ്ങനെയൊരു പ്രമേയം കൊണ്ടുവന്നപ്പോൾ തിരുവിതാംകൂർ–കൊച്ചിയിലെ കടബാദ്ധ്യതനിലവാരം, ഇപ്പോൾ എന്തെങ്കിലും കടം വേണമെങ്കിൽ അതിനുവേണ്ടി ഗവണ്മെന്റു ചെയ്യുവാനുദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ അതു നിവൃത്തിക്കുവാനിപ്പോഴുള്ള പ്രതിബന്ധം മുതലായവ മനസ്സിലാക്കാമെന്ന ഉദ്ദേശത്തോടുകൂടി ഞാൻ നോക്കിയിരിക്കുകയായിരുന്നു. എന്നാൽ ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ അതൊന്നും പറഞ്ഞുകേട്ടില്ല. ഇവിടത്തെ കടബാദ്ധ്യത നിലവാരത്തെക്കുറിച്ചുള്ള വിവരങ്ങൾ തരുന്നതിനുപകരം നിയമവ്യാഖ്യാനം നടത്തി തന്റെ നിയമപാണ്ഡിത്യം പ്രകടിപ്പിക്കുകയായിരുന്നു മന്ത്രി ചെയ്തതു്. തീർച്ചയായും നിയമവിദ്യാർത്ഥികൾ ഈ സഭാസാമാജികന്മാരോടു അസൂയപ്പെടുന്നുണ്ടാകണം. തന്റെ ഉള്ളിൽ പതഞ്ഞുപൊങ്ങുന്ന വിജ്ഞാനം പൊട്ടി പുറത്തുപോകാതെ വയറിനുചുറ്റും ചെമ്പുതകിടു കെട്ടി നടന്ന ഒരു വിദ്വാനെപ്പറ്റി നെഹ്റു അദ്ദേഹത്തിന്റെ ലോകചരിത്രത്തിൽ പറയുന്നുണ്ടു്. അതുപോലെ മാലോകർക്കുവേണ്ടി വിജ്ഞാനഭാണ്ഡം പേറിനടക്കുന്ന ധനകാര്യമന്ത്രിയെപ്പറ്റി നിശ്ചയമായും ബഹുമാനമുണ്ടു്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇങ്ങനെയൊരു നിയമം വേണമെന്നാവശ്യപ്പെടുന്നതു ഈ രാജ്യത്തിന്നു അനുകൂലമായ ഒന്നായിരിക്കുമെന്നുള്ള ഉദ്ദേശത്തോടുകൂടി ആയിരുന്നുവെങ്കിൽ തീർച്ചയായും അദ്ദേഹം അതിന്റെ ശരിയായ വസ്തുതകൾ ഇവിടെ പറയുമായിരുന്നു. തിരുവിതാംകൂർ–കൊച്ചിയെ സംബന്ധിച്ചിടത്തോളം നമ്മുടെ സെക്യൂരിററി കൈകാര്യം ചെയ്യുന്ന കാര്യത്തിൽ വല്ല കുഴപ്പങ്ങളും വന്നിട്ടുണ്ടെങ്കിൽ, അതു് നമ്മുടെ സോൾവൻസിയെ ബാധിച്ചിട്ടുണ്ടെങ്കിൽ അതു് അദ്ദേഹം പ്രസ്താവിക്കേണ്ടതായിരുന്നു. നമ്മുടെ അവകാശങ്ങൾ എല്ലാംതന്നെ കൈകാര്യം ചെയ്യുന്നതിനുള്ള അവകാശം കേന്ദ്രഗവണ്മെന്റിനു കൊടുക്കുന്ന ഒരു നയമാണ് നാം കണ്ടുവരുന്നതു്. അതുപോലെയുള്ള ഒന്നാണ് സെക്യൂരിററി കൈകാര്യം ചെയ്യുവാൻ റിസർവ്വ്ബാങ്കിനു് അധികാരം ഉണ്ടായിരിക്കണമെന്നു പറയുന്നതു്. റിസർവ്വ്ബാങ്കു് ദേശീയസ്ഥാപനമാണെന്നു് മന്ത്രി പറഞ്ഞു. നിയമപരമായി ദേശീയമാണോ എന്നല്ല നോക്കേണ്ടതു്. അനുഭവത്തിൽ ദേശത്തിനു ഗുണമാണോ എന്നാണ്. അനുഭവം മറിച്ചാണ്. റിസർവ്വ്ബാങ്കു് ഇന്നു തുടർന്നുവരുന്ന നയം ഇന്നാട്ടിലെ കൈവിറ

[ശ്രീ. പി. ഗോവിന്ദപ്പിള്ള.]

ലഭ്യമാവുന്ന ക[illegible]കമുതലാളിമാർക്കാണ് സഹായമാകുന്നത്. ഇവിടത്തെ ചെറുകിട ബാങ്കുകൾ ഭൂമി പണയത്തിൽ പണം കൊടുക്കരുതെന്ന് നിർദ്ദേശം റിസർവ്വ്ബാങ്കിൽനിന്ന് വന്നതോടെ, അവയുടെ വ്യാപാരം മന്ദീഭവിക്കുകയും, ചെറുകിട ബാങ്കുകളുടെ സഹായത്തോടുകൂടി കഴിയുന്ന ചെറിയ വ്യവസായങ്ങളും കച്ചവടങ്ങളും തകരുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം നേരിട്ടറിയുന്ന ഒരു ബാങ്കർകൂടിയായ ഡെപ്യൂട്ടിസ്പീക്കർ മറിച്ച് പ്രസ്താവിച്ചതിൽ എനിക്കത്ഭുതം തോന്നുന്നു.

ഇന്നത്തെ നിലയിൽ റിസർവ്വ്ബാങ്കിന് ഈ വിധത്തിലുള്ള അധികാരം കൊടുക്കുകയാണെങ്കിൽ എനിക്ക് മനസ്സിലാക്കാൻ സാധിച്ചത് പിന്നീട് അവർ ഈ കാര്യത്തിൽ അനുവർത്തിക്കുന്ന നയത്തെ സംബന്ധിച്ച് ഈ ഗവണ്മെൻറിന് അവർക്ക് ഒരു ഉപദേശം കൊടുക്കുവാനുള്ള അധികാരം ഒന്നും ഇല്ലെന്നാണ്. നമുക്ക് ഈ കാര്യത്തിൽ ആവശ്യമെന്നു തോന്നുന്ന ഒരു ഉപദേശം അവർക്ക് കൊടുക്കുന്നതിനുള്ള സൗകര്യം ഇല്ലെന്നു തന്നെയല്ല, ഈ വക കാര്യങ്ങൾ നടത്തുന്നതിനുള്ള അധികാരം റിസർവ്വ് ബാങ്കിൽ ഇരിക്കുന്നിടത്തോളംകാലം നാം അവരുടെ നിയന്ത്രണത്തിന് വിധേയരായിരിക്കുകയും ചെയ്യും. ഇതിന് എന്താണ് ഒരു പരിഹാരം? നമ്മുടെ ഭരണഘടനയിലെ സാമ്പത്തികനിബന്ധനകളെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി നിയമിച്ച നളിനി രഞ്ജൻ സർക്കാർ കമ്മിററി നമുക്ക് ഈ കാര്യത്തിൽ ഒരു ഉപദേശം തരുന്നുണ്ട്. റിസർവ്വ്ബാങ്ക് തൃപ്തികരമായി നടത്തുന്നുണ്ടെന്നാണ് അവരുടെയും അഭിപ്രായമെങ്കിലും ഒരു ലോൺ കൗൺസിൽ രൂപീകരിച്ച് ആ കൗൺസിൽ വഴി ഈ വക കാര്യങ്ങൾ നടത്തുവാൻ സാധിക്കുമെന്നവർ പറയുന്നു. റിസർവ്വ്ബാങ്കിന്റെ നിയന്ത്രണത്തിൽനിന്ന് മോചനം കിട്ടുവാനുള്ള ഏകമാർഗ്ഗം നിശ്ചയമായും ഈ വക കാര്യങ്ങൾ നടത്തുന്നതിന് ഒരു ലോൺ കൗൺസിൽ രൂപീകരിക്കുന്നതായിരിക്കും എന്നാണ് എനിക്കു തോന്നുന്നത്. ഈ വക കാര്യങ്ങൾ റിസർവ്വ്ബാങ്കിനോട് കൺസൽട്ട് ചെയ്യേണ്ട എന്നല്ല ഞാൻ പറയുന്നത്. ഇപ്പോൾ കടമെടുക്കുന്നതിനെക്കുറിച്ചുള്ള ഉപദേശം മാത്രമാണ് അവർ തരുന്നത് എങ്കിലും, ഉപദേശത്തിനുതന്നെ നിയന്ത്രണസ്വഭാവമുണ്ടാകാവുന്നതാണ്. അവരുടെ ഉപദേശം അവരുടെ നയം നടപ്പിൽവരുത്തുന്നതിനനുഗുണമായിട്ടാകാനെന്താണ് വിരോധം? അതുകൊണ്ട് റിസർവ്വ്ബാങ്കിന്റെ ഉപദേശത്തിന് അപ്പുറം നാമെന്തെങ്കിലും കരുതണം. അവിടെയാണ് നളിനി രഞ്ജൻ സർക്കാർ കമ്മിററിയുടെ നിർദ്ദേശം നമുക്ക് സ്വീകാര്യമാകുന്നത്. കമ്മിഷൻ അഭിപ്രായപ്പെട്ടിട്ടുള്ളതുപോലെ ലോൺകൗൺസിലോ മിനിസ്റ്റീരിയൽകൗൺസിലോ ഉണ്ടാക്കുന്നതിനും ഈ അധികാരങ്ങളെല്ലാം ആ കൗൺസിലിന് കൊടുക്കുന്നതിനുമാണ് നാം നോക്കേണ്ടത്. ഇങ്ങനെ ഒരു കൗൺസിൽ ഉണ്ടാക്കിയാൽ മാത്രമേ റിസർവ്വ്ബാങ്കിന്റെ കത്രികയിൽനിന്നും നമുക്ക് പിൻമാറുവാൻ കഴികയുള്ളു. സ്റ്റേററുകൾ ലോൺ എടുക്കുന്നതിനെ സംബന്ധിച്ചുള്ള വകുപ്പിനെപ്പററി കോൺസ്റ്റിററ്യുവൻറ് അസംബ്ലിയിൽ ചർച്ച നടന്ന അവസരത്തിൽ ചില കാര്യങ്ങൾ പറയുകയുണ്ടായി. ൧൯൩൫-ലെ ആക്ട് പ്രകാരം പ്രൊവിൻസുകൾക്ക് ഈ വിധത്തിലുള്ള കടമെടുക്കുവാനുള്ള അവകാശം ഉണ്ടായിരുന്നു. അന്ന് പ്രൊവിൻസുകളിൽ കോൺഗ്രസ്സ്

